33rd Year of Service 2025

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

January 31, 2025 | Vol. XXXIII No. 05 | Periodicals Postage Paid

4 തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കും
7 ചെനാബ് പാലത്തിലൂടെ വന്ദേഭാരത്
13 സീനിയർ പാസ്റ്റേഴ്സിനെ ആദരിച്ചു
20 എക്കോ ഹ്യൂമാനിറ്റേറിയൻ അവാർഡ് സമ്മാനിച്ചു
21 ടോറന്റോ സോഷ്യൽ ക്ലബിന് പുതിയ നേതൃത്വം


## ഡോ. ബാബു സ്റ്റീഫൻ ചെയർമാൻ

ജെയിംസ് കൂടൽ


ന്യൂയോർക്ക്: ജൂലൈ 25 മുതൽ മൂന്നു ദിവസം തായ്‌ലൻഡിൽ നടത്തുന്ന വേൾഡ് മലയാളി കൗൺസിലിന്റെ പതിനാലാമത് ദ്വിവത്സര സമ്മേളനത്തിന്റെ സംഘാടക സമിതി ചെയർമാനായി ഡോ. ബാബു സ്റ്റീഫനെ (യുഎസ്എ) തെരഞ്ഞെടുത്തു. അമേരിക്കയിലെ മലയാളി സംഘടനയായ ഫൊക്കാനയുടെ മുൻ പ്രസിഡണ്ടായ ബാബു സ്റ്റീഫൻ ഇപ്പോൾ വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ ബിസിനസ് ഫോറം ചെയർമാനായി പ്രവർത്തിക്കുകയാണ്. അജോയ് കല്ലൻകുന്നിൽ (തായ്‌ലൻഡ്) ജനറൽ കൺവീനർ, സുരേന്ദ്രൻ കണ്ണാട്ട് (ഹൈദരാബാദ്) വൈസ് ചെയർമാൻ എന്നിവരാണ് മറ്റു പ്രധാന സംഘാടക സമിതി ഭാരവാഹികൾ.



ഡോ. ബാബു സ്റ്റീഫൻ (ചെയർമാൻ)



സുരേന്ദ്രൻ കണ്ണാട്ട് (വൈസ് ചെയർമാൻ)



അജോയ് കല്ലൻകുന്നിൽ (ജനറൽ കൺവീനർ)

1995-ൽ അമേരിക്കയിലെ ന്യൂജേഴ്സിയിൽ ടി.എൻ. ശേഷൻ, കെ.പി.പി. നമ്പ്യാർ, ഡോ. ബാബു പോൾ, ഡോ. ടി.ജി.എസ്. സുദർശൻ തുടങ്ങിയ പ്രഗത്ഭമതികൾ ആരംഭിച്ച പ്രവാസി മലയാളികളുടെ ഈ ആഗോള പ്രസ്ഥാനം ഇന്ന് അമ്പതിലേറെ രാജ്യങ്ങളിൽ ശാഖകൾ ഉള്ള ഏറ്റവും വലിയ ആഗോള മലയാളി പ്രസ്ഥാനമായി മാറി.

വേൾഡ് മലയാളി കൗൺസിൽ ചെയർപേഴ്സൺ തങ്കമണി ദിവാകരന്റെ അദ്ധ്യക്ഷതയിൽ കൂടിയ

(ശേഷം 30-ാം പേജിൽ)

## എംടിക്ക് പത്മവിഭൂഷൺ

### ഡോ. ജോസ് ചാക്കോ പെരിയപ്പുറം, പി.ആർ. ശ്രീജേഷ്, ശോഭന എന്നിവർക്ക് പത്മഭൂഷൺ

ന്യൂഡൽഹി: അന്തരിച്ച വിഖ്യാത മലയാള എഴുത്തുകാരൻ എം.ടി. വാസുദേവൻനായർക്ക് പദ്മവിഭൂഷൺ നല്കി ഇന്ത്യയുടെ ആദരം. മരണാനന്തര ബഹുമതിയായാണ് എംടിക്ക് പദ്മവിഭൂഷൺ നല്കിയത്. ഒളിമ്പ്യൻ പി.ആർ. ശ്രീജേഷിനും ഹൃദയ ശസ്ത്രക്രിയാ വിദഗ്ധൻ ഡോ. ജോസ് ചാക്കോ പെരിയപ്പുറത്തിനും നടി ശോഭനയ്ക്കും പദ്മഭൂഷൺ ലഭിച്ചു. ഇന്ത്യയാകെ ഏഴുപേർ പദ്മവിഭൂഷണും 19 പേർക്ക് പദ്മഭൂഷണും 113 പേർക്ക് പദ്മശ്രീയും ലഭിച്ചു.

2005-ൽ എംടിക്ക് പദ്മഭൂഷൺ ലഭിച്ചിരുന്നു. ഫുട്ബോൾ താരം ഐ.എം. വിജയൻ, സംഗീതജ്ഞ ഡോ. കെ. ഓമനക്കുട്ടി, മൃദംഗവിദ്വാൻ ഗുരുവായൂർ ദൊരൈ എന്നീ മലയാളികൾക്ക് പദ്മശ്രീ ലഭിച്ചു. നടി ശോഭനയ്ക്കും ഗുരുവായൂർ ദൊരൈക്കും തമിഴ്നാടിന്റെ പട്ടികയിലാണ് അവാർഡ് ലഭിച്ചത്.



ദുവ്വൂർ നാഗേശ്വര റെഡ്ഡി (വൈദ്യം -തെലങ്കാന),

(ശേഷം 7-ാം പേജിൽ)






## റാണയെ ഇന്ത്യക്ക് കൈമാറും

വാഷിംങ്ടൺ: മുംബൈ ഭീകരാക്രമണത്തിൽ നിർണായക ചരടുവലികൾ നടത്തിയ പാക് വംശജനായ കനേഡിയൻ പൗരൻ തഹാവൂർ ഹുസൈൻ റാണയെ ഇന്ത്യക്ക് വിട്ടുനല്കാൻ യുഎസ് സുപ്രീംകോടതിയുടെ അനുമതി.

നാടുകടത്തുന്നതിനുള്ള കീഴ്ക്കോടതി ഉത്തരവിനെതിരെ റാണ നല്കിയ അപ്പീൽ യുഎസ് സുപ്രീം കോടതി തള്ളുകയായിരുന്നു. ഇന്ത്യയെ നടുക്കിയ ഭീകരാക്രമണക്കേസിലെ



പ്രതിയെ രാജ്യത്തിലെ നിയമത്തിനു മുന്നിലെത്തിക്കാനുള്ള അവസരത്തിനൊപ്പം പാകിസ്ഥാൻ രഹസ്യാന്വേഷണ വിഭാഗത്തിന്റെ പങ്കാളിത്തം സംബന്ധിച്ച കൂടുതൽ വിവരങ്ങളും റാണയെ ചോദ്യം ചെയ്യുന്നതിലൂടെ വ്യക്തമാകുമെന്നാണ് കരുതുന്നത്.

കുറ്റവാളികളെ കൈമാറുന്നതിന് ഇന്ത്യയും യുഎസും തമ്മിലുള്ള ഉടമ്പടിപ്രകാരമാണ് റാണയെ കൈമാറ്റം ചെയ്യുന്നത്. ഇന്ത്യക്ക് കൈമാറുന്നതിനുള്ള

(ശേഷം 30-ാം പേജിൽ)



ചിക്കാഗോയിൽ മലയാളി അസോസിയേഷൻ ഓഫ് റെസ്പിറേറ്ററി കെയറിന്റെ (MARC) കുടുംബസംഗമം കുക്ക് കൗണ്ടി ഹെൽത്ത് സിസ്റ്റം നേഴ്സിംഗ് ഇന്നോവേഷൻ ആൻഡ് റിസർച്ച് സെന്റർ സീനിയർ ഡയറക്ടർ ഡോ. സിമി ജെസ്റ്റോ ജോസഫ് ഉദ്ഘാടനം ചെയ്തപ്പോൾ. പ്രസിഡണ്ട് ജോർജ് മത്തായിയും ഭാരവാഹികളും സമീപം.

**nella CONSULTING**

ACCOUNTING | TAX | CONSULTING

TAX



# FOR ALL YOUR PERSONAL AND BUSINESS TAX SERVICES



**TOMY NELLAMATTAM, E.A.**
Enrolled to Practice Before IRS

Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)

*FREE ELECTRONIC FILING*
*FULL TIME IN ACCOUNTING & TAX SERVICES*

Partner
**ALVIN NELLA, CPA, MBA**



Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

## Trusted Representation
## Achieves Aggressive Financial Results

- ★Over $ 50M Recovered and Collected For Our Clients
- ★Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★Free Confidential Consultation On All Matters Home Visits Available
- ★Personal Injuries-Wrongful Death - Work Injuries

Your call is Always Welcome

# Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603

312-855-0511

Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

**Fee Discounts Available To Malayalee Clients On Specific Cases**

BBB A+ Rating Better Business Bureau

AV PREEMINENT® Peer Rated for Highest Level of Professional Excellence 2018


MEDICARE PLANS
QUESTIONS ANSWERED
• ZERO PREMIUM PPO PLANS
• PRESCRIPTION DRUG BENEFIT
• DENTAL, VISION & HEARING
• WORLD WIDE COVERAGE
• FREE GYM MEMBERSHIP
• SUPPLEMENT BENEFITS
CONTACT
Raj Surendran, MBA
Senior Medicare Specialist
708-945-3985
www.questwealthgroup.com
rsurendran007@gmail.com


Financial Service Professionals
Renji Thomas (Manalel)
(973) 525-0038
Email:renjimanalel@yahoo.com
Tinu Kuriakose (Kannarathil)
630-346-9477
tinukuriakosel@gmail.com
Retirement Planning
401K/403(b) Roll Over
IRA/Roth IRA/ Annuities
Term/Indexed Universal Life Insurances with Living Benefits
College Education Savings Plan
Will & Trust
Final Expenses Insurance
SEP IRA
Long Term Care Solutions
For Free Finacial Services and Information


JAIBU MATHEW KULANGARA & ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
Free Electronic Filing

# 1995-ലെ വഖഫ് നിയമം ഭേദഗതി ചെയ്യണം: മുനമ്പം ഗ്രാമവാസികൾ

കൊച്ചി: 2013-ൽ ഭേദഗതി വരുത്തിയ 1995-ലെ വഖഫ് നിയമം മൂലം ഗുരുതരമായ അനീതി നേരിടുകയാണെന്നു വ്യക്തമാക്കിയും പ്രശ്നപരിഹാരത്തിന് രാഷ്ട്രീയപ്പാർട്ടികളുടെ പിന്തുണ തേടിയും ജനപ്രതിനിധികൾക്ക് മുനമ്പം ഗ്രാമവാസികളുടെ തുറന്ന കത്ത്.

വഖഫ് നിയമത്തിലെ പഴുതുകൾ മുതലെടുത്താണു മുനമ്പത്തെ ഭൂമി അന്യായമായി അവകാശപ്പെടാൻ വഖഫ് ബോർഡ് തയാറായത്. ഫാറൂഖ് കോളജിന് സിദ്ദിഖ് സേട്ടു എഴുതിക്കൊടുത്ത 1950-ലെ രേഖയിൽ വഖഫ് എന്ന പദം കണ്ടതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ഭൂമി വഖഫ് സ്വത്തായി ബോർഡ് പ്രഖ്യാപിച്ചത്.

വഖഫ് എന്ന ആശയത്തിനുതന്നെ നിരക്കാത്ത രണ്ടു വ്യവസ്ഥകൾ ആ രേഖയിലുള്ളത് ബോർഡ് കണ്ടില്ലെന്നു നടിച്ചു. വസ്തുവിൽപ്പനയെ അനുകൂലിക്കുന്ന വാചകവും ചില പ്രത്യേക സാഹചര്യമുണ്ടായാൽ വസ്തു തന്റെ കുടുംബത്തിലേക്കു തിരികെയെത്തണമെന്ന വ്യവസ്ഥയും ആ രേഖ വഖഫ് അല്ലെന്നതിന്റെ വ്യക്തമായ തെളിവുകളാണെന്നും കത്തിൽ പറയുന്നു.

വഖഫ് നിയമത്തിന്റെ 40 (1) സെക്ഷനാണു മുഖ്യപ്രശ്നം. ശരിയായ അന്വേഷണമോ അറിയിപ്പോ ഇല്ലാതെ വഖഫ് ബോർഡ് ഏകപക്ഷീയമായി മുനമ്പം ഭൂമി വഖഫ് സ്വത്തായി പ്രഖ്യാപിച്ചു.

വഖഫ് ഭേദഗതി ബിൽ 2024-ൽ പൗരന്മാർക്കു പ്രയോജനകരമായ കാര്യങ്ങളുണ്ട്. ഏതു വ്യക്തിക്കും വഖഫ് ചെയ്യാമെന്ന് 2013-ൽ കൂട്ടിച്ചേർത്ത ഭേദഗതി സെക്ഷൻ 3(ആർ) ൽ നിന്ന് എടുത്തുകളയാനുള്ള നിർദേശം മറ്റു മതസ്ഥർക്കു സംരക്ഷണം ഉറപ്പാക്കുന്ന ഒന്നാണ്.

പുതിയ ഉപവകുപ്പ് 36(10) വഖഫ് ബോർഡിന്റെ ഏകപക്ഷീയമായ പ്രഖ്യാപനങ്ങളുടെ സാധ്യതയെ തടയും. സെക്ഷൻ 83(9)-ന്റെ ഭേദഗതി, ട്രൈബ്യൂണലിന്റെ ഉത്തരവ് ലഭിച്ച് 90 ദിവസത്തിനുള്ളിൽ ഹൈക്കോടതിയിൽ അപ്പീൽ നൽകാൻ അനുവദിക്കുന്നു. ഇത് മേൽക്കോടതിയുടെ ഫലപ്രദവും സത്വരവുമായ ഇടപെടൽ സാധ്യമാക്കുന്നുവെന്നും കത്തിൽ പറയുന്നുണ്ട്.

# സംവിധായകൻ ഷാഫി അന്തരിച്ചു



കൊച്ചി: കല്യാണരാമൻ, മായാവി, ടു കൺട്രീസ് തുടങ്ങിയ ചിരിച്ചിത്രങ്ങളിലൂടെ മലയാള സിനിമയിലെ ഹിറ്റ്മേക്കറായ സംവിധായകൻ ഷാഫി (56) അന്തരിച്ചു. ആന്തരിക രക്തസ്രാവത്തെത്തുടർന്ന് കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ജനുവരി 26-ന് ഞായറാഴ്ച പുലർച്ചെ 12.25-നായിരുന്നു അന്ത്യം. ഭാര്യ: ഷാമില. മക്കൾ: അലീമ, സൽമ. സഹോദരങ്ങൾ: സംവിധായകനും തിരക്കഥാകൃത്തുമായ റാഫി, റസുമ. തൊമ്മനും മക്കളും, പുലിവാൽ കല്യാണം, മേരിക്കുണ്ടൊരു കുഞ്ഞാട്, ചോക്ലേറ്റ്, മേക്കപ്പ് മാൻ, ചട്ടമ്പിനാട് തുടങ്ങി ബോക്സ് ഓഫീസിൽ പണക്കിലുക്കവും പ്രേക്ഷകരിൽ ചിരിക്കിലുക്കവും സൃഷ്ടിച്ച ചിത്രങ്ങളുടെ പരമ്പരയാണ് ഷാഫി സമ്മാനിച്ചത്. രാജസേനന്റെ സഹായിയായി സിനിമയിലെത്തിയ ഷാഫിയുടെ ആദ്യ ചിത്രം വൺമാൻഷോയാണ്.

മൃതദേഹം ഇടപ്പള്ളി ബിടിഎസ് റോഡിലെ വീട്ടിലെത്തിച്ചു. 26-ന് രാവിലെ ഒൻപത് മുതൽ 12 വരെ മണപ്പാട്ടിപ്പറമ്പ് കൊച്ചിൻ സർവീസ് സഹകരണബാങ്ക് ഓഡിറ്റോറിയത്തിൽ പൊതുദർശനത്തിന് വെച്ചു. വൈകിട്ട് നാലിന് കലൂർ മുസ്‌ലിം ജമാഅത്ത് മസ്ജിദ് ഖബർസ്താനിൽ ഖബറടക്കി. എളമക്കര മൂത്തോട്ടത്ത് എം.പി. ഹംസയുടെയും നബീസയുടെയും മകനാണ് ഷാഫി എന്ന എം. എച്ച്. റഷീദ്. ബന്ധുവായ സംവിധായകൻ സിദ്ദിഖിന്റെയും സഹോദരൻ റാഫിയുടെയും പാതയിലൂടെയാണ് സിനിമയിലേക്ക് കടന്നുവന്നത്. സംവിധാനം ചെയ്ത 17 സിനിമകളിൽ ഏറെയും വമ്പൻ ഹിറ്റുകളായിരുന്നു.

# യുവജനങ്ങളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കും: രാഷ്ട്രപതി

ന്യൂഡൽഹി: സാമ്പത്തിക വളർച്ച രാജ്യത്തെ യുവജനങ്ങളുടെ തൊഴിലവസരങ്ങൾ ഉയർത്തുമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു, ശക്തമായ, ദീർഘവീക്ഷണത്തോടു കൂടിയ സാമ്പത്തിക പുരോഗതിയാണ് സമ്പദ് ഘടനയുടെ വളർച്ചയ്ക്കു കാരണം.

സമീപവർഷങ്ങളിൽ വളർച്ച സുസ്ഥിരമായി നിലനിൽക്കുമെന്നും എഴുപത്തിയാറാമത് റിപ്പബ്ലിക് ദിനത്തിന്റെ തലേന്ന് രാഷ്ട്രത്തെ അഭിസംബോധന ചെയ്ത് രാഷ്ട്രപതി പറഞ്ഞു.

റോഡ്, റെയിൽ, തുറമുഖം ഉൾപ്പെടെ അടിസ്ഥാന സൗകര്യ മേഖലയിൽ നടത്തിയ നിക്ഷേപങ്ങൾ അടുത്ത ദശകത്തിൽ രാജ്യത്തിന്റെ ദ്രുതഗതിയിലുള്ള വളർച്ചയ്ക്ക് അടിസ്ഥാനമാകും. ഭരണഘടനയുടെയും ഇന്ത്യയുടെ സമ്പന്നമായ നാഗരിക പൈതൃകത്തിന്റെയും പ്രാധാന്യവും എടുത്തുപറഞ്ഞായിരുന്നു രാഷ്ട്രപതിയുടെ പ്രസംഗം.

ഇന്ത്യക്കാർ എന്ന നിലയിൽ നമ്മുടെ കൂട്ടായ സ്വത്വത്തിന്റെ ആത്യന്തിക അടിത്തറയാണ് ഭരണഘടന. ഒരു കുടുംബമെന്ന നിലയിൽ അതു നമ്മളെ ബന്ധിപ്പിക്കുന്നു. ലോകത്തിലെ ഏറ്റവും പഴക്കമുള്ള നാഗരികതകളിൽ ഒന്നാണ് ഉവ്ത്യയുടേത്. അറിവിന്റെയും ജ്ഞാനത്തിന്റെയും ഉറവിടമായിരുന്ന ഇന്ത്യ ഒരു കാലത്ത് ലോകം മുഴുവൻ അറിയപ്പെട്ടിരുന്നു: രാഷ്ട്രപതി പറഞ്ഞു. പല ഘട്ടങ്ങളിലായി രാജ്യത്തു നടക്കുന്ന തെരഞ്ഞെടുപ്പിനു പകരമായി ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പിനായി പാർലമെന്റിൽ ബിൽ അവതരിപ്പിച്ചതും ദ്രൗപതി എടുത്തു പറഞ്ഞു.



റിപ്പബ്ലിക് ദിനാഘോഷത്തിൽ മുഖ്യാതിഥിയായി പങ്കെടുത്ത ഇന്തോനേഷ്യൻ പ്രസിഡണ്ട് പ്രബോവോ സുബിയാന്റോ രാഷ്ട്രപതി ദ്രൗപതി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി എന്നിവർക്കൊപ്പം.

# ഏകീകൃത പെൻഷൻ പദ്ധതി: കേന്ദ്രം വിജ്ഞാപനമിറക്കി

ന്യൂഡൽഹി: കേന്ദ്ര ജീവനക്കാർക്കുള്ള പുതിയ പങ്കാളിത്ത പെൻഷൻ പദ്ധതിയായ യൂണിഫൈഡ് പെൻഷൻ സ്കീം (ഏകീകൃത പെൻഷൻ പദ്ധതി - യുപിഎസ്) ഏപ്രിൽ ഒന്നിനു പ്രാബല്യത്തിലാകും.

ജീവനക്കാരുടെ നിർദേശങ്ങൾകൂടി പരിഗണിച്ച് നിലവിലുള്ള നാഷണൽ പെൻഷൻ സിസ്റ്റം (എൻപിഎസ്) പരിഷ്കരിച്ചതാണ് യുപിഎസ്. പ്രതിമാസം നിശ്ചിത തുക പെൻഷനായി ഉറപ്പാക്കുന്ന പദ്ധതി സംബന്ധിച്ച വിജ്ഞാപനമിറക്കി.

2004 ജനുവരി ഒന്ന് മുതൽ കേന്ദ്ര സർവീസിൽ പ്രവേശിച്ചവർക്കു യുപിഎസിൽ ചേരുകയോ അല്ലെങ്കിൽ എൻപിഎസിൽ തുടരുകയോ ചെയ്യാം. ഒരു തവണ യുപിഎസിലേക്കു മാറിയാൽ പിന്നീടു തിരിച്ചുപോകാനാകില്ല.

ജീവനക്കാർ വേതനത്തിന്റെ (അടിസ്ഥാന ശമ്പളം + ഡിഎ) 10 ശതമാനവും സർക്കാർ 18.5 ശതമാനവുമാണ് വിഹിതമായി പ്രതിമാസം നൽകുന്നത്. എൻപിഎസിൽ സർക്കാർ വിഹിതം 14 ശതമാനം മാത്രമായിരുന്നു.

വിരമിക്കുന്നതിനു തൊട്ടുമുൻപുള്ള 12 മാസത്തെ ശരാശരി അടിസ്ഥാന ശമ്പളത്തിന്റെ 50 ശതമാനംവരെ പെൻഷൻ ഉറപ്പാക്കും. പൂർണ പെൻഷന് 25 വർഷം സർവീസ് വേണം. 10-നും 25-നും ഇടയ്ക്കു വർഷം സർവീസുള്ളവരുടെ പെൻഷൻ ഇതേ മാനദണ്ഡങ്ങൾവെച്ച് ആനുപാതികമായി (പ്രോ-റേറ്റ) കണക്കാക്കും. 10 വർഷം സർവീസുള്ളവർക്ക് മിനിമം 10,000 രൂപ പെൻഷൻ ലഭിക്കും. 10 വർഷത്തിൽ താഴെയുള്ളവർക്കു പെൻഷൻ ലഭിക്കില്ല. പെൻഷനൊപ്പം ക്ഷാമാശ്വാസവും (ഡിയർനെസ് റിലീഫ്) ലഭിക്കുമെന്നതിനാൽ വിലക്കയറ്റത്തിന്റെ ഭാരം ബാധിക്കില്ലെന്നു കേന്ദ്രം സൂചിപ്പിച്ചു.

ഉദാഹരണത്തിന് 25 വർഷം സർവീസുള്ള വ്യക്തിക്ക് വിരമിക്കുന്ന സമയത്ത് 45,000 രൂപ പ്രതിമാസവേതനമുണ്ടെങ്കിൽ (അടിസ്ഥാന ശമ്പളം + ഡിഎ) പകുതിയായ 22,500 രൂപയും അതതു സമയത്തെ ക്ഷാമാശ്വാസവും ലഭിക്കാം.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIII
Number 05
January 31, 2025

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Cir2culation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

## മഹദ്‌വചനം

എല്ലാ നന്മകളുടെയും അടിസ്ഥാനശില സ്വയമുള്ള ബഹുമാനമാണ്.

**ജോൺ ഹെർസ്ചൽ**

സത്യസന്ധരായ മനുഷ്യരെ സംബന്ധിച്ച് തൊണ്ണൂറ്റി ഒൻപത് ശതമാനം പേരും സത്യസന്ധരാണ്.

**ഗാന്ധിജി**


Law Office of
Sovmya George
IMMMIGRATION LAW FIRM
SERVICES:
Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.
"We Handle Cases
All Across the USA!"
-Sovmya George, Esq.
Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com
Read our stellar reviews


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want
to wish you a Happy New Year
Fast and
EFFICIENT
Quality
REPAIR
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# കോവിഡ്കാലത്തെ വൻ അഴിമതി

കോവിഡ്കാലത്ത് പിപിഇ കിറ്റും മരുന്നുകളും വാങ്ങിയതിൽ വൻ ക്രമക്കേടു നടന്നതായി സ്ഥിരീകരിച്ച് കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ (സിഎജി) റിപ്പോർട്ട് നിയമസഭയിൽ അവതരിപ്പിച്ചു. രോഗികളുടെ ജീവൻ അപകടത്തിലാക്കുംവിധം കാലാവധി കഴിഞ്ഞ മരുന്നുകൾ സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്തെന്ന റിപ്പോർട്ടിലെ വിമർശനവും അതീവഗൗരവമുള്ളതാണ്. കോവിഡിന്റെ അടിയന്തരസാഹചര്യത്തിന്റെ പിന്നാമ്പുറത്ത് കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ (കെഎംഎസ്‌സിഎൽ) വഴി നടന്ന കോടികളുടെ ഞെട്ടിക്കുന്ന ക്രമക്കേട് പുറത്തുകൊണ്ടുവന്നപ്പോൾ അതിനെ പൂർണമായും തള്ളുകയാണ് സർക്കാർ ചെയ്തത്. രേഖകളുടെ അടിസ്ഥാനത്തിൽ തുടർച്ചയായി പുറത്തുവന്ന വിവരങ്ങൾ പിന്നീട് മാധ്യമങ്ങളും പ്രതിപക്ഷവും ഏറ്റെടുത്തപ്പോഴും സർക്കാർ അനങ്ങിയില്ല. 2016-17 മുതൽ 2021-22 വരെയുള്ള കാലയളവിൽ ആരോഗ്യവകുപ്പിൽ നടത്തിയ പരിശോധനകളുടെ അന്തിമ റിപ്പോർട്ടാണ് നിയമസഭയിൽ വെച്ചത്. വിവരങ്ങൾ മറച്ചുവെച്ച് ക്രമക്കേടിനെ ന്യായീകരിക്കാനും ആരോഗ്യവകുപ്പ് ശ്രമിച്ചെന്നു റിപ്പോർട്ട് വ്യക്തമാക്കുന്നു.

വിപണിയിൽ ലഭ്യമായതിനെക്കാൾ മൂന്നിരട്ടി വിലയ്ക്ക് കോവിഡ്കാലത്ത് പിപിഇ കിറ്റുകൾ വാങ്ങിയെന്ന ആരോപണം ശരിവെയ്ക്കുന്നതാണ് ഓഡിറ്റ് റിപ്പോർട്ട്. 2020 മാർച്ചുമുതൽ മെയ്‌വരെ വിപണിവിലയെക്കാൾ 300 ശതമാനം അധികനിരക്കിൽ പിപിഇ കിറ്റ് വാങ്ങിയതുവഴി സർക്കാരിന് 10.23 കോടി രൂപ അധികച്ചെലവുണ്ടായി. ജനങ്ങളുടെ നികുതിപ്പണമാണ് കോവിഡിന്റെ പേരിൽ കൊള്ളയടിക്കപ്പെട്ടത്. ഇതു സംബന്ധിച്ച കേസ് ഇപ്പോൾ ലോകായുക്തയുടെ പരിഗണനയിലാണ്. കോവിഡ് സമയത്ത് പിപിഇ കിറ്റ്, മാസ്ക്, ഗ്ലൗസ്, തെർമോമീറ്റർ, ഫെയ്സ് ഷീൽഡ്, എയർ കണ്ടീഷണർ, റഫ്രിജറേറ്റർ, വെന്റിലേറ്റർ എന്നിവ വാങ്ങിയതിൽ 700 കോടി രൂപയുടെ അഴിമതി നടന്നുവെന്നാണു ലോകായുക്തയിലെ കേസ്.

മഹാരാഷ്ട്രയിലെ സ്വകാര്യകമ്പനിയിൽനിന്ന് മൂന്നിരട്ടിവിലയ്ക്ക് പിപിഇ കിറ്റ് വാങ്ങിയതിൽ അഴിമതിയാരോപിച്ച് നേരത്തേ പ്രതിപക്ഷം മുൻമന്ത്രി കെ.കെ. ശൈലജയ്ക്കും മുഖ്യമന്ത്രി പിണറായി വിജയനും എതിരേ രംഗത്തുവന്നിരുന്നു. ഇതുസംബന്ധിച്ച കേസ് ഇപ്പോൾ ലോകായുക്തയുടെ പരിഗണനയിലാണ്. കോവിഡ്കാല ആവശ്യം കണക്കിലെടുത്ത് പിപിഇ കിറ്റും മാസ്കും മറ്റും വാങ്ങുന്നതിന് സംസ്ഥാന മെഡിക്കൽ സർവീസസ് കോർപ്പറേഷന് ടെൻഡർ വ്യവസ്ഥകളിൽ ഇളവുനൽകിയിരുന്നു. ഇതാണ് മുതലെടുത്തത്. പിപിഇ കിറ്റ് യൂണിറ്റിന് 545 രൂപയാണ് സർക്കാർ വില നിശ്ചയിച്ചിരുന്നത്. ഈ നിരക്കിലോ അല്പം കൂടിയോ കിറ്റ് നൽകാൻ മൂന്ന് സ്ഥിരംവിതരണക്കാർ തയ്യാറായിരുന്നു. അവരെ തള്ളിയാണ് ഇടപാട് നടത്തിയത്.

അനിത ടെക്സ് കോട്ട് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് 550 രൂപയ്ക്കാണ് കിറ്റ് വാഗ്ദാനംചെയ്തത്. അവരിൽനിന്ന് 25,000 കിറ്റ് വാങ്ങാമെന്ന് പറഞ്ഞെങ്കിലും 10,000 എണ്ണത്തിനുമാത്രമേ പർച്ചേസ് ഓർഡർ നൽകിയുള്ളൂ. അതേസമയം 800 മുതൽ 1550 രൂപവരെ ഉയർന്ന വിലയുള്ള കമ്പനികളിൽനിന്ന് 15,000 മുതൽ രണ്ടുലക്ഷംവരെ കിറ്റ് വാങ്ങാൻ തീരുമാനിച്ചെന്നും ഓഡിറ്റ് റിപ്പോർട്ട് പറയുന്നു.

സാൻഫാർമയ്ക്ക് ഉത്തരവ് ലംഘിച്ച് 2.32 കോടി മുൻകൂർ നൽകിയെന്ന് സിഎജിയുടെ കണ്ടെത്തൽ. 15,000 കിറ്റുകൾ വാങ്ങാൻ മുഴുവൻ തുകയും 2020 മേയിൽ കൈമാറി. 50,000 കിറ്റിനാണ് ഓർഡർ നൽകിയതെന്നും അതിന്റെ 29 ശതമാനം മാത്രമാണ് മുൻകൂർ കൊടുത്തതെന്നുമായിരുന്നു സർക്കാർ വാദം. ഇത് ഓഡിറ്റ് വിഭാഗം തള്ളി.

സിഎജി റിപ്പോർട്ടിൽ സർക്കാരാണു മറുപടി നൽകേണ്ടതെന്നും ലോകായുക്തയിൽ പരാതി ലഭിച്ചപ്പോൾതന്നെ മുഖ്യമന്ത്രി വ്യക്തമായ മറുപടി നൽകിയിട്ടുണ്ടെന്നുമാണ് അന്നത്തെ ആരോഗ്യമന്ത്രി കെ.കെ. ശൈലജ പറയുന്നത്. പിപിഇ കിറ്റിനു വില വർധിച്ച സാഹചര്യത്തിൽ ഉയർന്ന തുക നൽകി കിറ്റ് വാങ്ങേണ്ടിവന്നിട്ടുണ്ടെന്ന് അതിലാഘവത്തോടെ സമ്മതിക്കുന്നുമുണ്ട്. കോവിഡ് മുൻനിര പോരാളികളെ സംരക്ഷിക്കുക എന്നതു മാത്രമായിരുന്നു അന്നത്തെ ലക്ഷ്യമെന്നുള്ള മുൻ ആരോഗ്യമന്ത്രിയുടെ കൈകഴുകലുകൊണ്ട് ഈ വലിയ തട്ടിപ്പിലെ സർക്കാർപങ്ക് മാഞ്ഞുപോകുന്നില്ല. അമിതവിലയ്ക്കു പിപിഇ കിറ്റ് വാങ്ങിയതു മുഖ്യമന്ത്രി പിണറായി വിജയൻ, അന്നത്തെ ധനമന്ത്രി തോമസ് ഐസക്, ആരോഗ്യമന്ത്രി എന്നിവരുടെ അനുമതിയോടെയാണെന്നു വ്യക്തമായിട്ടുണ്ട്.

നിയമസഭയിൽ ഉൾപ്പെടെ വിവാദമാകുകയും കെ.കെ. ശൈലജയ്ക്കെതിരെ പ്രതിപക്ഷം തിരിയുകയും ചെയ്തപ്പോൾ 'അസാധാരണ കാലത്തെ അസാധാരണ നടപടികൾ' എന്നാണ് മുഖ്യമന്ത്രി ഈ ഇടപാടിനെ വിശേഷിപ്പിച്ചിരുന്നതെന്നുകൂടി ഓർമിക്കാം. ജനങ്ങളുടെ രക്ഷയ്ക്കായി സ്വീകരിച്ച അടിയന്തര നടപടിയെ അഴിമതിയായി ചിത്രീകരിക്കുന്നുവെന്ന നിലപാടെടുത്ത മുഖ്യമന്ത്രി അന്നു നിയമസഭയിൽ ആരോഗ്യവകുപ്പിനെ ന്യായീകരിക്കുകയും ചെയ്തു. സിഎജി ചൂണ്ടിക്കാട്ടിയതുപോലെ, സാധാരണക്കാരായ രോഗികളുടെ ജീവനെടുത്തു പന്താടുന്ന അഴിമതിയാണ് നടന്നത്. അതു ന്യായീകരിക്കാനുള്ള ശ്രമത്തിലുള്ളത് ആ അഴിമതിയുടെ തുടർച്ചതന്നെയാണ്. ഗുരുതരമായ അഴിമതിക്ക് ഉത്തരവാദികളായവർക്കെതിരെ കർക്കശ നടപടിയാണുണ്ടാകേണ്ടത്.

# കർദ്ദിനാൾ മാർ ജോർജ് കൂവക്കാട്ട് മതാന്തര സംവാദ കാര്യാലയ പ്രീഫെക്ട്

വത്തിക്കാൻ സിറ്റി: ആഴമേറിയ വിശ്വാസത്തിന്റെയും സമാധാനത്തിന്റെയും വക്താക്കളായിരുന്ന കർദ്ദിനാൾ ടോറൻ, കർദ്ദിനാൾ അയുസോ എന്നിവരുടെ പിൻഗാമിയാകേണ്ടിവരുമ്പോൾ, അദ്ഭുതവും ആനന്ദവും ഒപ്പം അല്പം ആശങ്കയും കലർന്ന സമ്മിശ്രവികാരമാണ് താൻ അനുഭവിക്കുന്നതെന്ന് കർദ്ദിനാൾ മാർ ജോർജ് കൂവക്കാട്ട്. വത്തിക്കാന്റെ മതാന്തര സംവാദത്തിനുള്ള കാര്യാലയത്തിന്റെ പ്രീഫെക്ട് ആയി നിയോഗിക്കപ്പെട്ടശേഷം പറഞ്ഞു.

സമാധാനപൂർണമായ ലോകം കെട്ടിപ്പടുക്കുന്നതിൽ മതാന്തര സംവാദത്തിനുള്ള പങ്കിനെക്കുറിച്ച് അദ്ദേഹം വാചാലനായി. ജൂതമതം ഒഴികെയുള്ള മതങ്ങളുമായി സഹോദരതുല്യമായ ബന്ധം വളർത്തിയെടുക്കുന്നതിനായുള്ള കാര്യാലയമാണിത്. ക്രൈസ്തവ ഐക്യം വളർത്തിയെടുക്കാനുള്ള കാര്യാലയത്തിന്റെ കീഴിലാണ് ജൂതമതത്തെ ഉൾപ്പെടുത്തിയിട്ടുള്ളത്. ഭാരിച്ച ദൗത്യം ഏറ്റെടുക്കേണ്ടിവരുമ്പോൾ ആശങ്കയുണ്ട്. എന്നാൽ മതസൗഹാർദ്യം നിറഞ്ഞ ലോകം സ്വപ്നം കാണുന്നവരുടെ പ്രാർത്ഥനയാണ് തന്റെ ശക്തിയെന്ന് കർദ്ദിനാൾ പറഞ്ഞു. നിരവധി മതങ്ങൾ ഒന്നിച്ചു കഴിയുന്ന ചങ്ങനാശേരിയിലെ ചെത്തിപ്പുഴയിൽ ജനിച്ച തനിക്ക് വൈവിധ്യങ്ങൾ സമ്പത്താണെന്ന് നിസംശയം പറയാൻ സാധിക്കും. ഭാരതത്തിലെ മതാന്തര സംവാദം സന്യാസവുമായി ബന്ധപ്പെട്ടുള്ളതാണ്. എഡി 1500-ൽ ജെസ്യൂട്ട് വൈദികൻ ഫാ. റോബർട്ടോ ഡിനൊബിലി ഭാരതീയ മഹർഷിമാരുടെ വസ്ത്രധാരണവും ആചാരങ്ങളും സ്വീകരിക്കാനും പ്രാദേശിക സാംസ്കാരിക



മൂല്യങ്ങൾ ഉൾക്കൊള്ളാനും ശ്രമിച്ചിരുന്നു.

സ്വന്തം സ്വത്വം ഇല്ലാതാക്കണമെന്നല്ല ഇതുകൊണ്ടെല്ലാം ഉദ്ദേശിക്കുന്നത്. മറിച്ച് അന്യരോട് വിവേചനരഹിതമായി പെരുമാറുന്നതിന് സ്വത്വം തടസമാകരുത് എന്നാണ്. രണ്ടാം വത്തിക്കാൻ കൗൺസിലാണ് ഇസ്ലാം മതവുമായുള്ള സഹവർത്തിത്വത്തിലേക്ക് പുതിയൊരു പാത വെട്ടിത്തുറന്നത്.

1969-ൽ വിശുദ്ധ പോൾ ആറാമൻ തന്റെ ഉഗാണ്ടയിലേക്കുള്ള തീർത്ഥാടനവേളയിൽ, ആഫ്രിക്കയിലെ ക്രൈസ്തവ മിഷണറിമാരുടെ രക്തസാക്ഷിത്വത്തോടൊപ്പം പ്രാദേശിക ഗോത്രരാജാക്കന്മാരുടെ പീഡനമനുഭവിച്ചിട്ടുള്ള ഇസ്ലാം മതവിശ്വാസികളെയും അനുസ്മരിച്ചിരുന്നു. വിശുദ്ധ ജോൺ പോൾ രണ്ടാമൻ ഡമാസ്കസിലെ മസ്ജിദിൽ പ്രവേശിച്ചതിന്റെ ഓർമകൾ ഇപ്പോഴും മനസിൽ തങ്ങിനിൽക്കുന്നു. അതുപോലെ ബെനഡിക്ട് പതിനാറാമൻ മാർപാപ്പ ഇസ്താംബൂളിലെ ബ്ലൂ മോസ്കിൽ പ്രാർത്ഥനയർപ്പിച്ചത് 2006-ൽ ലോകം കണ്ടതാണ്.

ഫ്രാൻസിസ് മാർപാപ്പ മുൻകൈയെടുത്ത് ചെയ്യുന്ന ഒട്ടനേകം കാര്യങ്ങളും നാം കാണുന്നതാണ്. അദ്ദേഹത്തിന്റെ അന്താരാഷ്ട്ര അപ്പസ്തോലിക യാത്രകൾക്കെല്ലാം മതാന്തരമായ വിവിധ മാനങ്ങളുണ്ടാകാറുണ്ട്. ജക്കാർത്തയിലെ മസ്ജിദിനും, കത്തീഡ്രലിനും ഇടയിലുള്ള 'സൗഹൃദ തുരങ്കം' കഴിഞ്ഞ സെപ്റ്റംബറിലാണ് അദ്ദേഹം ആശീർവദിച്ചത്. സമാനമായ നിരവധി അപ്പസ്തോലിക യാത്രകൾക്ക് ചുക്കാൻ പിടിച്ച അനുഭവപരിചയം തന്റെ പുതിയ നിയോഗം വിജയിപ്പിക്കുന്നതിലും മുഖ്യപങ്ക് വഹിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

ആഗോള കത്തോലിക്കാസഭയുടെ മതാന്തര സംവാദത്തിനുവേണ്ടിയുള്ള വത്തിക്കാൻ ഡിക്കാസ്റ്ററിയുടെ പ്രീഫെക്റ്റായി കർദ്ദിനാൾ മാർ ജോർജ് കൂവക്കാട്ടിന്റെ നിയമനം മാതൃസഭയ്ക്കും ഭാരതസഭയ്ക്കും അഭിമാനമുളവാക്കുന്നതാണെന്നു സീറോമലബാർ സഭ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ ആശംസാസന്ദേശത്തിൽ പറഞ്ഞു.

# കശ്മീരിലെ തടാക സംരക്ഷണച്ചുമതല കേരള കമ്പനിക്ക്

കൊല്ലം: കശ്മീരിലെ പ്രശസ്തമായ വിനോദസഞ്ചാര കേന്ദ്രമായ ദാൽ തടാകത്തിനെ ഹൗസ്ബോട്ട് മലിനീകരണത്തിൽ നിന്ന് സംരക്ഷിക്കുന്നത് കേരളത്തിലെ കമ്പനി. തടാകത്തിന്റെ സൗന്ദര്യ സംരക്ഷണ സംരംഭത്തിന്റെ ചുമതല ആലപ്പുഴയിലെ സമുദ്ര പ്ലാന്റ് എന്ന കമ്പനിയാണ് നിർവഹിക്കുന്നത്.

അവിടുത്തെ ജലപാത വികസന അതോറിറ്റിയുമായി കൈകോർത്ത് ഹൗസ് ബോട്ടുകളിൽ നിന്ന് ദാൽ തടാകത്തിലേക്ക് മാലിന്യം തള്ളുന്നതുമായി ബന്ധപ്പെട്ട ദീർഘകാല പ്രശ്നം പരിഹരിക്കുന്ന ദൗത്യമാണ് കമ്പനി നിറവേറ്റുക. ഡിഫൻസ് റിസർച്ച് ഡവലപ്മെന്റ് ഓർഗനൈസേഷൻ (ഡിആർഡിഎ) വികസിപ്പിച്ച അത്യാധുനിക മൈക്രോ ബയൽ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ബയോ ഡയസ്റ്ററുകൾ ഉപയോഗിച്ചാണ് സമുദ്ര പ്ലാന്റ് തടാകത്തെ സംരക്ഷിച്ചുവരുന്നത്.

ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ മുൻ മേധാവി ഇ. ശ്രീധരൻ അദ്ധ്യക്ഷനായ സമിതിയാണ് മനുഷ്യ മാലിന്യങ്ങൾ വിഘടിപ്പിക്കാൻ വായു രഹിത ബാക്ടീരിയകൾ ഉപയോഗിക്കുന്ന ബയോ ഡൈജസ്റ്റുകളെ രോഗകാരികൾ അല്ലാത്തതും മണമില്ലാത്തതുമായ വെള്ളമാക്കി മാറ്റാൻ ശിപാർശ ചെയ്തതെന്ന് സമുദ്ര പ്ലാന്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. ജീവൻ സുധാകരൻ ചൂണ്ടിക്കാട്ടി.

# മയക്കുമരുന്നാണെന്ന് അറിഞ്ഞ് കൈവശം വെച്ചാലേ കുറ്റമാകൂ: സുപ്രീംകോടതി

ന്യൂഡൽഹി: മയക്കുമരുന്നാണെന്ന് അറിഞ്ഞുകൊണ്ട് കൈവശം വെച്ചാലേ കുറ്റകൃത്യമാകൂവെന്ന് ആവർത്തിച്ച് സുപ്രീംകോടതി. ഒരു വ്യക്തിയിൽനിന്ന് മയക്കുമരുന്ന് കണ്ടെടുത്തതുകൊണ്ടു മാത്രമായില്ല, അറിഞ്ഞുകൊണ്ട് ബോധ്യത്തോടെ കൈവശം വെച്ചതാണെന്ന് തെളിയിക്കാനുള്ള ബാധ്യത പ്രോസിക്യൂഷനുണ്ടെന്നും കോടതി വ്യക്തമാക്കി.

എൻഡിപിഎസ് നിയമപ്രകാരം കുറ്റം ചെയ്തില്ലെന്ന് തെളിയിക്കേണ്ട ബാധ്യത പ്രതിക്കാണ്. തീവണ്ടിയിൽ മയക്കുമരുന്നു കടത്തിയതിന് പത്തുവർഷത്തെ തടവിന് ശിക്ഷിച്ച മധ്യപ്രദേശിലെ രാകേഷ് കുമാർ രഘുവംശിയുടെ ഹർജിയിലാണ് സുപ്രീംകോടതിയുടെ നിരീക്ഷണം. പോലീസ് കണ്ടെടുത്ത പെട്ടികളുമായി ബന്ധമില്ലെന്നാണ് പ്രതി വാദിച്ചത്. എന്നാൽ ഒരു പെട്ടിക്ക് മുകളിലാണ് പ്രതി ഇരുന്നിരുന്നതെന്നും മറ്റ് രണ്ട് പെട്ടികളും ചേർന്നാണ് ഉണ്ടായിരുന്നതെന്നും പ്രോസിക്യൂഷൻ വാദിച്ചു. തൃപ്തികരമായ വിശദീകരണം നൽകാൻ പ്രതിക്ക് സാധിച്ചില്ലെന്ന് ചൂണ്ടിക്കാട്ടിയ സുപ്രീംകോടതി, അപ്പീൽ തള്ളിയ ഹൈക്കോടതി ഉത്തരവ് ശരിവെച്ചു.

# എഡിജിപി പി. വിജയന് രാഷ്ട്രപതിയുടെ പോലീസ് മെഡൽ



തിരുവനന്തപുരം: വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡലിന് കേരളത്തിൽനിന്നും എഡിജിപി പി. വിജയൻ അർഹനായി. 1999 ബാച്ചിലെ ഐപിഎസ് ഓഫീസറായ ഇദ്ദേഹം നിലവിൽ ഇന്റലിജൻസ് മേധാവിയാണ്. കേരള പോലീസിന്റെ അഭിമാന പദ്ധതിയായ സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്ന ആശയം പി. വിജയന്റേതായിരുന്നു. പിന്നീട് സർക്കാർ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയെ ഔദ്യോഗികമായി നടപ്പിലാക്കി. സംസ്ഥാനത്തെ 420-ൽപ്പരം സ്കൂളുകളിലായി 3,3000-ത്തോളം കുട്ടികൾ എസ്പിസിയുടെ ഭാഗമായി പ്രവർത്തിച്ചുവരികയാണ്. പോലീസിനെ ജനകീയമാക്കുന്ന നിരവധി പദ്ധതികളുടെ ആശയം പി. വിജയന്റേതായിരുന്നു. ശബരിമലയിലെ പുണ്യംപൂങ്കാവനം, കുട്ടികളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ ഉൾപ്പെടെ അദ്ദേഹത്തിന്റെ ആശയങ്ങളായിരുന്നു. കേരളത്തിൽ ഏറെ ചർച്ചയായ ചേലമ്പ്ര ബാങ്ക് കവർച്ച, ശബരിമല തന്ത്രി കേസ്, പ്രധാനമന്ത്രിക്കെതിരേയുള്ള ഇ-മെയിൽ ഭീഷണി കേസ് ഉൾപ്പെടെയുള്ള കേസുകളുടെ അന്വേഷണത്തിന് മേൽനോട്ടം വഹിച്ചിട്ടുണ്ട്. 2014-ൽ സിഎൻഎൻ-ഐബിഎന്നിന്റെ ഇന്ത്യൻ ഓഫ് ദി ഇയർ പുരസ്കാരം ലഭിച്ചിരുന്നു. സിവിൽ സർവീസ് ഉദ്യോഗസ്ഥയായ ഡോ. എം. ബീനയാണ് ഭാര്യ. രണ്ട് മക്കളുണ്ട്.

# ചെനാബ് പാലത്തിലൂടെ വന്ദേഭാരത്

ശ്രീനഗർ: ലോകത്തിലെ ഏറ്റവും ഉയരമേറിയ റെയിൽവേ പാലത്തിലൂടെ കുതിച്ചുപാഞ്ഞ് ചരിത്രം കുറിച്ച് വന്ദേഭാരത് എക്സ്പ്രസ് ട്രെയിൻ. ജമ്മു കാശ്മീരിലെ ചെനാബ് നദിക്ക് കുറുകെയുള്ള ചെനാബ് പാലത്തിലൂടെയാണ് വന്ദേഭാരത് പരീക്ഷണ ഓട്ടം വിജയകരമായി പൂർത്തിയാക്കിയത്.



ചരിത്രംകുറിച്ചുള്ള പരീക്ഷണ ഓട്ടത്തിൽ ശ്രീനഗറിലെ ചെനാബ് പാലത്തിലൂടെ നീങ്ങുന്ന വന്ദേഭാരത് ട്രെയിൻ.

കത്രയിലെ ശ്രീ വൈഷ്ണോ മാതാദേവി റെയിൽവേ സ്റ്റേഷനിൽനിന്ന് ശ്രീനഗറിലേക്കായിരുന്നു പരീക്ഷണ ഓട്ടം. ഇന്ത്യയിലെ ആദ്യ കേബിൾ സ്റ്റേയ്ഡ് റെയിൽവേ പാലമായ അൻജിഖാഡ് പാലത്തിലൂടെയും വന്ദേഭാരത് കടന്നുപോയി. ഇതിന്റെ വീഡിയോ റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് എക്സിൽ പങ്കുവെച്ചിട്ടുണ്ട്.

കാശ്മീരിലെ തണുപ്പേറിയ കാലാവസ്ഥയ്ക്ക് അനുയോജ്യമായ രീതിയിലാണ് ട്രെയിൻ നിർമിച്ചിരിക്കുന്നത്. ജമ്മു കാശ്മീരിനെ റെയിൽവേ ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിൽ നിർണായകമാണ് വന്ദേഭാരതിന്റെ പരീക്ഷണഓട്ടം. ഇത് വിജയകരമായി പൂർത്തിയാക്കിയതോടെ ഇതുവഴിയുള്ള വന്ദേഭാരതിന്റെ ഫ്ളാഗ് ഓഫ് വൈകാതെ നടക്കുമെന്നാണു സൂചന.

272 കിലോമീറ്റർ നീളമുള്ള ഉധംപൂർ-ശ്രീനഗർ-ബാരാമുള്ള റെയിൽ ലിങ്ക് പദ്ധതിയിലെ സുപ്രധാന ചുവടുവെപ്പാണ് ചെനാബ് നദിക്കു കുറുകെയുള്ള ലോകത്തിലെ ഏറ്റവും ഉയരം കൂടിയ റെയിൽവേ മേൽപാലം. ചെനാബ് നദിയിൽനിന്ന് 359 മീറ്റർ ഉയരത്തിൽ നിർമിച്ചിരിക്കുന്ന റെയിൽവേ പാലത്തിന് 1.3 കിലോമീറ്റർ നീളമുണ്ട്.

## മതവിശ്വാസത്തിന് ഉച്ചഭാഷിണി അനിവാര്യമല്ല

മുംബൈ: ഉച്ചഭാഷിണി ഉപയോഗം മതവിശ്വാസത്തിന്റെ അനിവാര്യ ഘടകമല്ലെന്നു ബോംബെ ഹൈക്കോടതി വ്യക്തമാക്കി. ഉച്ചഭാഷിണിയുടെ ഉപയോഗം തടയുന്നത് ഭരണഘടനാ അവകാശ ലംഘനമല്ലെന്നു പറഞ്ഞ കോടതി ശബ്ദ നിയന്ത്രണത്തിനു സംവിധാനങ്ങൾ ഏർപ്പെടുത്താൻ മത സ്ഥാപനങ്ങളോടു നിർദേശിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടു.

പള്ളികളിൽ നിന്ന് ശബ്ദമലിനീകരണമുണ്ടാകുന്നതായി ചൂണ്ടിക്കാട്ടി കുർളയിലെ രണ്ട് ഹൗസിങ് സൊസൈറ്റികളിലെ താമസക്കാരുടെ പരാതിയിൽ പോലീസ് നടപടി സ്വീകരിക്കാതെ വന്നതോടെയാണ് കോടതിയെ സമീപിച്ചത്. സാധാരണക്കാരാണ് ശബ്ദ മലിനീകരണത്തിന്റെ ഇരകൾ എന്നും കോടതി പറഞ്ഞു.

## മുങ്ങിത്താഴ്ന്ന കുഞ്ഞനുജനെ രക്ഷിച്ച ദിയയ്ക്ക് ജീവൻരക്ഷാ പതക്

കോട്ടയം: ആഴമേറിയ കിണറ്റിൽ വീണ് മുങ്ങിത്താഴ്ന്ന രണ്ട് വയസുകാരൻ കുഞ്ഞനുജനെ അതിസാഹസികമായി രക്ഷപ്പെടുത്തിയ ദിയ ഫാത്തിമയ്ക്ക് രാഷ്ട്രപതിയുടെ ജീവൻ രക്ഷാപതക് പുരസ്കാരം. പത്തനംതിട്ട തുമ്പമൺ കീരുകുഴി പൊങ്ങലടി പാലിയത്തറ സനലിന്റെയും ഷാജിലയുടെയും മകളാണ് ദിയ.

ദിയയും കുടുംബവും മാവേലിക്കര മാങ്കാംകുഴി കല്ലിത്തുണ്ടം പറങ്കാംകൂട്ടത്തിൽ വാടകയ്ക്കു താമസിക്കുമ്പോഴാണ് പുരസ്കാരത്തിന് അർഹമായ സംഭവം ഉണ്ടായത്. 2023 ഏപ്രിൽ നാലിന് വൈകിട്ട് അഞ്ചിനായിരുന്നു സംഭവം. മാതാവ് ഷാജില മുറ്റത്ത് പാത്രം കഴുകിക്കൊണ്ടിരിക്കുമ്പോൾ ദിയയും അനുജത്തി ദുനിയയും ഉണങ്ങാനിട്ടിരുന്ന വസ്ത്രങ്ങൾ എടുക്കുന്ന സമയത്ത് ഇവരുടെ കണ്ണുവെട്ടിച്ചു കിണറിനു മുകളിലെ ഇരുമ്പുഗ്രില്ലിൽ രണ്ട് വയസുകാരൻ ഇവാൻ കയറി. ഗ്രില്ലിന്റെ തുരുമ്പിച്ച ഭാഗം തകർന്ന് ഇരുപതടി താഴ്ചയുള്ള കിണറ്റിലേക്ക് കുഞ്ഞു വീണു. ശബ്ദംകേട്ട് ഓടിയെത്തിയ ദിയ പൈപ്പിലൂടെ കിണറ്റിലേക്ക് ഊർന്നിറങ്ങി മുങ്ങിത്താഴുകയായിരുന്ന കുഞ്ഞിനെ ഒരു കൈകൊണ്ട് ഉയർത്തിപ്പിടിച്ച് നെഞ്ചോട് ചേർത്ത്, മറുകൈകൊണ്ട് പൈപ്പിൽ പിടിച്ചു കിടന്നു. കിണറ്റിനുള്ളിൽ നിന്നും വീട്ടുകാരെ ഉറക്കെ വിളിച്ചു, ശബ്ദം കേട്ട് ഓടിയെത്തിയ വീട്ടുകാരും പരിസരവാസികളും ചേർന്ന് കിണറ്റിലിറങ്ങി ഇവാനെ ആദ്യം കരയ്ക്കു കയറ്റി. പിന്നീട് ദിയയെയും രക്ഷപ്പെടുത്തി.

തലയിൽ ചെറിയ മുറിവേറ്റ ഇവാനെ പിന്നീട് ആലപ്പുഴ മെഡിക്കൽ കോളജിൽ ചികിത്സ നടത്തി. അന്ന് ദിയ വെട്ടിയാർ ഇരട്ടപ്പള്ളിക്കൂടം ഗവ. എൽപി സ്കൂളിൽ മൂന്നാം ക്ലാസിൽ പഠിക്കുകയായിരുന്നു. രാഷ്ട്രപതിയുടെ ജീവൻരക്ഷാ പതക് ലഭിച്ചതോടെ ദിയയുടെ ധീരതയെ രാജ്യമൊന്നാകെ ആദരിച്ചിരിക്കുന്നു. പൊങ്ങലടി ഗവ. എൽപിഎസിലെ അഞ്ചാം ക്ലാസ് വിദ്യാർത്ഥിനിയാണ് ഇപ്പോൾ ദിയ ഫാത്തിമ.




## നടപടിയെടുക്കുമെന്ന് ഇന്ത്യ
## ഐഎസ്ഐ ഏജന്റുമാർ ബംഗ്ലാദേശിൽ

ന്യൂഡൽഹി: ഉന്നത സൈനിക ഉദ്യോഗസ്ഥരെയും ചാരന്മാരെയും പാക്കിസ്ഥാൻ ബംഗ്ലാദേശിലേക്ക് അയച്ചുവെന്ന വാർത്തകൾക്കു പിന്നാലെ ബംഗ്ലാദേശിലെ സ്ഥിതിഗതികൾ നിരീക്ഷിച്ചു വരികയാണെന്ന് വിദേശകാര്യ മന്ത്രാലയം. കൂടിക്കാഴ്ചയുടെ കൂടുതൽ പുരോഗതികളെപ്പറ്റി അന്വേഷിക്കുകയാണെന്നും രാജ്യസുരക്ഷയെ ബാധിക്കുമെന്നു വന്നാൽ അനിവാര്യമായ നടപടികളെടുക്കുമെന്നും വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി.

പാക്കിസ്ഥാൻ ഇന്റർ സർവീസ് ഇന്റലിജൻസിലെ (ഐഎസ്ഐ) ഉന്നത പ്രതിനിധികളുടെ സംഘമാണ് ബംഗ്ലാദേശിൽ സന്ദർശനത്തിനെത്തിയതെന്നാണ് റിപ്പോർട്ട്. പാക്കിസ്ഥാനിലെ പ്രധാന രഹസ്യാന്വേഷണ ഏജൻസിയായ ഐഎസ്ഐയുടെ ഡയറക്ടർ ജനറൽ മേജർ ഷഹീദ് അമീർ അഫ്സറുടെ നേതൃത്വത്തിലായിരുന്നു പ്രതിനിധി സംഘത്തിന്റെ സന്ദർശനം. അടുത്തിടെ ബംഗ്ലാദേശ് സൈനിക അധികാരികൾ പാക്കിസ്ഥാനിലെ ഉന്നത സൈനികവൃത്തങ്ങളുമായി കൂടിക്കാഴ്ച നടത്തിയിരുന്നു.

കഴിഞ്ഞ മാസം ബംഗ്ലാദേശ് പാക്കിസ്ഥാൻ പൗരന്മാർക്കുള്ള വീസ നിയന്ത്രണങ്ങളിലും ഇളവ് പ്രഖ്യാപിച്ചിരുന്നു. ഐഎസ്ഐ ഏജന്റുമാർക്ക് ബംഗ്ലാദേശ് മണ്ണിൽ കൂടുതൽ സ്വാതന്ത്ര്യം നല്കുന്നതിനാണ് ഈ ഇളവെന്ന് വ്യാപകമായി ആരോപണം ഉണ്ടായിരുന്നു. ജനാധിപത്യമുള്ളതും പുരോഗമനപരവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ബംഗ്ലാദേശിനെയാണ് ഇന്ത്യ പിന്തുണയ്ക്കുന്നതെന്നും ബംഗ്ലാദേശുമായുള്ള ബന്ധം കൂടുതൽ ദൃഢമാക്കുകയെന്നതാണ് രാജ്യത്തിന്റെ താത്പര്യമെന്നും വിദേശകാര്യമന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു.

രാജ്യത്തിനെ ചുറ്റിയുള്ള എല്ലാ പ്രവർത്തനങ്ങളും നിരീക്ഷിക്കുമെന്നും രാജ്യസുരക്ഷയെ സംബന്ധിക്കുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ നടപടികൾ കൈക്കൊള്ളുമെന്നും ജയ്സ്വാൾ പറഞ്ഞു.


## ഏറ്റവും വിശ്വാസ്യതയുള്ള നേതാവ് ഫ്രാൻസിസ് മാർപാപ്പ

റോം: ഇറ്റലിയിലെ ഏറ്റവും വിശ്വാസ്യതയുള്ള നേതാവ് ഫ്രാൻസിസ് മാർപാപ്പയാണെന്ന് സർവേ. ഡെമോപോലീസ് നാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ സർവേയിൽ മൂവായിരത്തിലേറെ പേർ പങ്കെടുത്തു. ഇതിൽ 78 ശതമാനം പേർ മാർപാപ്പയുടെ നേതൃശേഷിയിൽ വിശ്വാസമർപ്പിച്ചു. സർവേയിൽ പങ്കെടുത്തവരിൽ 72 ശതമാനം പേർ തങ്ങൾ കത്തോലിക്കരാണെന്ന് വെളിപ്പെടുത്തി.


## എംടിക്ക് പത്മവിഭൂഷൺ

(ഒന്നാം പേജിൽ നിന്നും)

ജസ്റ്റിസ് (റിട്ട.) ജഗദീഷ് സിംഗ് ഖേഹർ (ചണ്ഡിഗഡ്), കുമുദിനി രജനീകാന്ത് ലഖിയ (ഗുജറാത്ത്), ഒസാമു സുസുക്കി (ജപ്പാൻ), ശാരദ സിൻഹ (ബിഹാർ) എന്നിവരാണ് പദ്മവിഭൂഷൺ ലഭിച്ച മറ്റുള്ളവർ. ഇവരിൽ ഒസാമു സുസുക്കിക്കും ശാരദ സിൻഹയ്ക്കും മരണാനന്തരമായാണു ബഹുമതി ലഭിച്ചത്. ചലച്ചിത്രതാരങ്ങളായ അജിത്, നന്ദമൂരി ബാലകൃഷ്ണ, അനന്ത് നാഗ്, സംവിധായകൻ ശേഖർ കപൂർ എന്നിവർക്കു പദ്മഭൂഷൺ ലഭിച്ചു. വിശ്വഹിന്ദു പരിഷത് നേതാവ് സാധ്വി ഋതംബരയ്ക്ക് പദ്മഭൂഷണും ക്രിക്കറ്റ് താരം ആർ. അശ്വിനു പദ്മശ്രീയും ലഭിച്ചു.



ഡോ. ജോസ് ചാക്കോ പെരിയപ്പുറം



പി.ആർ. ശ്രീജേഷ്



ശോഭന

## ഇ–മലയാളി പുരസ്കാരം അബ്ദുൾ പുന്നയൂർക്കുളത്തിന്




കോട്ടയം: അമേരിക്കൻ ഇ-മലയാളി പുരസ്കാരത്തിന് എഴുത്തുകാരനും സാമൂഹിക പ്രവർത്തകനുമായ അബ്ദുൾ പുന്നയൂർക്കുളം അർഹനായി. ഇ-മലയാളി ആഗോളതലത്തിൽ നടത്തിയ ചെറുകഥാ മത്സരത്തിലാണ് പുരസ്കാരം ലഭിച്ചത്. കാഷ് പ്രൈസും പ്രശസ്തിപത്രവും ഫലകവും അടങ്ങിയതാണ് അവാർഡ്.

എറണാകുളം ഗോകുലം കൺവൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ കെ.വി. മോഹൻകുമാർ ഐഎഎസ് അബ്ദുളിന് അവാർഡ് സമ്മാനിച്ചു.

ഇ-മലയാളി ചീഫ് എഡിറ്റർ ജോർജ് ജോസഫ് ആദ്ധ്യക്ഷ്യം വഹിച്ച പരിപാടിയിൽ സാമുവൽ ഈശോ, സുനിൽ ട്രൈസ്റ്റാർ, ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി, പോൾ കറുകപ്പള്ളി, ദീപാ നിശാന്ത്, സൈമൺ വലാച്ചേരിൽ, ഫിലിപ്പ് ഫിലിപ്പോസ് എന്നിവർ പങ്കെടുത്തു. ഹൂസ്റ്റൺ റൈറ്റേഴ്സ് ഫോറത്തിന്റെ 2024-ലെ സാഹിത്യ പുരസ്കാരത്തിനും ലാനയുടെ ആദരവിനും അബ്ദുൾ അർഹനായിട്ടുണ്ട്.

## എം.എഫ്. ഹുസൈന്റെ രണ്ട് പെയിന്റിങ് പിടിച്ചെടുക്കുന്നു

ന്യൂഡൽഹി: വിഖ്യാത ചിത്രകാരൻ എം.എഫ്. ഹുസൈന്റെ രണ്ട് പെയിന്റിങ്ങുകൾ പിടിച്ചെടുക്കാൻ ഡൽഹി പട്യാല ഹൗസ് കോടതി ഉത്തരവിട്ടു. ഹിന്ദു ദൈവങ്ങളെ മോശമായി ചിത്രീകരിക്കുന്നുവെന്നു കാട്ടി അഭിഭാഷകയായ അമിത സച്ച്ദേവ നല്കിയ പരാതിയിലാണ് ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് സാഹിൽ മോൻഗ ഉത്തരവിട്ടത്.

ജൻപഥ് റോഡിലെ ഡൽഹി ആർട്ട് ഗാലറിയിൽ (ഡാഗ്) കഴിഞ്ഞമാസം ഹുസൈന്റെ ചിത്രങ്ങളുടെ പ്രദർശനം നടന്നിരുന്നു. ഇതിൽ ഉൾപ്പെട്ട ചിത്രങ്ങൾക്കെതിരെ പ്രദർശനത്തിന്റെ ഫോട്ടോ ഉൾപ്പെടെ ഡിസംബർ 9-ന് അമിത പാർലമെന്റ് സ്ട്രീറ്റ് പോലീസിൽ പരാതി നല്കി.

അന്വേഷണത്തിന്റെ ഭാഗമായി പോലീസ് സംഘം ഗാലറിയിലെത്തിയെങ്കിലും ചിത്രങ്ങൾ കണ്ടെത്താൻ സാധിച്ചില്ല. ഇതിനു പിന്നാലെയാണ് ഡിസംബർ 12-ന് ഇവർ പട്യാല ഹൗസ് കോടതിയെ സമീപിച്ചത്. സിസിടിവി ദൃശ്യങ്ങൾ ഇതിനോടകം പിടിച്ചെടുത്തിട്ടുണ്ടെന്നു ഡൽഹി പോലീസ് കോടതിയിൽ വ്യക്തമാക്കി. വിശദമായ റിപ്പോർട്ട് കൈമാറാൻ കോടതി പോലീസിനു നിർദേശം നല്കിയിട്ടുണ്ട്.

അതേസമയം, കോടതി ഉത്തരവിനെതിരെ ഡാഗ് അധികൃതർ രംഗത്തെത്തിയിട്ടുണ്ട്. പ്രദർശനം കാണാനെത്തിയ അയ്യായിരത്തിലേറെ കലാപ്രേമികളിൽ ഒരാൾ മാത്രമാണ് ഇത്തരത്തിൽ പരാതിപ്പെട്ടതെന്നു പ്രതികരിച്ചു.

എം.എഫ്. ഹുസൈന്റെ ചിത്രങ്ങൾ മുമ്പും വിവാദമായിട്ടുണ്ട്. 2006-ൽ അദ്ദേഹം വരച്ച സരസ്വതി ദേവിയുമായി ബന്ധപ്പെട്ട ചിത്രം ഏറെ പ്രതിഷേധത്തിനു കാരണമായിരുന്നു.

### കോവിഡ്കാല ഗ്ലൗസ് ഇറക്കുമതി

## നഷ്ടം ഒരു കോടി; ലോകായുക്ത അന്വേഷിക്കുന്നു

തിരുവനന്തപുരം: കോവിഡ് കാലത്തെ ഗ്ലൗസ് ഇറക്കുമതിയിലൂടെ സർക്കാരിന് ഒരു കോടി രൂപ നഷ്ടമായി. ഗുണമേന്മയില്ലാത്ത ഗ്ലൗസ് വിതരണം ചെയ്തതിനെക്കുറിച്ച് ലോകായുക്ത അന്വേഷിക്കുന്നു.

പച്ചക്കറി കച്ചവടത്തിനുവേണ്ടി കഴക്കൂട്ടത്തു തുടങ്ങിയ അഗ്രത ആവയോൺ എക്സിമിനാണ് ഗ്ലൗസ് ഇറക്കുമതി ചെയ്യാൻ കരാർ നൽകിയത്. ഒരു കോടി ഗ്ലൗസ് 12.15 രൂപ നിരക്കിൽ ലഭ്യമാക്കാനായിരുന്നു കരാർ.

എന്നാൽ 2021 മേയ് 27-ലെ ഉത്തരവനുസരിച്ച് പരമാവധി ഏഴ് രൂപയ്ക്ക് ഗ്ലൗസ് വാങ്ങണം. കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ഉദ്യോഗസ്ഥർ സർക്കാർ ഉത്തരവ് അട്ടിമറിച്ച് ഗ്ലൗസിന്റെ വിലയിൽ 5.15 രൂപ വർധിപ്പിച്ചു. കംപ്യൂട്ടറിൽ തയാറാക്കിയ ഉത്തരവിലെ പ്രധാന വ്യവസ്ഥകൾ രണ്ടെണ്ണം പേന കൊണ്ടു വെട്ടിത്തിരുത്തി 'ഇൻവോയ്സ് തയാറാക്കി 45 ദിവസത്തിനുള്ളിൽ പണം നൽകണം' എന്നത് അഞ്ച് ദിവസത്തിനുള്ളിൽ എന്നു തിരുത്തി. ഉൽപന്നത്തിനു ചുരുങ്ങിയത് 60 ശതമാനം ഉപയോഗ കാലാവധി (ഷെൽഫ് ലൈഫ്) വേണമെന്ന വ്യവസ്ഥ വെട്ടിമാറ്റി കമ്പനിക്ക് അനുകൂലമാക്കി.

കേരളത്തിൽ ഗ്ലൗസിന് വലിയ ക്ഷാമം ഇല്ലാതിരുന്ന കാലത്താണ് ടെൻഡറോ ക്വട്ടേഷനോ ഇല്ലാതെ 12.15 കോടി രൂപയുടെ ഉൽപന്നം 50 ശതമാനം മുൻകൂർ പണം നൽകി ഇറക്കുമതി ചെയ്തത്. യുകെയിലെ ആശുപത്രികൾക്കായി മലേഷ്യയിൽനിന്ന് എത്തിച്ച ഗ്ലൗസ് പിന്നീട് അവിടെനിന്നു കേരളത്തിലേക്ക് ഇറക്കുമതി ചെയ്യുകയായിരുന്നു. ഈ ഉൽപന്നം യുകെയിൽ ഉപയോഗിക്കാത്തതിന്റെ കാരണം വ്യക്തമായിട്ടില്ല.

കീഴ്വഴക്കങ്ങൾ മറികടന്നു വിതരണക്കമ്പനിക്ക് 6.07 കോടി രൂപ മുൻകൂർ നൽകാൻ സർക്കാർ അനുമതി നൽകി. കേരളത്തിൽ എത്തിച്ച ഉൽപന്നത്തിൽ നിർമാണ തീയതിയോ കാലാവധി തീരുന്ന ദിവസമോ പരമാവധി വിൽപന വിലയോ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ 15 ദിവസത്തിനുള്ളിൽ 41.6 ലക്ഷം ഗ്ലൗസുകളാണ് കമ്പനി എത്തിച്ചത്. ഈ കാരണം പറഞ്ഞു കരാർ റദ്ദാക്കി. 50 ലക്ഷം ഗ്ലൗസുകൾക്ക് മുൻകൂർ പണം നൽകി. 41.6 ലക്ഷം മാത്രമേ വാങ്ങിയുള്ളൂ. ഒരു കോടി രൂപ ഇപ്പോഴും സ്ഥാപനത്തിൽനിന്നു തിരിച്ചു പിടിച്ചിട്ടില്ല. പച്ചക്കറി കച്ചവട രംഗത്തുണ്ടായിരുന്ന സ്ഥാപനം 2021-ലാണ് മെഡിക്കൽ ഉപകരണങ്ങളുടെ വിതരണം ആരംഭിക്കുന്നത്.

## ആനയെഴുന്നള്ളിപ്പ് സ്റ്റേ തുടരും

ന്യൂഡൽഹി: ആന എഴുന്നെള്ളിപ്പുമായി ബന്ധപ്പെട്ട് ഹൈക്കോടതി ഉത്തരവിന്മേലുള്ള സുപ്രീം കോടതി സ്റ്റേ തുടരും. ആനയെ എഴുന്നള്ളിപ്പിന് കടുത്ത നിയന്ത്രണങ്ങൾ നിർദേശിക്കുന്ന കേരള ഹൈക്കോടതി വിധി അപ്രായോഗികമാണെന്നു വ്യക്തമാക്കിയാണ് സുപ്രീംകോടതി സ്റ്റേ ചെയ്തത്. സ്റ്റേ നീക്കണമെന്ന അപേക്ഷ ഉടൻ പരിഗണിക്കണമെന്ന മൃഗസ്നേഹികളുടെ സംഘടനയുടെ ആവശ്യമാണ് സുപ്രീംകോടതി നിരസിച്ചത്. അപേക്ഷയിൽ അടിയന്തര വാദം കേൾക്കണമെന്ന ആവശ്യം അനുവദിക്കാനാകില്ലെന്നു ജസ്റ്റിസ് ബി.വി. നാഗരത്ന വ്യക്തമാക്കി. ആവശ്യമെങ്കിൽ ഹൈക്കോടതിയെ സമീപിക്കാനും ബെഞ്ച് നിർദേശിച്ചു. ഹർജി ഫെബ്രുവരി നാലിന് വീണ്ടും പരിഗണിക്കും.

നിലവിലെ ചട്ടങ്ങൾ പാലിച്ചുകൊണ്ട് ആന എഴുന്നള്ളിപ്പ് നടത്താമെന്ന് ഹൈക്കോടതി ഉത്തരവ് സ്റ്റേ ചെയ്തുകൊണ്ട് നേരത്തെ സുപ്രീംകോടതി വ്യക്തമാക്കിയിരുന്നു. ശിവരാത്രി ഉൾപ്പെടെയുള്ള ഉത്സവങ്ങൾ വരാനിരിക്കെ അവ തടസ്സപ്പെടുത്താനാണ് മൃഗസ്നേഹി സംഘടനയുടെ നീക്കമെന്നു തിരുവമ്പാടി, പാറമേക്കാവ് ദേവസ്വങ്ങൾ സുപ്രീംകോടതിയിൽ വ്യക്തമാക്കി. ആചാരങ്ങളും ആനയുടെ സംരക്ഷണവും ഒരുമിച്ചു കൊണ്ടുപോകണമെന്നാണ് ഹൈക്കോടതി ഉത്തരവ് സ്റ്റേ ചെയ്തുകൊണ്ട് സുപ്രീംകോടതി പറഞ്ഞത്.

## ആവേശമായി ബെളഗാവിയിൽ കോൺഗ്രസ് മഹാറാലി

ബെംഗളൂരു: ഭരണഘടനയെയും ഗാന്ധിജിയുടെയും അംബേദ്കറുടെയും ആശയങ്ങളെയും ഉയർത്തിപ്പിടിക്കുമെന്ന പ്രതിജ്ഞയുമായി ബെളഗാവിയിൽ കോൺഗ്രസിന്റെ മഹാറാലി. 1924-ൽ മഹാത്മാഗാന്ധി അധ്യക്ഷനായി ചേർന്ന ഏക ഇന്ത്യൻ നാഷണൽ കോൺഗ്രസ് സമ്മേളനത്തിന്റെ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായാണ് ജയ് ബാപ്പു, ജയ് ഭീം, ജയ് സംവിധാൻ മുദ്രാവാക്യമുയർത്തി റാലി സംഘടിപ്പിച്ചത്.



കർണാടകയിലെ ബെളഗാവിയിൽ ജയ് ബാപ്പു, ജയ് ഭീം, ജയ് സംവിധാൻ റാലി വേദിയിൽ ചർക്കയിൽ നൂൽ നൂൽക്കുന്ന കോൺഗ്രസ് പ്രസിഡണ്ട് മല്ലികാർജുൻ ഖാർഗെ.

ബെളഗാവി സുവർണ വിധാൻ സൗധ പരിസരത്ത് 25 അടി ഉയരമുള്ള ഗാന്ധിപ്രതിമ കോൺഗ്രസ് പ്രസിഡണ്ട് മല്ലികാർജുൻ ഖാർഗെ അനാവരണം ചെയ്തു.

ഗാന്ധിജി, അംബേദ്കർ, സർദാർ വല്ലഭ്ഭായ് പട്ടേൽ, ജവാഹർ ലാൽ നെഹ്റു എന്നിവർ തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടായെന്ന വ്യാജ പ്രചാരണം നടത്തുകയാണ് ബിജെപിയെന്ന് അദ്ദേഹം ആരോപിച്ചു.


പൊതുജനമധ്യത്തിൽ ഗാന്ധിജിയെ ആദരിക്കുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയും ആഭ്യന്തര മന്ത്രി അമിത് ഷായും രഹസ്യമായി ഗാന്ധി ഘാതകൻ ഗോഡ്സെയെ ബഹുമാനിക്കുന്നതായും ഖാർഗെ കുറ്റപ്പെടുത്തി.

ഭരണഘടന സംരക്ഷിക്കാൻ ജീവൻ നൽകാനും കോൺഗ്രസ് തയാറാണെന്ന് എഐസിസി ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധി പറഞ്ഞു. ജയിലിൽ നിന്ന് മാപ്പ് എഴുതി നൽകിയ പാരമ്പര്യമല്ല, സ്വാതന്ത്ര്യത്തിനായി പോരാടിയ ചരിത്രമാണ് കോൺഗ്രസിനുള്ളത്. എത്ര കള്ളക്കേസുകളിൽ ഉൾപ്പെടുത്തിയാലും ഭയപ്പെടാനില്ല.


ഗാന്ധിജിയുടെ ഹിന്ദുത്വത്തിലാണ് കോൺഗ്രസ് വിശ്വസിക്കുന്നതെന്ന് മുഖ്യമന്ത്രി സിദ്ധരാമയ്യ പറഞ്ഞു. ഇതിനിടെ, പാർട്ടിയുമായി ഇടഞ്ഞുനിൽക്കുന്ന ബിജെപി എംഎൽഎ എസ്.ടി. സോമശേഖർ ഗാന്ധി പ്രതിമ അനാവരണചടങ്ങിൽ പങ്കെടുത്തത് കോൺഗ്രസിന് ആവേശം പകർന്നു. ആരോഗ്യപ്രശ്നങ്ങളെത്തുടർന്ന് രാഹുൽ ഗാന്ധി ചടങ്ങിന് എത്തിയില്ല.







In Loving Memory of
13th Death Anniversary
1-31-2025
4th Death Anniversary
2-10-2025
THOMAS NARICHIRAYIL
ANNAKUTTY NARICHIRAYIL
Inserted by : Sorrowing Family


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


THE PREMIER GASOLINE DISTRIBUTION COMPANY
Gas
DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com

# നേതാജിയുടെ ഭൗതികാവശിഷ്ടം തിരിച്ചെത്തിക്കണമെന്ന്

ന്യൂഡൽഹി: വിമാനാപകടത്തിൽ കൊല്ലപ്പെട്ട നേതാജി സുഭാഷ് ചന്ദ്രബോസിന്റെ ഭൗതികാവശിഷ്ടങ്ങൾ ജപ്പാനിൽ നിന്ന് തിരിച്ചെത്തിക്കണമെന്ന് മകൾ അനിത ബോസ് പിഫാഫ്. പതിറ്റാണ്ടുകളായി തന്റെ പിതാവിന്റെ ഭൗതികാവശിഷ്ടങ്ങൾ ജപ്പാനിൽ സൂക്ഷിച്ചിരിക്കുകയാണ്. അവ ചന്ദ്രബോസ് വിമാനാപകടത്തിൽ കൊല്ലപ്പെടുന്നത്. ബോസിന്റെ മൃതദേഹം അവിടെ ദഹിപ്പിച്ച് ചിതാഭസ്മം ടോക്കിയോയിലെ റെങ്കോജി ബുദ്ധക്ഷേത്രത്തിൽ സൂക്ഷിക്കാൻ ഏല്പിക്കുകയായിരുന്നു.ക്ഷേത്രത്തിലെ പുരോഹിതന്മാരും ജപ്പാൻ സർക്കാരും തന്റെ പിതാവിന്റെ ഭൗതികാവശിഷ്ടങ്ങൾ തിരികെ നല്കാൻ ഒരുക്കമാണെന്നും എന്നാൽ, പതിറ്റാണ്ടുകളായി ഇന്ത്യയുടെ ഭാഗത്തുനിന്ന് നടപടിയൊന്നുമുണ്ടായില്ലെന്നും അനിത ആരോപിച്ചു.



നേതാജി സുഭാഷ് ചന്ദ്രബോസിന്റെ ജന്മദിനത്തിൽ ആദരമർപ്പിക്കാൻ പാർലമെന്റിൽ എത്തിയ രാജ്യസഭാ പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖാർഗെ, പ്രതിരോധമന്ത്രി രാജ്നാഥ് സിങ്, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ.

തിരികെയെത്തിക്കാൻ വിവിധ സർക്കാരുകൾ വിസമ്മതിച്ചുവെന്നും അനിത ചൂണ്ടിക്കാട്ടി. ബോസിന്റെ 128-ാം ജന്മദിന വാർഷികത്തിന്റെ പശ്ചാത്തലത്തിലാണ് മകളുടെ ആവശ്യം.

ജപ്പാൻ തലസ്ഥാനമായ ടോക്കിയോയിലെ റെങ്കോജി ക്ഷേത്രത്തിലാണ് എട്ടു പതിറ്റാണ്ടുകളായി നേതാജിയുടെ ഭൗതികാവശിഷ്ടങ്ങൾ സൂക്ഷിച്ചിരിക്കുന്നത്. രണ്ടാം ലോകമഹായുദ്ധം അവസാനത്തോടടുത്ത കാലയളവിൽ 1945 ഓഗസ്റ്റ് 18-ന് ജപ്പാൻ നിയന്ത്രണത്തിലുണ്ടായിരുന്ന തായ്പോയിൽ വെച്ചാണ് നേതാജി സുഭാഷ്

തന്റെ കുടുംബാംഗങ്ങളടക്കം നിരവധി പേർ പിതാവ് വിമാനാപകടത്തിൽ മരിച്ചിട്ടില്ലെന്നാണ് കരുതുന്നതെന്നും എന്നാൽ, ലഭ്യമായ രേഖകളുടെ വെളിച്ചത്തിൽ അദ്ദേഹം അന്നേദിവസം മരിച്ചു എന്ന വസ്തുത അംഗീകരിച്ച് ശേഷിപ്പുകൾ തിരികെക്കൊണ്ടുവരാൻ നടപടി വേണമെന്നും അനിത പറഞ്ഞു.

# നേതാജി കുടിക്കാത്ത ചായക്കപ്പ് ഇന്നും നോപാറയിൽ

കൊൽക്കത്ത: ബംഗാളിലെ നോർത്ത് 24 പർഗാനാസ് ജില്ലയിലുള്ള നോപാറ പോലീസ് സ്റ്റേഷനിൽ നേതാജിയുടെ ഒരു പ്രതിമ കാണാം. ഈ സ്റ്റേഷനിൽ 93 വർഷമായി ഒരു അമൂല്യനിധി സൂക്ഷിച്ചിട്ടുണ്ട്. നേതാജി സുഭാഷ് ചന്ദ്രബോസിന് ബ്രിട്ടീഷുകാർ ചായ നല്കിയ ഒരു കപ്പും സോസറും. ഒരു സമരത്തിന്റെയും അറസ്റ്റിന്റെയും കഥ പറയാനുണ്ട് അതിന്. നേതാജിയുടെ ജന്മദിനത്തിൽ എല്ലാ വർഷവും നടത്താറുള്ള പ്രത്യേക ആഘോഷങ്ങൾ നോപാറ സ്റ്റേഷനിൽ ഈ വർഷവും നടത്തി. ഉന്നത പോലീസ് ഉദ്യോഗസ്ഥർ ചടങ്ങിൽ പങ്കെടുത്തു.



കപ്പും സോസറും നോപാറയിലെ പോലീസ് സ്റ്റേഷനിൽ സൂക്ഷിച്ചിരിക്കുന്നു.

1931 ഒക്ടോബർ 11-ന് ഗോൽഘർ എന്ന സ്ഥലത്ത് ചണമിൽ തൊഴിലാളികളുടെ സമരത്തിൽ പങ്കെടുക്കാൻ പോയ നേതാജിയെ ബ്രിട്ടീഷുകാർ അറസ്റ്റ്ചെയ്തു കൊണ്ടുവന്നത് ഈ സ്റ്റേഷനിലേക്കാണ്. ഏതാനും മണിക്കൂറുകൾ തടങ്കലിൽ വെച്ചു. ഒരു കപ്പ് ചായ സ്റ്റേഷനിലെ ബ്രിട്ടീഷ് ഓഫീസർ നേതാജിക്കു നല്കിയെങ്കിലും അദ്ദേഹമത് കുടിച്ചില്ല. ഈ കപ്പും സോസറുമാണ് സ്റ്റേഷനിൽ ഇന്നും സൂക്ഷിച്ചിരിക്കുന്നത്. നേതാജിക്കായി ഒരു സ്മാരകവും അദ്ദേഹവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ സൂക്ഷിച്ചിരിക്കുന്ന ഒരു ഗ്രന്ഥശാലയും ഇവിടെയുണ്ട്. നേതാജിയെ ഇന്നത്തെ ബാരക്പൂർ ജില്ലാ മജിസ്ട്രേട്ട് ഇടപെട്ട് അർദ്ധരാത്രിയോടെ മോചിപ്പിച്ചു. നോപാറയിൽ മൂന്നു മാസത്തോളം പ്രവേശിക്കരുതെന്ന വ്യവസ്ഥയോടെയായിരുന്നു ഇത്.

ബ്രിട്ടീഷുകാർക്കെതിരെ വ്യത്യസ്ത സമരപാത വെട്ടിതുറന്ന നേതാജിയുടെ ജന്മദിനമായ പരാക്രം ദിവസ് രാജ്യം ആചരിച്ചു. നെഞ്ചുറപ്പിന്റെയും ധൈര്യത്തിന്റെയും മറ്റൊരു പേരാണ് നേതാജി സുഭാഷ് ചന്ദ്രബോസെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. അദ്ദേഹം സ്വപ്നംകണ്ട ഇന്ത്യ യാഥാർത്ഥ്യമാക്കുന്നതിനായി പ്രയത്നിക്കുമെന്ന് മോദി പറഞ്ഞു. രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ എന്നിവരും നേതാജിക്ക് ആദരാഞ്ജലിയർപ്പിച്ചു.

# ട്രെയിനിൽനിന്ന് ചാടിയവരെ മറ്റൊരു ട്രെയിനിടിച്ചു 13 മരണം

മുംബൈ: തീപിടിച്ചെന്ന അഭ്യൂഹത്തെത്തുടർന്നു ട്രെയിനിൽനിന്നു പാളത്തിലേക്കു ചാടിയവർക്കുമേൽ എതിർദിശയിൽ വന്ന ട്രെയിൻ പാഞ്ഞുകയറി 13 പേർ മരിച്ചു. മുപ്പതിലേറെ പേർക്കു പരുക്കേറ്റു. മുംബൈയിൽനിന്ന് 400 കിലോമീറ്റർ അകലെ, ഉത്തര മഹാരാഷ്ട്രയിലെ ജൽഗാവിൽ ജനുവരി 22-ന് വൈകിട്ട് അഞ്ചിന് ആണ് അപകടം. ലക്നൗ-മുംബൈ പുഷ്പക് എക്സ്പ്രസിലെ യാത്രക്കാരാണ് അപകടത്തിൽപെട്ടത്. ട്രെയിനിൽ തീപടർന്നെന്നു കേട്ടയുടൻ ആരോ ചങ്ങല വലിച്ചു. തുടർന്നു യാത്രക്കാർ പാളത്തിലേക്കു ചാടിയപ്പോഴാണു കർണാടക എക്സ്പ്രസ് അവർക്കുമേൽ പാഞ്ഞുകയറിയത്. ബെംഗളൂരു-ന്യൂഡൽഹി ട്രെയിനാണിത്. മുതിർന്ന റെയിൽവേ ഉദ്യോഗസ്ഥർ സംഭവസ്ഥലത്തെത്തി. അപകടത്തിൽ മരിച്ചവരുടെ ബന്ധുക്കൾക്ക് മഹാരാഷ്ട്ര സർക്കാർ അഞ്ച് ലക്ഷം രൂപ വീതം ധനസഹായം പ്രഖ്യാപിച്ചു. പരുക്കേറ്റവരുടെ ചികിത്സാച്ചെലവും സംസ്ഥാന സർക്കാർ വഹിക്കുമെന്നു മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ് അറിയിച്ചു.

## കേരളാ എക്സ്പ്രസ് വാരാന്ത്യം

**കഴിഞ്ഞ 32 വർഷങ്ങളായി അമേരിക്കൻ മലയാളികളുടെ വാർത്തകളുടേയും ചിന്തകളുടേയും നേർപതിപ്പായ കേരളാ എക്സ്പ്രസ്സ് ഈ മാസം മുതൽ സാഹിത്യം, സിനിമ, യാത്രാക്കുറിപ്പുകൾ, സോഷ്യൽ മീഡിയ കുറിപ്പുകൾ എന്നിവയ്ക്കായി രണ്ട് പേജുകൾ നീക്കിവെയ്ക്കുന്നു.**

**കാച്ചിക്കുറുക്കിയ രചനകളാണ് കൂടുതലായും പരിഗണിക്കുക. മതപരമായ വിഷയങ്ങൾ ഒഴിവാക്കേണ്ടതാണ്. തിരക്കുകളുടെ ലോകത്ത് സജീവമായ മനുഷ്യന് ചുരുങ്ങിയ വാക്കുകളിൽ എല്ലാം കാണാനും കേൾക്കാനുമാണ് താല്പര്യം. എഴുതുന്നവർക്കും, എഴുതി തുടങ്ങുന്നവർക്കും കേരളാ എക്സ്പ്രസ്സിന്റെ ഈ പംക്തിയിലേക്ക് സ്വാഗതം.**

**രചനകൾ അയക്കുന്നവരുടെ പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കേണ്ടതാണ്. യൂണിക്കോഡ് ഫോർമാറ്റിലാണ് രചനകൾ അയക്കേണ്ടത്. രചയിതാവിന്റെ ഫോട്ടോയും രചനകൾക്കൊപ്പം അയക്കേണ്ടതാണ്. ദീർഘമായ രചനകൾ അയയ്ക്കേണ്ടതില്ല. രചനകൾ പ്രസിദ്ധീകരിക്കുവാനുള്ള തീരുമാനം പൂർണ്ണമായും എഡിറ്റോറിയൽ ബോർഡിനായിരിക്കും.**

**രചനകൾ അയയ്ക്കേണ്ട വിലാസം:**

**news@keralaexpress.com**







# ബ്രൂവറി: സർക്കാർ നടപ്പിലാക്കുന്നത് മദ്യനയമെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: പാലക്കാട്ട് എലപ്പുള്ളിയിൽ ബ്രൂവറി അനുവദിച്ച തീരുമാനത്തിൽനിന്നു സർക്കാർ പിന്നോട്ടില്ലെന്നു മുഖ്യമന്ത്രി പിണറായി വിജയൻ വ്യക്തമാക്കി. മദ്യനയത്തിൽ പ്രഖ്യാപിച്ച കാര്യങ്ങളാണു നടപ്പാക്കുന്നതെന്നും ഇതുപോലുള്ള നിർദേശങ്ങളുമായി നിക്ഷേപകർ വന്നാൽ ഇനിയും സർക്കാർ പ്രോത്സാഹിപ്പിക്കുമെന്നും അദ്ദേഹം നിയമസഭയിൽ പറഞ്ഞു.

ബ്രൂവറിക്കു പിന്നിൽ അഴിമതിയുണ്ടെന്നു ഈയിടെ സഭയിൽ ആരോപണമുന്നയിച്ച രമേശ് ചെന്നിത്തലയ്ക്കു മുഖ്യമന്ത്രി നൽകിയ മറുപടിയിങ്ങനെ- 'എക്സൈസ് വകുപ്പ്, ബാർ എന്നൊക്കെ കേൾക്കുമ്പോൾ അഴിമതി ഓർമ വരുന്നതു മുൻ പ്രതിപക്ഷ നേതാവു പറഞ്ഞതുപോലെ ജനിതക പ്രവർത്തനം തന്നെയാണ്. അതുപക്ഷേ, ഞങ്ങളുടേതല്ല, ആ പാപഭാരം ഇങ്ങോട്ടു കെട്ടിവെക്കേണ്ടതില്ല'. മദ്യനയം എന്തിനാണു കൊണ്ടുവന്നതെന്ന് അരിയാഹാരം കഴിക്കുന്നവർക്കറിയാമെന്നു ചെന്നിത്തല തിരിച്ചടിച്ചു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിനുള്ള നന്ദിപ്രമേയ ചർച്ചയിലാണ് ബ്രൂവറി വിഷയത്തിലെ സർക്കാർ നയം മുഖ്യമന്ത്രി പ്രഖ്യാപിച്ചത്. നയപ്രഖ്യാപനം സഭ ശബ്ദവോട്ടോടെ പാസാക്കി.

നിലവിലെ നിയമമനുസരിച്ചുള്ള യോഗ്യതയുള്ളവർക്കു ബ്രൂവറി അനുവദിക്കാമെന്ന് 2022-23-ലെ മദ്യനയം വ്യക്തമാക്കിയിട്ടുണ്ടെന്നും ഇതിൽ കൂടുതൽ എന്തു വിശദീകരണമാണു വേണ്ടതെന്നും മുഖ്യമന്ത്രി ചോദിച്ചു. ടെൻഡർ വിളിച്ചല്ല വ്യവസായ നിക്ഷേ



പങ്ങൾ അനുവദിക്കുന്നത്. നാട്ടിൽ ഒരു വ്യവസായം തുടങ്ങുന്നതിന് എങ്ങനെയാണ് ടെൻഡർ വിളിക്കുക? കേരളത്തിൽ നിലവിലുള്ള 10 ഡിസ്റ്റിലറികളിൽ ഏഴും 2 ബ്രൂവറികളും ആരംഭിച്ചത് കോൺഗ്രസ് സർക്കാരിന്റെ കാലത്താണ്. ടെൻഡർ വിളിച്ചിട്ടാണോ ഇതിലേതെങ്കിലും ആരംഭിച്ചത്?

നിക്ഷേപപദ്ധതി സ്വീകരിക്കണോ വേണ്ടയോ എന്നതു പൂർണമായും സർക്കാരിന്റെ വിവേചനാധികാരമാണ്. പദ്ധതിക്കു പ്രാഥമിക അനുമതിയാണു നിലവിൽ നൽകിയിട്ടുള്ളത്. ഈ ഘട്ടത്തിൽ പഞ്ചായത്തിന്റെ അഭിപ്രായം തേടില്ല. പദ്ധതിക്ക് അംഗീകാരം നൽകുന്ന ബോർഡിൽ പഞ്ചായത്ത് പ്രതിനിധിയും അംഗമാണ്.

600 കോടിയുടെ നിക്ഷേപം പദ്ധതിയിലൂടെ ലഭിക്കും. 650 പേർക്കു നേരിട്ടും 2000 പേർക്ക് പരോക്ഷമായും തൊഴിൽ ഉറപ്പാക്കാം. വ്യവസായ സ്ഥാപനങ്ങൾക്കു വെള്ളം നൽകുന്നതു മഹാപാപമല്ല. ജല അതോറിറ്റിയും മഴവെള്ള സംഭരണിയും വഴി വെള്ളം ലഭ്യമാക്കും. മാലിന്യം പുറന്തള്ളുന്നില്ലെന്ന് സർക്കാർ ഉറപ്പാക്കും.

ജവാൻ മദ്യം ഉൽപാദിപ്പിക്കുന്ന മലബാർ ഡിസ്റ്റിലറിക്കും വെള്ളം നൽകാൻ ജലവിഭവ വകുപ്പിനു കഴിയുന്നില്ലെന്ന വാദം തെറ്റാണ്. ജവാൻ ഉൽപാദിപ്പിക്കുന്നത് തിരുവല്ല ട്രാവൻകൂർ ഷുഗേഴ്സിലാണ്. അവിടെ ജലദൗർലഭ്യമില്ല. മലബാർ ഡിസ്റ്റിലറിയിൽ ഏതു മദ്യം ഉൽപാദിപ്പിക്കണമെന്നു സർക്കാർ അന്തിമ തീരുമാനമെടുത്തിട്ടില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

# നിതി ആയോഗ് സാമ്പത്തിക ഭദ്രതാ സൂചികയിൽ കേരളം പിന്നിൽ

ന്യൂഡൽഹി: സംസ്ഥാനങ്ങളുടെ സാമ്പത്തികനില വിലയിരുത്താനായി നിതി ആയോഗ് പുറത്തിറക്കിയ പ്രഥമ സാമ്പത്തികഭദ്രതാ സൂചികയിൽ (ഫിസ്കൽ ഹെൽത്ത് ഇൻഡക്സ്) 18 പ്രധാന സംസ്ഥാനങ്ങളുടെ നിരയിൽ കേരളം 15-ാമത്. ഏറ്റവും പിന്നിലുള്ള നാല് സംസ്ഥാനങ്ങളിലൊന്നാണ് (ആസ്പിറേഷനൽ) കേരളം.

ഒഡീഷ, ഛത്തീസ്ഗഡ്, ഗോവ, ജാർഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളാണ് പട്ടികയിൽ ആദ്യ സ്ഥാനങ്ങളിൽ. ഏറ്റവും പിന്നിൽ കേരളത്തിനു പുറമേ പഞ്ചാബ്, ആന്ധ്രപ്രദേശ്, ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങൾ. 2022-23-ലെ സാമ്പത്തികനിലയാണ് പരിഗണിച്ചിരിക്കുന്നത്. ധനവിനിയോഗത്തിലെ കാര്യക്ഷമത, വരുമാന സമാഹരണം, സാമ്പത്തിക അച്ചടക്കം, വായ്പയും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനവും (ജിഎസ്ഡിപി) തമ്മിലുള്ള അനുപാതം (ഡെറ്റ് ഇൻഡക്സ്) കടം താങ്ങാനുള്ള പരിധി തുടങ്ങിയവ പരിഗണിച്ചാണ് സ്കോർ. ഒന്നാമതുള്ള ഒഡീഷയ്ക്ക് 67.8 പോയിന്റ് ആണെങ്കിൽ കേരളത്തിന്റെ സ്കോർ 25.4 ആണ്. നൂറിലാണ് സ്കോറിങ്. കേരളം, പഞ്ചാബ്, ബംഗാൾ എന്നീ സംസ്ഥാനങ്ങൾ കഴിഞ്ഞ ഒൻപത്

വർഷമായി സാമ്പത്തിക വെല്ലുവിളികൾ നേരിടുന്നതായി റിപ്പോർട്ടിൽ പറയുന്നു. 2014 മുതൽ 2022 വരെ ഇതേ റാങ്കിങ് ഉണ്ടായിരുന്നെങ്കിൽ കേരളത്തിന്റെ ശരാശരി റാങ്ക് 16 ആകുമായിരുന്നു.

സംസ്ഥാനങ്ങൾക്കും കേന്ദ്രത്തിനും ആസൂത്രണത്തിന് ഉപകരിക്കുന്ന റിപ്പോർട്ട് ഇനിയെല്ലാ വർഷവും പുറത്തിറക്കുമെന്ന് നിതി ആയോഗ് സിഇഒ ബി.വി.ആർ. സുബ്രഹ്മണ്യം പറഞ്ഞു.

# വയനാട് ദുരന്തം: ദുരിതാശ്വാസ നിധിയിലേക്ക് 712.98 കോടി രൂപ ലഭിച്ചു

തിരുവനന്തപുരം: മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തവുമായി ബന്ധപ്പെട്ട് ദുരിതാശ്വാസ നിധിയിലേക്ക് 712.98 കോടി രൂപ ഇതുവരെ ലഭിച്ചെന്നു മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ പറഞ്ഞു.

ഉരുൾപൊട്ടലിനെ കേന്ദ്ര സർക്കാർ അതിതീവ്ര ദുരന്തമായി പ്രഖ്യാപിച്ചതിനാൽ കൂടുതൽ സഹായം പ്രതീക്ഷിക്കുന്നുണ്ട്. നഷ്ടപരിഹാരമായി 2221 കോടി രൂപയാണു കേരളം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളത്. എന്നാൽ ഇതുവരെ കേന്ദ്രം തുക അനുവദിച്ചിട്ടില്ല. സഹായം ലഭിക്കുമെന്നു തന്നെയാണു പ്രതീക്ഷ. മാനദണ്ഡങ്ങൾ ഇളവു ചെയ്തതിനാൽ എസ്ഡിആർഎഫിൽനിന്ന് 120 കോടി വരെ ചെലവിടാനാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

വയനാട്ടിൽ ടൗൺഷിപ്പിനായി ഭൂമി വിലയ്ക്കു വാങ്ങും. ഭാവിയിൽ ഒരു നിലകൂടി നിർമിക്കാവുന്ന രീതിയിലാണ് ഇവിടെ വീടുകൾ നിർമിക്കുന്നത്. സർക്കാർ നിർമിക്കുന്ന ടൗൺഷിപ്പിനു പുറത്തു താമസിക്കാൻ ആഗ്രഹിക്കുന്നവർക്ക് 15 ലക്ഷം രൂപ നൽകും. പുനരധിവാസം പൂർത്തിയാക്കുംവരെ വീടുകളുടെ വാടക സർക്കാർ നൽകും. പുനരധിവാസ പ്രവർത്തനങ്ങൾ വേഗത്തിൽ തന്നെയാണു നടക്കുന്നത്. ടൗൺഷിപ്പിനായി ഭൂമിയേറ്റെടുക്കുന്ന കാര്യത്തിൽ 61 ദിവസംകൊണ്ട് മന്ത്രിസഭ തീരുമാനമെടുത്തു. എത്രയുംവേഗം തന്നെ ഭൂമി ഏറ്റെടുത്തു കൈമാറുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഏതെങ്കിലും തരത്തിലുള്ള തർക്കങ്ങളുണ്ടെങ്കിൽ അതു പരിഹരിക്കും. 30 ലക്ഷം രൂപയെന്നതു പദ്ധതിയുടെ പ്രാഥമിക ഘട്ടത്തിൽ ഒറ്റ വീടിന്റെ നിർമാണത്തിനു കണക്കാക്കിയതാണ്. വീടുകൾ ഒരുമിച്ചു നിർമിക്കുമ്പോൾ ചെലവു കുറയും. അങ്ങനെ വരുമ്പോൾ ചെലവു 20 ലക്ഷത്തിലേക്ക് എത്തിക്കാനാകുമെന്നാണു പ്രതീക്ഷ. അതേസമയം കൃഷിഭൂമി നഷ്ടപ്പെട്ടവർക്കു പകരം കൃഷിഭൂമി നൽകാനാകില്ല.

വീടുകൾ നിർമിച്ചു നൽകേണ്ടവരുടെ കരട് പട്ടികയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അന്തിമ പട്ടിക ഉടൻ തയാറാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

# മുനമ്പം ഭൂപ്രശ്നം; ജുഡീഷൽ കമ്മീഷനെ നിയമിച്ചതിനെതിരെ ഹൈക്കോടതി

കൊച്ചി: മുനമ്പത്തെ വഖഫ് ഭൂമി തർക്കത്തിൽ ജുഡീഷൽ കമ്മീഷനെ നിയമിച്ചതിനെതിരെ ഹൈക്കോടതി. കേന്ദ്രമാണോ സംസ്ഥാനമാണോ ജുഡീഷൽ കമ്മീഷനെ നിയമിക്കേണ്ടതെന്നു കോടതി ചോദിച്ചു. വഖഫ് കേന്ദ്ര നിയമമായതിനാൽ കമ്മീഷനെ നിയമിക്കാൻ കേരള സർക്കാരിന് അധികാരമുണ്ടോയെന്നും ജസ്റ്റിസ് ബെച്ചു കുര്യൻ തോമസ് ആരാഞ്ഞു. തുടർന്ന് മുനമ്പം ഭൂമി സംബന്ധിച്ച് നിയമിച്ച ജുഡീഷൽ കമ്മീഷന്റെ അന്വേഷണപരിധി അറിയിക്കാൻ നിർദേശിച്ച കോടതി, ഇതു സംബന്ധിച്ച ഹർജി അടുത്ത ബുധനാഴ്ച പരിഗണിക്കാനായി മാറ്റി. മുനമ്പത്തെ ഭൂമി തർക്കം സംബന്ധിച്ച അന്വേഷണത്തിന് ജുഡീഷൽ കമ്മീഷനെ നിയമിച്ച കേരള സർക്കാർ നടപടി ചോദ്യം ചെയ്ത് കേരള വഖഫ് സംരക്ഷണ വേദി നൽകിയ ഹർജിയാണു കോടതിയുടെ പരിഗണനയിലുള്ളത്.

മുനമ്പത്തേത് വഖഫ് ഭൂമിയെന്നു കോടതി കണ്ടെത്തിയ ഭൂമി കമ്മീഷന്റെ അന്വേഷണപരിധിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ടോയെന്ന് കോടതി ചോദിച്ചു. സിവിൽ കോടതി പരിഗണിച്ച ഭൂമി ഉൾപ്പെടുത്തി വീണ്ടും കമ്മീഷനെ നിയമിക്കാൻ എന്ത് അധികാരമാണ് സർക്കാരിനുള്ളത്? കമ്മീഷൻ നിയമനം സർക്കാർ മനസിരുത്തിയെടുത്ത തീരുമാനമല്ല.

സിവിൽ കോടതി തീർപ്പാക്കിയ ഉടമസ്ഥാവകാശ വിഷയത്തിൽ കമ്മീഷന് ഇടപെടാനാകില്ല. പിന്നെങ്ങനെ ഈ ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് തീരുമാനമെടുക്കാൻ കമ്മീഷനു സാധിക്കും? തീർപ്പാക്കിയ വിഷയത്തിൽ ജുഡീഷൽ കമ്മീഷനെ നിയമിച്ച ഇത്തരം നടപടികൾ ദൂഷ്യഫലമാകും ഉണ്ടാക്കുകയെന്നും കോടതി അഭിപ്രായപ്പെട്ടു. എന്നാൽ, ബന്ധപ്പെട്ട ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച വിഷയങ്ങൾ കമ്മീഷന്റെ അന്വേഷണപരിധിയിൽ വരുന്നില്ലെന്നു സർക്കാർ അഭിഭാഷകൻ ചൂണ്ടിക്കാട്ടി. ഭൂമിവിഷയം കേരള സർക്കാരിന്റെ അധികാരപരിധിയിൽ വരുന്നതാണെന്നും സർക്കാർ വ്യക്തമാക്കി.



# ചിക്കാഗോയിൽ ഇൻഡോ-അമേരിക്കൻ റിപ്പബ്ലിക് പാർട്ടിയുടെ ഉദ്ഘാടനം നിർവഹിച്ചു

ചിക്കാഗോ: അമേരിക്കൻ മലയാളി സമൂഹത്തിൽ ആദ്യമായി ഇൻഡോ-അമേരിക്കൻ റിപ്പബ്ലിക് പാർട്ടിയുടെ ഉദ്ഘാടനം പ്രസിഡണ്ട് ട്രംപിന്റെ സത്യപ്രതിജ്ഞാ ദിവസം തന്നെ ചിക്കാഗോയിൽ നടത്തുകയുണ്ടായി.

**ജോഷി വള്ളിക്കളം**






പ്രസ്തുത യോഗത്തിന്റെ ഉദ്ഘാടനം നോർത്ത് വെസ്റ്റേൺ മെഡിസിൻ ഡെൽനർ ഹോസ്പിറ്റലിലെ സീനിയർ റേഡിയോളജിസ്റ്റായ ഡോ. ബിനു ഫിലിപ്പ് നിർവഹിച്ചു. ആശംസകളർപ്പിച്ചുകൊണ്ട് മുൻ ഡിഫൻസ് മെമ്പറും ബിസിനസ്മാനുമായ ലൂയി ചിക്കാഗോ, റിസർച്ച് ആൻഡ് ഡെവലപ്മെന്റ് സീനിയർ പ്രൊജക്ട് മാനേജർ സോളി കുര്യൻ, ഫ്ളവേഴ്സ് ടിവി സിഇഒ ബിജു സക്കറിയ, ഗ്രേസ് പ്രിന്റിംഗ് സിഇഒയും കേരള എക്സ്പ്രസ് മാനേജിംഗ് എഡിറ്ററുമായ റവ.ഡോ. ടൈറ്റസ് ഈപ്പൻ, യൂത്ത് പ്രതിനിധി കാൽവിൻ കവലയ്ക്കൽ എന്നിവർ സംസാരിച്ചു.

യോഗത്തിൽ കോ-ഓർഡിനേറ്റർ ജോഷി വള്ളിക്കളം സ്വാഗതവും ലജി പട്ടരുമഠത്തിൽ കൃതജ്ഞതയും അർപ്പിച്ചു. ഡോ. സിബിൾ ഫിലിപ്പ് പരിപാടികളുടെ മാസ്റ്റർ ഓഫ് സെറിമണി ആയിരുന്നു. വിസ്മയ തോമസ് അമേരിക്കൻ നാഷണൽ ആന്തം ആലപിച്ചു.

ഈ പരിപാടിയുടെ സംഘാടകരായി മുന്നോട്ടുവന്ന ജോൺ പാട്ടപ്പതി, മോനു വർഗീസ്, ടോമി എടത്തിൽ, ശ്രീജയ നിഷാന്ത്, മോനി വർഗീസ്, ബിജു മുണ്ടയ്ക്കൽ, മനോജ് അച്ചേട്ട്, പീറ്റർ കുളങ്ങര, നിമ്മി കൊളാക്കൽ, ജൂബി വള്ളിക്കളം എന്നിവർ പ്രത്യേകം അഭിനന്ദനം ഏറ്റുവാങ്ങി.

ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധയാകർഷിച്ച പരിപാടിയിൽ കുക്ക് കൗണ്ടി ഹെൽത്ത് സിസ്റ്റം നേഴ്സിംഗ് ഇന്നവേഷൻ ആൻഡ് റിസർച്ച് സെന്റർ സീനിയർ ഡയറക്ടർ ഡോ. സിമി ജെസ്റ്റോ, ഫോമാ ആർവിപി ജോൺസൺ കണ്ണൂക്കാടൻ, സി.എം.എ സെക്രട്ടറി ആൽവിൻ ഷിക്കോർ, സി.എം.എ ട്രഷറർ മനോജ് അച്ചേട്ട്, ഐ.എം.എ മുൻ പ്രസിഡണ്ട് റോയി നെടുംചിറ, കെ.സി.സി.എൻ.എ പ്രസിഡണ്ട് ഷാജി എടാട്ട് തുടങ്ങി നിരവധി പേർ പങ്കെടുത്തു. അമേരിക്കയുടെ ഒരു സുവർണ്ണ കാലഘട്ടമായിരിക്കും അടുത്ത നാലു വർഷത്തേക്ക് വരാനിരിക്കുന്നതെന്ന് സത്യപ്രതിജ്ഞാ ചടങ്ങിൽ പ്രഖ്യാപിച്ച പ്രസിഡണ്ട് ട്രംപിന്റെ വാക്കുകളെ വളരെ പ്രതീക്ഷയോടെയും പ്രത്യാശയോടെയുമാണ് നോക്കിക്കാണുന്നതെന്നതിന്റെ ഒരു തെളിവായിരുന്നു ചിക്കാഗോയിലെ ജനശ്രദ്ധയാകർഷിച്ച ഈ സമ്മേളനം.

# പുതിയ ഗവർണറോട് ഏറ്റുമുട്ടൽ ഒഴിവാക്കുന്നു

തിരുവനന്തപുരം: പുതിയ ഗവർണറുമായുള്ള ഏറ്റുമുട്ടൽ ഒഴിവാക്കാൻ സർവകലാശാലാ നിയമഭേദഗതിയിൽ സെനറ്റ് പുനഃസംഘടന സർക്കാർ വേണ്ടെന്നുവെച്ചു. ഉന്നതവിദ്യാഭ്യാസ കമ്മീഷൻ ശിപാർശയനുസരിച്ചുള്ള നിയമഭേദഗതിയിൽ സെനറ്റിൽ തൊടാതെ, സിൻഡിക്കേറ്റിന്റെ വലുപ്പം മാത്രം കുറച്ചാൽമതിയെന്നാണ് വ്യവസ്ഥ. വിദ്യാർത്ഥികളുടെ ബിരുദം അംഗീകരിക്കാനുള്ള അധികാരം സെനറ്റിൽനിന്ന് സിൻഡിക്കേറ്റിലേക്ക് മാറ്റാനും മന്ത്രിസഭായോഗം അംഗീകരിച്ച സർവകലാശാലാ നിയമഭേദഗതി ബിൽ വ്യവസ്ഥ ചെയ്തു.

സിൻഡിക്കേറ്റിൽ 15 അംഗം മതിയെന്നാണ് ശ്യാം ബി. മേനോൻ കമ്മീഷന്റെ ശിപാർശ. സെനറ്റിന്റെ വലുപ്പംകുറച്ച് 'ബോർഡ് ഓഫ് റീജന്റ്സ്' ആയി പുനഃസംഘടിപ്പിക്കാനും ശിപാർശ ചെയ്തിരുന്നു. രാഷ്ട്രീയാതിപ്രസരം ഒഴിവാക്കി സെനറ്റും സിൻഡിക്കേറ്റും അക്കാദമികസമിതികളാക്കി പരിവർത്തിപ്പിക്കാനാണ് ഈ ശിപാർശ.

നിലവിൽ പല സിൻഡിക്കേറ്റിലും 25 അംഗംവരെയുണ്ട്. ഇനി 18 അംഗ സിൻഡിക്കേറ്റ് മതിയെന്നാണ് പുതിയ ഭേദഗതി. അധ്യാപക-വിദ്യാർത്ഥി പ്രതിനിധികളുടെ എണ്ണം കുറയ്ക്കില്ല. ഇതരവിഭാഗങ്ങളുടെ എണ്ണം കുറച്ച്, അക്കാദമിക പ്രാതിനിധ്യം ഉറപ്പാക്കും. സർക്കാർ നാമനിർദേശം ചെയ്യുന്നവരുടെ എണ്ണവും കുറയും. സർവകലാശാലാ ഭരണത്തിൽ ദൈനംദിന ഇടപെടലിനുപകരം, നയപരമായ സമിതിയായി സിൻഡിക്കേറ്റിന്റെ പ്രവർത്തനം നിയന്ത്രിക്കും.

കമ്മീഷൻ ശിപാർശയനുസരിച്ചുള്ള സെനറ്റ് ഉടച്ചുവാർക്കൽ ആദ്യം ആലോചിച്ചെങ്കിലും പിന്നീടതു വേണ്ടെന്നുവെച്ചു. സെനറ്റിലേക്ക് പത്തിലേറെപ്പേരെ നാമനിർദേശംചെയ്യാൻ ചാൻസലർക്ക് അധികാരമുണ്ട്. സെനറ്റ് ഘടന മാറ്റിയാൽ ഈ വ്യവസ്ഥയിൽ മാറ്റം വരുത്തേണ്ടിവരും. അത്തരമൊരു നടപടി ഗവർണറെ പ്രകോപിപ്പിക്കാനും രാഷ്ട്രീയവിവാദങ്ങൾക്ക് വഴിവെക്കാനും സാധ്യതയുണ്ടെന്ന വിലയിരുത്തലിലാണ് സർക്കാരിന്റെ പിന്മാറ്റം.

FAMILY DENTAL



GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS

552 S WASHINGTON ST., SUITE # 101,
NAPERVILLE, ILLINOIS 60540
PHONE: 630 999 1976

9709 N. MILWAUKEE AVE.
GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)

Children Welcome
Invisalign & Braces





DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD

Appointment, Visit: MyDentistToday.com MONDAY - SATURDAY

ACHIEVE REAL ESTATE GROUP, INC.

*For All Your Real Estate Needs Please Call ...*

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR


# സീനിയർ പാസ്റ്റേഴ്സിനെ ആദരിച്ചു

ചിക്കാഗോ: കഴിഞ്ഞ അര നൂറ്റാണ്ടോളം ചിക്കാഗോയിൽ സഭാ പ്രവർത്തനരംഗത്ത് പ്രശംസനീയമായ നേതൃത്വം കൊടുത്ത നാല് സീനിയർ പാസ്റ്റർമാരെ ചിക്കാഗോ ഗോസ്പൽ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ന

**കുര്യൻ ഫിലിപ്പ്**

ടത്തപ്പെട്ട സമ്മേളനത്തിൽ ആദരിച്ചു. സീനിയർ പാസ്റ്റർമാരായ റവ. പി.വി. കുരുവിള, റവ. ജോസഫ് കെ. ജോസഫ്, റവ. പി.സി. മാമ്മൻ, റവ. ജോർജ് കെ. സ്റ്റീഫൻസൻ എന്നിവരെയാണ് വിശ്വാസിസമൂഹം ആദരിച്ചത്. സിജിഎംഎ ജനറൽ സെക്രട്ടറി കുര്യൻ ഫിലിപ്പ് യോഗനടപടികൾക്ക് നേതൃത്വം നല്കി. രക്ഷാധികാരി കെ.എം. ഈപ്പൻ, പ്രസിഡണ്ട് ഡോ. അലക്സ് ടി. കോശി, വൈസ് പ്രസിഡണ്ട് ഡോ. ടൈറ്റസ് ഈപ്പൻ, ജോയിന്റ് സെക്രട്ടറി ഡോ. ബിജു ചെറിയാൻ, ട്രഷറർ ജോൺസൺ ഉമ്മൻ എന്നിവർ സംഘടനയുടെ പുരസ്കാരം പാസ്റ്റർമാർക്ക് നല്കി. എഫ്പിസിസിയുടെ ഉപഹാരം കൺവീനർ ഡോ. വില്ലി ഏബ്രഹാം സമ്മാനിച്ചു. ജെയിംസ് ജോസഫ്, ബ്യൂല ബെൻ എന്നിവർ എംസിമാരായിരുന്നു. റവ. ജോർജ് മാത്യു പുതുപ്പള്ളി മുഖ്യാതിഥിയായിരുന്നു.













# മിഡ്‌ലാൻഡ് പാർക്ക് സെ. സ്റ്റീഫൻസ് പള്ളിയിൽ ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ

ന്യൂജേഴ്സി: മലങ്കര ഓർത്തഡോക്സ് സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് കമ്മിറ്റിയെ പ്രതിനിധീകരിക്കുന്ന ഒരു സംഘം ജനുവരി 19-ന് മിഡ്‌ലാൻഡ് പാർക്ക് സെന്റ് സ്റ്റീഫൻസ് പള്ളി സന്ദർശിച്ചു. ചെറിയാൻ പെരുമാൾ (മുൻ കോൺഫറൻസ് സെക്രട്ടറി), ഡോ. ഷെറിൻ ഏബ്രഹാം (ജോ. സെക്രട്ടറി), റിംഗിൾ ബിജു, പ്രേംസി ജോൺ II, ജയ ജോൺ, ജസ്റ്റിൻ ജോൺ (കോൺഫറൻസ് കമ്മിറ്റി അംഗങ്ങൾ) എന്നിവർ സംഘത്തിൽ ഉണ്ടായിരുന്നു.



ഫാ. ഡോ. ബാബു കെ. മാത്യു (ഇടവക വികാരി) നേതൃത്വം നല്കിയ കുർബാനയ്ക്കു ശേഷം അജു തര്യൻ (ഇടവക സെക്രട്ടറി) കമ്മിറ്റി അംഗങ്ങളെ ഊഷ്മളമായി സ്വാഗതം ചെയ്തു. ഇടവകാംഗവും ഭദ്രാസന കൗൺസിൽ അംഗവും മുൻ കോൺഫറൻസ് സെക്രട്ടറിയുമായ ജോബി ജോൺ, കോൺഫറൻസുമായുള്ള ഇടവകയുടെ ദീർഘകാല ബന്ധവും കോൺഫറൻസിന്റെ വിജയത്തിന് ഇടവക നല്കിയിട്ടുള്ള നിസ്സീമമായ പിന്തുണയും ഓർമ്മിപ്പിച്ചു.

ചെറിയാൻ പെരുമാൾ കോൺഫറൻസിന്റെ തീയതി, സമയം, പ്രസംഗകർ തുടങ്ങിയ വിവരങ്ങൾ പങ്കുവെക്കുകയും മുൻ സെക്രട്ടറി എന്ന നിലയിലുള്ള തന്റെ അനുഭവത്തെക്കുറിച്ച് സംസാരിക്കുകയും ചെയ്തു. യുവജന നേതൃത്വത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച മുൻകൈകളും അദ്ദേഹം എടുത്തുകാട്ടി.

രജിസ്ട്രേഷൻ വിശദാംശങ്ങൾ പ്രേംസി ജോൺ II, നല്കി. പങ്കെടുക്കുന്നവർ അവരുടെ സീറ്റുകൾ ഉറപ്പാക്കാൻ വൈകാതെ രജിസ്റ്റർ ചെയ്യാൻ പ്രോത്സാഹിപ്പിച്ചു. ഡോ. ഷെറിൻ ഏബ്രഹാം സ്പോൺസർഷിപ് അവസരങ്ങളും ആനുകൂല്യങ്ങളും വിശദീകരിച്ചു.

കോൺഫറൻസിന്റെ സ്മരണയ്ക്കായി പ്രസിദ്ധീകരിക്കുന്ന സുവനീറിനെക്കുറിച്ചുള്ള വിവരങ്ങൾ റിംഗിൾ ബിജു നല്കി. കോൺഫറൻസിന്റെ രണ്ടാം ദിനത്തിൽ നടക്കുന്ന വിനോദ സായാഹ്നത്തെപ്പറ്റി ജയ ജോൺ സംസാരിക്കുകയും സബ്മിഷനുകൾ ക്ഷണിക്കുകയും ചെയ്തു. ജസ്റ്റിൻ ജോൺ മുൻ കോൺഫറൻസുകളിൽ നിന്നുള്ള തന്റെ നല്ല അനുഭവങ്ങൾ പങ്കുവെച്ചു. കോൺഫറൻസിന് ആവേശവും ഊർജ്ജവും നല്കുവാൻ എത്രയും വേഗം രജിസ്റ്റർ ചെയ്യാൻ അദ്ദേഹം യുവാക്കളോട് അഭ്യർത്ഥിച്ചു.

പള്ളിയിൽ നിന്നുള്ള സ്പോൺസർമാരെയും രജിസ്റ്റർ ചെയ്തവരെയും ജോബി ജോൺ പരിചയപ്പെടുത്തുകയും അവരുടെ പിന്തുണയ്ക്ക് നന്ദി അറിയിക്കുകയും ചെയ്തു. സണ്ണി വർഗീസ് (ഭദ്രാസന അസംബ്ലി അംഗം) കോൺഫറൻസ് കമ്മിറ്റിക്ക് നന്ദി പറയുകയും ഏറ്റവും കൂടുതൽ രജിസ്ട്രേഷനുകൾ ലക്ഷ്യമിടുന്നതിന് ഏവരെയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

കോൺഫറൻസിന്റെ വിജയത്തിന് ഫാ. ഡോ. ബാബു കെ. മാത്യു ഇടവകയുടെ പൂർണ്ണ സഹകരണവും പിന്തുണയും വാഗ്ദാനം ചെയ്തു.

2025 ജൂലൈ 9 മുതൽ 12 വരെ കണക്ടിക്കട്ട് ഹിൽട്ടൺ സ്റ്റാംഫർഡ് ഹോട്ടൽ & എക്സിക്യൂട്ടീവ് മീറ്റിംഗ് സെന്ററിലാണ് കോൺഫറൻസ് നടക്കുന്നത്.

**ഉമ്മൻ കാപ്പിൽ**

റവ.ഡോ. നൈനാൻ വി. ജോർജ് (ഓർത്തഡോക്സ് വൈദികസംഘം ജനറൽ സെക്രട്ടറി), റവ.ഡോ. റ്റിമത്തി (ടെന്നി) തോമസ് (നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന സൺഡേസ്കൂൾ ഡയറക്ടർ), ഫാ. ജോൺ (ജോഷ്വ) വർഗീസ് (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന യൂത്ത് മിനിസ്റ്റർ), റവ. ഡീക്കൻ അന്തോണിയോസ് (റോബി) ആന്റണി (ടാൽമിഡോ-നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെൻസ് മിനിസ്ട്രി ഡയറക്ടർ) എന്നിവരാണ് മുഖ്യപ്രസംഗകർ.



'നമ്മുടെ പൗരത്വം സ്വർഗത്തിലാണ്, അവിടെ നിന്നുള്ള ഒരു രക്ഷകനായ കർത്താവായ യേശുക്രിസ്തുവിനെ ഞങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്നു' (ഫിലിപ്പിയർ 3:20) എന്ന ബൈബിൾ വാക്യത്തെ അടിസ്ഥാനമാക്കിയുള്ള 'The Way of the Pilgrim' (പരദേശിയുടെ വഴി) എന്നതാണ് കോൺഫറൻസിന്റെ പ്രമേയം.

ബൈബിൾ, വിശ്വാസം, പാരമ്പര്യം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും.

രജിസ്ട്രേഷനും വിശദാംശങ്ങൾക്കും www.fycnead.org സന്ദർശിക്കുക.

കൂടുതൽ വിവരങ്ങൾക്ക്: ഫാ. അബു വർഗീസ് പീറ്റർ, കോൺഫറൻസ് കോ-ഓർഡിനേറ്റർ (ഫോൺ: 914 806 4595), ജെയ്സൺ തോമസ് കോൺഫറൻസ് സെക്രട്ടറി (ഫോൺ: 917 612 8832), ജോൺ താമരവേലിൽ കോൺഫറൻസ് ട്രഷറർ (ഫോൺ: 917 533 3566) എന്നിവരുമായി ബന്ധപ്പെടുക.

# ഫിലാഡൽഫിയ ഇടവകയിൽ സെമിനാർ നടത്തി

**രാജൻ വാഴപ്പള്ളിൽ**

വാഷിങ്ടൺ ഡിസി: ഫിലാഡൽഫിയ-പെൻസിൽവാനിയ സെ. തോമസ് മലങ്കര ഓർത്തഡോക്സ് ഇടവകയിൽ ജനുവരി 19-ന് ഞായറാഴ്ച ഫാ. ഡോ. ജോൺസൺ സി. ജോണിന്റെ നേതൃത്വത്തിൽ പഠനത്തിന്റെയും സമൂഹനിർമ്മാണത്തിന്റെയും ഒരു സെമിനാർ സംഘടിപ്പിച്ചു. ഐക്യത്തിന്റെയും വളർച്ചയുടെയും സാമൂഹിക ഉത്തരവാദിത്വത്തെക്കുറിച്ച് ഈ സെമിനാറിൽ ഊന്നിപ്പറഞ്ഞു.



പെൻസിൽവാനിയ ഡിപ്പാർട്ടുമെന്റ് ഓഫ് മിലിട്ടറി ആൻഡ് വെറ്ററൻസ് അഫയേഴ്സിൽ നിന്ന് വിരമിച്ച ഡയറക്ടർ ഡയറക്ടർ നൈനാൻ മത്തായിയുടെ അവതരണം ഉൾക്കൊള്ളുന്ന വിദ്യാഭ്യാസ ശാക്തീകരണ പരമ്പരയോടെയാണ് ദിവസം ആരംഭിച്ചത്. സമൂഹാംഗങ്ങൾ പരസ്പരം അറിവുള്ളവരായിരിക്കുകയും പിന്തുണയ്ക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞുകൊണ്ട് മെഡികെയറിന്റെയും മെഡികെയ്ഡിനെയും കുറിച്ചുള്ള വിലപ്പെട്ട ഉൾക്കാഴ്ചകൾ നൈനാൻ മത്തായി പങ്കുവെച്ചു. അദ്ദേഹത്തിന്റെ പ്രസംഗം സദസ്സിനെ പ്രചോദിപ്പിക്കുകയും സാമൂഹിക പ്രതിബദ്ധതയുടെ പ്രാധാന്യം എടുത്തു കാണിക്കുകയും ചെയ്തു. അദ്ദേഹത്തോടൊപ്പം വിശിഷ്ടാതിഥികളായ മാത്യു സാമുവൽ (സുരേഷ്), തോമസ് സാമുവൽ, തോമസുകുട്ടി വർഗീസ്, ജോർജ് പണിക്കർ എന്നിവർ പരിപാടികൾക്ക് പ്രാധാന്യം നല്കി.

ജോസ്ലിൻ ഫിലിപ്പിന്റെ നന്ദിപ്രകാശനത്തോടെയാണ് സെഷൻ അവസാനിച്ചത്. തുടർന്ന് തോമസുകുട്ടി വർഗീസ്, ബിസ്മി വർഗീസ്, ജെയ്സെലിൻ ഫിലിപ്പ് എന്നിവർ ഗാനങ്ങൾ ആലപിച്ചു.

മർത്തമറിയം വനിതാസമാജം സംഘടിപ്പിച്ച ആവേശകരമായ പാചകമത്സരം, ജെസ്സി രാജനും ജെയ്സി ജോണും നേതൃത്വം നല്കി.

സെലിൻ ജോൺസൺ ഒന്നാം സമ്മാനം നേടി. ആനി ചെറിയാൻ രണ്ടാം സമ്മാനം നേടി. പള്ളിയിലെ മുൻ വൈദികനായിരുന്ന പരേതനായ ഫാ. ബാബു വർഗീസിന്റെ അനുസ്മരണ വാർഷികത്തോടനുബന്ധിച്ച സ്മരണാഞ്ജലിയും പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നു.

# നാഗൽ കീർത്തന അവാർഡ് പാസ്റ്റർ സാംകുട്ടി മത്തായിക്ക് സമ്മാനിച്ചു

**കുര്യൻ ഫിലിപ്പ്**

ചിക്കാഗോ: ക്രൈസ്തവ സാഹിത്യ അക്കാദമി പ്രഖ്യാപിച്ച വി നാഗൽ കീർത്തന അവാർഡ് പാസ്റ്റർ സാംകുട്ടി മത്തായി ചിക്കാഗോയിൽ നടന്ന ചടങ്ങിൽ വെച്ച് ഏറ്റുവാങ്ങി. ചിക്കാഗോ ഗോസ്പൽ മീഡിയ അസോസിയേഷൻ സംഘടിപ്പിച്ച ചടങ്ങിൽ വെച്ച് രക്ഷാധികാരി കെ.എം. ഈപ്പൻ അവാർഡ് സമ്മാനിച്ചു. സിജിഎംഎ ജനറൽ സെക്രട്ടറി കുര്യൻ ഫിലിപ്പ് മംഗളപത്രം നല്കി. ജെയിംസ് ജോസഫ് അവാർഡ് ജേതാവിനെ സദസ്സിന് പരിചയപ്പെടുത്തി. എഫ്പിസിസിയുടെ ഉപഹാരം കൺവീനർ ഡോ. വില്ലി ഏബ്രഹാം നല്കി. പ്രശസ്ത സാഹിത്യകാരൻ റവ. ജോർജ് മാത്യു പുതുപ്പള്ളി അച്ചൻ മുഖ്യാതിഥിയായിരുന്നു. സിജിഎംഎ പ്രസിഡണ്ട് ഡോ. അലക്സ് ടി. കോശി, വൈസ് പ്രസിഡണ്ട് ഡോ. ടൈറ്റസ് ഈപ്പൻ, ജോയിന്റ് സെക്രട്ടറി ഡോ. ബിജു ചെറിയാൻ, ട്രഷറർ ജോൺസൺ ഉമ്മൻ എന്നിവർ പരിപാടിക്ക് നേതൃത്വം നല്കി.







ആത്മചൈതന്യം പകരുന്ന 150-ൽപ്പരം ഗാനങ്ങൾ ക്രൈസ്തവ ഗാനസാഹിത്യത്തിന് നല്കിക്കൊടുത്ത പാസ്റ്റർ സാംകുട്ടിയുടെ സംഭാവന വിലമതിക്കാനാവാത്തതാണെന്ന് സമ്മേളനം വിലയിരുത്തി. മുതിർന്ന പാസ്റ്റർമാരായ റവ. പി.വി. കുരുവിള, റവ. ജോസഫ് കെ. ജോസഫ്, റവ. പി.സി. മാമ്മൻ, റവ. ജോർജ് കെ. സ്റ്റീഫൻസൺ എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു. ഐപിസി ഹെബ്രോൺ ഗോസ്പൽ സെന്ററിൽ ജനുവരി 18-ന് നടന്ന സമ്മേളനത്തിൽ നിരവധി ദൈവദാസന്മാരും വിശ്വാസികളും പങ്കെടുത്തു. ക്രൈസ്തവ സാഹിത്യ അക്കാദമിയുടെ പ്രസിഡണ്ടായി ടോണി വി. ചെവുക്കാരനും ജനറൽ സെക്രട്ടറിയായി സജി മത്തായി കാതെട്ടും പ്രവർത്തിക്കുന്നു.

# കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്കയുടെ റീജിയണൽ കൺവൻഷൻ

റ്റാമ്പാ: കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്കയുടെ റീജിയണൽ കൺവൻഷനും ശുഭാരംഭവും ഫെബ്രുവരി 22-ന് ശനിയാഴ്ച രാവിലെ 11 മണി മുതൽ ഫ്ളോറിഡയിലെ റ്റാമ്പാ സീറോ മലബാർ ഹാളിൽ വെച്ച് നടക്കും. ഫ്ളോറിഡയിലും അറ്റ്ലാന്റയിലുമുള്ള എല്ലാ സംഘടനകളുടെയും സഹകരണത്തോടു കൂടിയുള്ള അതിവിപുലമായ പരിപാടികളാണ് ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നത്.

കലാപരിപാടികളിൽ ഫ്ളോറിഡയിൽ നിന്നുള്ള 150-ൽപ്പരം കലാകാരന്മാരാണ് പങ്കെടുക്കുന്നത്. പുരാണങ്ങളെ അടിസ്ഥാനമാക്കിയുള്ള നൃത്താവിഷ്കരണങ്ങളും കുട്ടികൾക്കു വേണ്ടിയുള്ള ഡിബേറ്റുകളും എടുത്തുപറയേണ്ട പരിപാടികളാണ്. 2014-ലാണ് ഫ്ളോറിഡയിലെ ആദ്യത്തെ റീജിയണൽ കൺവൻഷൻ റ്റാമ്പായിൽ സംഘടിപ്പിക്കുന്നത്. അതിനുശേഷം ഇപ്പോഴാണ് റ്റാമ്പായിൽ മറ്റൊരു റീജിയണൽ കൺവൻഷൻ നടക്കുന്നത്.

പരിപാടിയിലേക്കുള്ള പ്രവേശനം പൂർണ്ണമായും സൗജന്യമാണ്. എല്ലാവരും ഫാമിലിയായി പങ്കെടുക്കണമെന്ന് ഭാരവാഹികൾ അറിയിച്ചു. പരസ്പരം പരിചയപ്പെടുവാനുള്ള അവസരങ്ങൾ പരിപാടിയിൽ ഉൾപ്പെടുത്തുന്നതാണ്.


കലാപരിപാടികൾ നടത്തുവാൻ ആഗ്രഹിക്കുന്നവർ നോട്ടീസിൽ കാണുന്ന ഭാരവാഹികളെ ജനുവരി 31-നു മുമ്പായി അറിയിക്കുക. അഞ്ചിൽ കുറയാത്ത ആളുകളുടെ ഗ്രൂപ്പ് പരിപാടികൾ മാത്രമേ അന്നത്തെ ദിവസം അനുവദിക്കുകയുള്ളൂ.

കെഎച്ച്എൻഎ ഫ്ളോറിഡ സ്റ്റേറ്റ് കൺവീനേഴ്സ് സുനിത മേനോൻ, വിനോദ് നായർ എന്നിവരാണ്. റീജിയണൽ വൈസ് പ്രസിഡണ്ടുമാരായി ദീപക് സുകുമാരൻ, സുരേഷ് പള്ളിക്കുത്ത്, ഗോപൻ നായർ, സ്മിത നോബിൾ തുടങ്ങിയവർ പ്രവർത്തിക്കുന്നു.

Venue: 5501 Williams Rd, Seffner (Tampa) FL 33584

Date and Time: February 22nd. 2025 11 am onwards.

## നെഞ്ചിടിപ്പ്



ജെയിംസ് ചെട്ടിയാത്ത്

ഈലോക ജീവിത ഓട്ടത്തിൽ ജയിച്ചു നീ
സ്വർഗ്ഗലോക ജീവിതം തുടങ്ങിയല്ലോ
അപ്പനും അമ്മയും ഉണ്ട് അവിടെ, പിന്നെ
ചേച്ചി അനുജത്തി ആങ്ങളമാരും.
മഞ്ഞസാരിയിൽ മറച്ച നിൻ നുണക്കുഴി
എൻ മനസ്സിൽ ഉള്ളിൽ എപ്പോഴുമുണ്ട്
50 വർഷം പോയത് അറിഞ്ഞല്ല, പിന്നെ
എന്തിന് എന്നെ നീ തനിച്ചാക്കി.
പേരക്കിടാങ്ങൾ വന്നുപോകും നിന്റെ
ചില്ലിട്ട ചിത്രത്തിൽ മുത്തം കൊടുക്കും
അമ്മ മനസ്സ് എത്ര മനോഹരം
ജീവിച്ച കാലത്ത് ഓർക്കുമോ നമ്മൾ.
കൂടെപ്പിറന്നവർ, കൂടെ പഠിച്ചവർ
കൂട്ടത്തിലുള്ള ഫോട്ടോകൾ കാണുമ്പോൾ
നിൻ മേനിയിൽ മുട്ടി ഉരുമ്മി
നിൽക്കുന്ന ഭാവനയാണ് എൻ മനസ്സിൽ.
പുലർകാല സ്വപ്നത്തിൽ കണ്ടു ഞാൻ നിന്നെ
അന്നു ഉടുത്ത വെള്ള സാരിയിൽ ചുറ്റി
പറന്നുയർന്നു നീ റോസാപ്പൂക്കളും ഏന്തി
മറക്കുകയില്ല നിന്നെ ഞാൻ എൻ നെഞ്ചിടിപ്പ് ഉള്ളകാലം.



കേരളാ എക്സ്പ്രസ് സേവനത്തിന്റെ മുപ്പത്തിമൂന്നാം വർഷം 1992-2025







"നേതൃത്വം വേറിട്ടതാകുമ്പോഴാണ് അത് ആരാധനയ്ക്ക് അർഹമാകുന്നത്."

# ജീവിതം സേവന പാതയിലൂടെ ജോയി ചാക്കപ്പൻ



അമേരിക്കൻ മലയാളികളുടെ മഹാസംഘടനയായ ഫൊക്കാന (Federation of Kerala Asosciations in North America)യുടെ 2024 – 2026 കാലയളവിലേക്കുള്ള ട്രഷററായി ജോയി ചാക്കപ്പനെ തെരഞ്ഞെടുത്തത്, ഒരു മികച്ച നേതാവിന് അമേരിക്കൻ മലയാളികൾ നൽകിയ വലിയ അംഗീകാരം കൂടിയാണ്. കൊരട്ടിയിൽ നിന്നാരംഭിച്ച് ന്യൂജേഴ്സിയിലെ മലയാളി സമൂഹത്തിന്റെ തിരക്കുള്ള സാംസ്കാരിക ജീവിതത്തിലേക്ക്, പിന്നീട് ഫൊക്കാനയുടെ ട്രഷറർ പദവിയിലേക്ക്, തന്റെ ജീവിതയാത്രയിൽ അദ്ദേഹം എത്തിപ്പിടിച്ചതെല്ലാം ഇപ്പോഴും മനുഷ്യ ഹൃദയങ്ങളിൽ ജ്വലിച്ചുകൊണ്ടിരിക്കുകയാണ്.

### തുടക്കത്തിന്റെ അധ്യായങ്ങൾ: കൊരട്ടിയിൽ നിന്നുള്ള വിജയ യാത്ര

തൃശ്ശൂർ ജില്ലയിലെ കൊരട്ടി, ചൂടും സ്നേഹവും നിറഞ്ഞ ഒരു ചെറിയ ഗ്രാമം. ഇവിടെ നിന്നാണ് ജോയി ചാക്കപ്പന്റെ ജീവിതം ആരംഭിച്ചത്. കൊലയിടം വളപ്പിൽ കുടുംബത്തിൽ, പരേതരായ ചാക്കപ്പൻ – മറിയം ദമ്പതികളുടെ എട്ടുമക്കളിൽ നാലാമനായി ജനിച്ച ജോയി, കുട്ടിക്കാലം മുതൽ തന്നെ മനസ്സിൽ വലിയ സ്വപ്നങ്ങളുമായി വളർന്നു. മഠം സ്കൂളിൽ ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെ, തുടർന്ന് കൊരട്ടി M.A.M ഹൈസ്കൂളിൽ അഞ്ചാം ക്ലാസ് മുതൽ 10–ാം ക്ലാസ് വരെ അദ്ദേഹം വിദ്യാഭ്യാസം പൂർത്തിയാക്കി. അവിടെ നിന്നുള്ള വിദ്യാഭ്യാസം പിന്നീട് ഇരിങ്ങാലക്കുടയിലെ ക്രൈസ്റ്റ് കോളജിൽ പ്രീഡിഗ്രി പൂർത്തിയാക്കുന്നതിലേക്ക് വരെ നയിച്ചു. പഠനമികവിൽ സമാനതകൾ ഇല്ലാത്ത ജോയി, കാലടി ശ്രീ ശങ്കര കോളജിൽനിന്നും ഫിസിക്സിൽ ബിരുദം എടുത്തു. എന്നാൽ, അദ്ദേഹത്തിന്റെ ജീവിതത്തിന് മറ്റൊരു ദിശ കിട്ടിയത് ബിരുദ പരീക്ഷകളിൽ നിന്നല്ല മറിച്ച് 1983–ൽ അമേരിക്കയിലേക്ക് കുടിയേറിയ ആ രാത്രിയിൽ നിന്നും പകലിൽ നിന്നുമായിരുന്നു.

### അമേരിക്കയിലെ ജീവിതത്തിന്റെ തുടക്കം: വിദ്യാഭ്യാസവും തൊഴിലും

അമേരിക്കയിൽ എത്തിയശേഷം, ജോയി കമ്പ്യൂട്ടർ സയൻസ് രംഗത്ത് തന്റെ പഠനം തുടർന്നു. അക്കാലത്ത് സമൂഹത്തിൽ മികവ് തെളിയിക്കുന്നതിന് സാധാരണക്കാർ നേരിടേണ്ടി വരുന്ന വെല്ലുവിളികളെ മറികടന്ന്, തന്റെ കഴിവുകൾ പുറത്തുകൊണ്ടുവന്നാണ് ജോയി ഒരു ജോലി സ്വന്തമാക്കിയത്. ഇ.ഡി.എസ് കമ്പനിയിൽ ഐ.ടി. മേഖലയിലാണ് അദ്ദേഹം ജോലി ആരംഭിച്ചത്. ഒരു കരിയർ മാത്രമല്ല, അദ്ദേഹത്തിന് വളർച്ചയുടെ പാതയായി മാറിയ ഈ ജോലി ജീവിതത്തിന്റെ വലിയ ഭാഗം കവർന്നു എന്ന് വേണമെങ്കിൽ പറയാം. 34 വർഷമായി, ഇപ്പോഴും അദ്ദേഹം അതേ കമ്പനിയിൽ ഇൻഫർമേഷൻ അനലിസ്റ്റായി പ്രവർത്തിക്കുന്നു.

അതേസമയം, ജോയി ചാക്കപ്പന്റെ കഴിവുകൾ ഐ.ടി. മേഖലയിൽ മാത്രം പരിമിതമായിരുന്നില്ല. ഫിനാൻഷ്യൽ അഡ്വൈസറായും, വ്യക്തികൾക്കും കുടുംബങ്ങൾക്കും സാമ്പത്തിക കാര്യങ്ങളിൽ മാർഗ്ഗനിർദേശം നൽകുന്ന വ്യക്തിയായും അദ്ദേഹം പ്രവർത്തിക്കുന്നു. സാമ്പത്തിക രംഗത്തെ വിജ്ഞാനവും അനുഭവവും, സമൂഹത്തിനുള്ള സേവനമായി അദ്ദേഹം കാണുന്നു, ഇത് അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ മഹത്തായ ഭാഗമാണ്.

### സാമൂഹ്യ സേവനത്തിലേക്കുള്ള പ്രവേശനം: മലയാളികൾക്കായി സമർപ്പിച്ച ജീവിതം

20 വർഷം മുമ്പ്, ന്യൂജേഴ്സിയിലെ കേരള കൾച്ചറൽ ഫോറത്തിലൂടെ (കെ.സി.എഫ്.), ജോയി തന്റെ സാമൂഹിക സേവന പ്രവർത്തനങ്ങൾ ആരംഭിച്ചു. പ്രസിഡന്റായി രണ്ടുതവണ, സെക്രട്ടറിയായും ട്രസ്റ്റി ബോർഡ് അംഗമായും, തുടങ്ങി അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ കെ.സി.എഫ്–നെ കൂടുതൽ പ്രഗത്ഭമായ ഒരു സംഘടനയാക്കി മാറ്റി.

സീറോ മലബാർ സഭയുടെ ന്യൂജേഴ്സിയിലെ വളർച്ചയ്ക്കൊപ്പം പ്രവർത്തിച്ച അദ്ദേഹം, ന്യൂജേഴ്സിയിലെ സെന്റ് ജോർജ് സീറോ മലബാർ പള്ളിയുടെ സ്ഥാപക ട്രസ്റ്റിയായിരുന്നു. നാലു തവണ ട്രസ്റ്റിയായി (എട്ട് വർഷം), ഒരുതവണ സെക്രട്ടറിയായും, പ്രവർത്തിക്കുകയും സഭയുടെയും പള്ളിയുടെയും പ്രവർത്തനങ്ങൾക്കൊ















# വഴിത്താരകൾ

തയ്യാറാക്കിയത്: **അനിൽ പെണ്ണുക്കര**

പ്പം നിലനിൽക്കുന്ന സാമൂഹിക പ്രസ്ഥാനങ്ങളെ ഇത് കൂടുതൽ ശക്തിപ്പെടുത്തി. 2003-ൽ സീറോ മലബാർ നാഷണൽ കൺവൻഷന്റെ ജനറൽ സെക്രട്ടറിയായി, കൺവൻഷൻ വിജയകരമായി നടത്തിയത് ജോയി ചാക്കപ്പന്റെ നേതൃത്വപാടവത്തിന്റെ തെളിവായിരുന്നു.

### ഫൊക്കാനയ്ക്കൊപ്പമുള്ള 25 വർഷങ്ങൾ പ്രവർത്തനങ്ങൾ: ഉയർച്ചയുടെ പാത

2018 – 2020 കാലയളവിൽ ഫൊക്കാനയുടെ ജോയിന്റ് സെക്രട്ടറിയായും, അതിനുമുമ്പ് ഫൊക്കാന കൺവൻഷൻ ചെയർമാനായും, അദ്ദേഹം സംഘടനയുടെ സജീവ പ്രവർത്തനങ്ങളിൽ നിർണ്ണായക പങ്കുവഹിച്ചു. ഫൊക്കാനയുടെ 18-ാമത് അന്താരാഷ്ട്ര കൺവൻഷനിൽ, ബാങ്കറ്റ് ആൻഡ് കൾച്ചറൽ പ്രോഗ്രാമുകളുടെ കോ-ഓർഡിനേറ്ററായി, സേവനം തുടങ്ങിയ നാൾമുതൽ അദ്ദേഹം തന്റെ സംഘാടക കഴിവുകൾ തെളിയിച്ചു. നാഷണൽ കമ്മിറ്റിയിൽ അംഗമായും പ്രവർത്തിച്ച ജോയി, ഫൊക്കാനയുടെ സമഗ്ര വളർച്ചക്ക് അതുല്യമായ സംഭാവനകളാണ് നൽകിയിട്ടുള്ളത്.

സേവനത്തിനും നേട്ടങ്ങൾക്കും ഒപ്പം ജോയി ചാക്കപ്പൻ ഫൊക്കാനയുമായി സഹകരിച്ചിട്ടുള്ള 25 വർഷങ്ങളിലെ അനുഭവങ്ങൾ അദ്ദേഹത്തിന്റെ സമൂഹത്തിനുള്ള സമർപ്പണത്തിനും അസാമാന്യ പാടവത്തിനും തെളിവാണ്. കഴിഞ്ഞ പത്ത് വർഷത്തിനുള്ളിലാണ് അദ്ദേഹം ഫൊക്കാനയിലേക്ക് സമഗ്രമായി അടുക്കാൻ തുടങ്ങിയത്. ഈ സമയത്ത് അദ്ദേഹം നിരവധി പ്രധാനപ്പെട്ട സ്ഥാനങ്ങൾ കൈകാര്യം ചെയ്തിരുന്നു. ഡോ. സജിമോൻ ആന്റണിയ്ക്കും ശ്രീകുമാർ ഉണ്ണിത്താനുമൊപ്പം കരുത്തുറ്റൊരു ടീമിന്റെ ഭാഗമായിട്ടാണ് ജോയി, ഫൊക്കാനയുടെ ട്രഷററായി തിരഞ്ഞെടുക്കപ്പെട്ടത്. അത് അദ്ദേഹത്തിന്റെ നേതൃത്വത്തിനുള്ള വലിയ അംഗീകാരമായി മാറി. മലയാളി സമൂഹത്തിന്റെ ഐക്യത്തിനും വളർച്ചയ്ക്കും തുടർച്ചയായി സമർപ്പിച്ച പ്രവർത്തനങ്ങളാണ് അദ്ദേഹത്തെ ഈ സ്ഥാനത്തേക്ക് ഉയർത്തിയത്.

### നാട്ടുകൂട്ടത്തിലെ നന്മ നിറഞ്ഞ മനുഷ്യൻ

സാമൂഹിക നീതിയും സാംസ്കാരിക ഐക്യവും ഒത്തുചേരുന്ന ജോയി ചാക്കപ്പന്റെ മറ്റൊരു പ്രിയപ്പെട്ട കൂട്ടായ്മയാണ് 'നാട്ടുകൂട്ടം', 35 വർഷമായി അമേരിക്കൻ മലയാളികൾക്കിടയിൽ സാംസ്കാരിക ഐക്യത്തിന്റെ ശക്തമായ മാതൃകയായി ഈ സംഘടന തുടരുകയാണ്. ജാതിയും മതവും മറികടന്ന് പ്രവർത്തിക്കുന്ന ഈ കൂട്ടായ്മ, മലയാളികളുടെ ഭാഷയും സംസ്കാരവും അടുത്ത തലമുറയിലേക്ക് കൈമാറുകയാണ് ലക്ഷ്യമിടുന്നത്. മലയാളം മറക്കാതെ, യുവതലമുറയ്ക്കും മുതിർന്നവർക്കും തമ്മിൽ ബന്ധം സൃഷ്ടിക്കാൻ ശ്രദ്ധിക്കുന്ന നാട്ടുകൂട്ടം, വ്യക്തിപരമായ പരിഗണനകളില്ലാതെ സാമൂഹിക പ്രവർത്തനങ്ങൾ വിജയകരമായി നടപ്പാക്കുന്ന ഒരു ശക്തമായ സമൂഹവേദി കൂടിയാണ്.

### പ്രവർത്തനങ്ങളുടെ പറുദീസകൾ

ഒരാൾക്കും സാമ്പത്തിക ബാധ്യതകൾ ഇല്ലാതെ ഒരു സ്വയം പര്യാപ്ത സിസ്റ്റം സൃഷ്ടിക്കുക എന്നതാണ് ഏതൊരു സംഘടനാ പ്രവർത്തനത്തിലും ജോയി ചാക്കപ്പൻ വിശ്വസിക്കുന്നത്. ഫൊക്കാനയുടെ പ്രവർത്തനങ്ങൾക്കു പകരമായി പണം മാത്രം ആശ്രയിക്കുന്നത് വേണ്ട, അതിനുപകരം, മനുഷ്യബന്ധങ്ങളുടെയും സഹകരണങ്ങളുടെയും ശക്തി ഉപയോഗിച്ച് കൂടുതൽ കാര്യങ്ങൾ സാധ്യമാക്കാവുന്നതാണ് എന്ന അഭിപ്രായവും അദ്ദേഹത്തിനുണ്ട്. ഇതിലൂടെ എല്ലാ അംഗങ്ങൾക്കും മികച്ച അവസരങ്ങൾ നൽകുന്നതാവണം ഓരോ സംഘടനയുടെയും ലക്ഷ്യം. എല്ലാവരെയും ഒപ്പം നിർത്തുകയും അവർക്കും സംഘടനയിലൂടെ കൂടുതൽ അവസരങ്ങളും നൽകുക. അതാണ് ജോയി ചാക്കപ്പന്റെ ലക്ഷ്യം.

### ഫൊക്കാന ബിസിനസ് ഡയറക്ടറി: മലയാളി പ്രൊഫഷനലുകളുടെ കൂട്ടായ്മ

ഫൊക്കാനയുടെ പുതിയ ബിസിനസ് ഡയറക്ടറി തയാറാക്കുന്നതിലൂടെ മലയാളി പ്രൊഫഷണലുകളെ ഒരുമിച്ചുള്ള കൂട്ടായ്മയിലേക്ക് ആകർഷിക്കാൻ കഴിയുമെന്നാണ് ജോയി ചാക്കപ്പൻ ലക്ഷ്യമിടുന്നത്. ഈ ഡയറക്ടറിയുടെ പ്രധാന ആസൂത്രണം, അമേരിക്കൻ മലയാളി സമൂഹത്തിലെ വ്യവസായ മേഖലകളിൽ പ്രവർത്തിക്കുന്ന പ്രൊഫഷനലുകൾക്ക് ഒരു വ്യത്യസ്തവും ശക്തവുമായ പ്ലാറ്റ്ഫോം നൽകുക എന്നതാണ്. എല്ലാ അംഗങ്ങളും അവരുടെ മേഖലയിലെ അനുഭവങ്ങൾ പങ്കുവെച്ച് കൂടുതൽ നൂതനമായ രീതിയിൽ പ്രവർത്തനങ്ങൾ നടത്തുന്ന ഒരു പുതിയ തുടക്കമാണ് ഈ ഡയറക്ടറി. സാധാരണ അഡ്രസ്സും ഫോൺ നമ്പറും നൽകുന്നതിൽ നിന്ന് വ്യത്യസ്തമായ രീതിയിൽ അവരുടെ ചെറു വിവരണങ്ങളും കൂടി

ഉൾപ്പെടുത്തി ഒരു അടയാളപ്പെടുത്തലായി ഈ ഡയറക്ടറിയെ മാറ്റുകയാണ് ഫൊക്കാനയുടെ ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു.

'സുതാര്യമാണ് ഫൊക്കാനയുടെ പ്രവർത്തനങ്ങൾ – പുതിയ തലമുറയെ ഫൊക്കാനയിലേക്ക് കൊണ്ടുവരാൻ പദ്ധതി തയ്യാറാക്കുന്നുണ്ട്. യൂത്ത് വിഷൻ പദ്ധതി ഉണ്ടാക്കും. നിയമജ്ഞർ, മറ്റു യുവപ്രൊഫഷണലുകൾ, രാഷ്ട്രീയക്കാർ എന്നിവരെ കോർത്തിണക്കി ഒരു പ്രോജക്ട് നടപ്പിലാക്കും. മലയാളി സമൂഹത്തിൽ നിന്ന് രാഷ്ട്രീയ രംഗത്തേക്ക് പുതിയ തലമുറ ഉണ്ടാകേണ്ടത് ആവശ്യമാണ്', ജോയി ചാക്കപ്പൻ തന്റെയും ഫൊക്കാനയുടെയും നിലപാട് പറഞ്ഞത് ഇങ്ങനെയാണ്.

### ഭവനം പ്രോജക്ട്: അശരണരായവർക്കായി വീടുകൾ

ഫൊക്കാനയുടെ ഭവനം പ്രോജക്റ്റിന്റെ പ്രധാന ലക്ഷ്യം അശരണരായ വ്യക്തികൾക്ക് സുരക്ഷിതമായ, ശാശ്വതമായ വീടുകൾ പണിയുന്നത് ആണ്. ഇത്തരം പ്രതിസന്ധി നേരിടുന്നവർക്ക് ഭവനസഹായം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ കൂടുതൽ വ്യാപകമാക്കാനും, എല്ലാവർക്കും നിത്യതയുള്ള വീട് നൽകാനുമാണ് ഈ പദ്ധതി. ഭവനം പ്രോജക്ട് ഫൊക്കാനയുടെ സാമൂഹിക ഉത്തരവാദിത്വത്തിനും, സമൂഹത്തിന്റെ വരുമാനം കുറഞ്ഞ വിഭാഗങ്ങളുടെ സംരക്ഷണത്തിനും വലിയ പങ്ക് വഹിക്കും. ഇതെല്ലാം മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് ഫൊക്കാന ഈ പദ്ധതിയും ഉയർത്തിക്കൊണ്ട് വന്നത്.

### കേരളാ കൺവൻഷൻ – 2026

ഫൊക്കാന 2026 ഓഗസ്റ്റ് 1 – 2 തീയതികളിൽ, കുമരകത്ത് കേരളാ കൺവൻഷൻ സംഘടിപ്പിക്കും. ഈ രണ്ട് ദിവസത്തെ പരിപാടി ഒരു കുടുംബ വെക്കേഷനായി ആസൂത്രണം ചെയ്തിരിക്കുകയാണ്. കുടുംബങ്ങൾ ഒന്നിച്ചു വന്ന് വിശ്രമകാലം ചെലവഴിക്കാൻ, പുതിയ ബന്ധങ്ങൾ സൃഷ്ടിക്കാൻ, സാമൂഹിക – സാംസ്കാരിക അടിത്തറകളിൽ ചർച്ചകൾ നടത്താൻ ഒരു അവസരമാകും ഇത്. ഈ ആശയം കണ്ടെത്തുമ്പോൾ ഫൊക്കാന ആഗ്രഹിക്കുന്നത് കേരളത്തിന്റെ പഴയ സംസ്കാരം നമ്മുടെ യുവതലമുറ കൂടി അറിയട്ടെ, മനസ്സിലാക്കട്ടെ എന്നാണ്. സാഹിത്യം, സംസ്കാരം, കല എല്ലാം കൂട്ടിയിണക്കി ഒരു മഹനീയമായ ഒത്തുചേരലാകും കേരളാ കൺവൻഷൻ.

### വയനാട്ടിൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾ

ഫൊക്കാന, വയനാട്ടിൽ നടന്ന പ്രദേശിക ദുരന്തത്തിൽ പെട്ടവർക്കായി അവശ്യ സഹായം നൽകാനുള്ള പ്രവർത്തനങ്ങൾ സ്വീകരിച്ചിരുന്നു. ഈ സഹായപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട്, മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ, ഉദ്യോഗസ്ഥർ എന്നിവരുമായി നേരിട്ട് ചർച്ചകളും നടത്തിയിട്ടുണ്ട്. ഫൊക്കാനയുടെ സാമൂഹിക പ്രവർത്തനങ്ങൾ പലപ്പോഴും അനുഭവ സമൃദ്ധമായവ ആയിരിക്കും, കൂടാതെ ഫൊക്കാന പുതിയ പ്രതിസന്ധികളിൽ അനിവാര്യമായ പിന്തുണ നൽകാനും ശ്രമിക്കുന്നുണ്ട്. അതുകൊണ്ട് തന്നെയാണ് ഏതു പ്രതിസന്ധികളിലും കേരളത്തിനു വേണ്ടി ശബ്ദിക്കുവാനും ഫൊക്കാന ഒപ്പമുണ്ടാകും.

### കുടുംബം: അർപ്പണത്തിന്റെയും പിന്തുണയുടെയും ആധാരം

ഭാര്യ വൽസമ്മ ജോയി, കോട്ടയം കുമരകം സ്വദേശി. തൃശൂർ എഞ്ചിനീയറിംഗ് കോളജിൽ നിന്നും ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ബിരുദമെടുത്ത ശേഷം ടെസ്റ്റ് എഴുതി മെഡിക്കൽ ഫീൽഡിലേക്ക് മാറിയ വ്യക്തിയാണ്. നേഴ്സിംഗ് പഠിച്ചു. രണ്ട് മാസ്റ്റേഴ്സ് എടുത്തു. സൈക്യാട്രിസ്റ്റായി പ്രൈവറ്റ് പ്രാക്ടീസ് നടത്തുന്നു. മകൾ നീന ജോയി ക്യൂൻസ് ഹോസ്പിറ്റലിൽ ഡോക്ടറാണ്. മകൻ നവീൻ ജോയിയാകട്ടെ മാർക്കറ്റിംഗ് ജോലി ചെയ്യുന്നു. എങ്കിലും തുടർ പഠനത്തിനായി ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷനിൽ എം.ബി.എ യ്ക്ക് ഉടൻ ചേരും. ജോയി ചാക്കപ്പൻ ബർഗർ കൗണ്ടിയിലെ വീട്ടിൽ, കുടുംബ സ്നേഹത്തിലും സാമൂഹിക പ്രവർത്തനത്തിലും സത്യസന്ധമായ ജീവിതം നയിക്കുന്നു. കുടുംബമാണ് ഏതൊരു സാമൂഹ്യ പ്രവർത്തനത്തിന്റെയും കാതലെന്നു അദ്ദേഹം വിശ്വസിക്കുന്നു.

### മലയാളി സമൂഹത്തിന്റെ അഭിമാനം

2023-ൽ ജോയി ചാക്കപ്പന് ലഭിച്ച ബർഗൻ കൗണ്ടി കമ്മ്യൂണിറ്റി സർവീസ് അവാർഡ് തന്റെ സാമൂഹ്യ സംഭാവനകൾക്കുള്ള അംഗീകാരമായി. കൂടാതെ നിരവധി വേദികളിൽ വിവിധങ്ങളായ ആദരവുകളും അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്. ഫൊക്കാനയുടെ ട്രഷറർ പദവിയിൽ അദ്ദേഹം ഒരു പുതിയ അദ്ധ്യായം തുടങ്ങി മുന്നോട്ടു പോകുമ്പോൾ ജോയി ചാക്കപ്പന്റെ ജീവിതം, പ്രവർത്തനങ്ങൾ, കഴിവുകൾ എന്നിവ അദ്ദേഹത്തെ ഫൊക്കാനയുടെ ഏറ്റവും നല്ല നേതാക്കളിൽ ഒരാളാക്കി മാറ്റുന്നു. സാമൂഹിക സേവനം, സാംസ്കാരിക ബോധം, സാമ്പത്തിക വിന്യാസം എന്നിവയുടെ സമന്വയമാണ് അദ്ദേഹത്തിന്റെ പ്രബലത. മാതൃഭൂമിയുടെ ആത്മാവും അമേരിക്കൻ ഭൂമിയുടെ സംരക്ഷണവുമുള്ള ഒരു നേതാവായി, ജോയി ചാക്കപ്പൻ ഫൊക്കാനയുടെ ഭാവി കാഴ്ചപ്പാടിന് അതുല്യമായ സംഭാവനകളുമായി മുന്നോട്ട് പോകുന്നു.

'സേവനമനുഷ്യനായി ജനങ്ങൾക്കായി ജീവിക്കുക' എന്ന അദ്ദേഹത്തിന്റെ ദർശനം, പുതിയ തലമുറയ്ക്ക് ഒരു പ്രചോദനമാകുന്നു. ജോയി ചാക്കപ്പൻ ഫൊക്കാനയ്ക്ക് ഒരു നേട്ടം മാത്രമല്ല, എല്ലാവർക്കും മാതൃകയാണ്. അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ആശംസകൾ.






© Kerala Express

കേരളാ എക്സ്പ്രസ് വാരാന്ത്യം

# ജഗതി ശ്രീകുമാറിന്റെ മടങ്ങിവരവിനായി കാത്ത് മലയാള സിനിമാ ലോകം



ആയിരത്തി അഞ്ഞൂറിലധികം മലയാളചലച്ചിത്രങ്ങളിൽ അഭിനയിച്ച ഹാസ്യസാമ്രാട്ട് ജഗതി ശ്രീകുമാർ ഇന്നും നമ്മോടൊപ്പം ജീവിച്ചിരിപ്പുണ്ട്. പക്ഷേ, അദ്ദേഹം വെള്ളിത്തിരയിൽ നിന്നും വിടവാങ്ങിയിട്ട് ഒരു വ്യാഴവട്ടം പിന്നിട്ടിരിക്കുന്നു. സിനിമാപ്രേമികളെ സംബന്ധിച്ചിടത്തോളം 2012 മാർച്ച് 10 ഒരു ദുർദിനമായിരുന്നു. അന്നാണ് വിധിയുടെ വിളയാട്ടം ഒരു കാറപകടമായി ജഗതി ശ്രീകുമാർ എന്ന അതുല്യകലാകാരനെ തേടിയെത്തിയത്. തുടർന്ന് ഏറെ നാൾ ആശുപത്രിയിലും ശേഷം വീൽചെയറിലുമായി അദ്ദേഹത്തിന്റെ ജീവിതം ബാക്കിയായി. ഇന്നല്ലെങ്കിൽ നാളെ അദ്ദേഹം തിരിച്ചുവരും എന്നതാണ് ഓരോ മലയാളിയുടേയും പ്രതീക്ഷ. അതിപ്പോഴും അനസ്യൂതം തുടരുന്നുണ്ടെങ്കിലും ജഗതി ഇല്ലാത്ത പന്ത്രണ്ട് കൊല്ലം മലയാള സിനിമയ്ക്കുണ്ടായ നഷ്ടം വാക്കുകളിൽ ഒതുക്കാൻ സാധിക്കുന്ന ഒന്നല്ല.

ഇക്കാലയളവിൽ അദ്ദേഹം വെള്ളിത്തിരയിൽ നിറഞ്ഞു നിന്നിരുന്നുവെങ്കിൽ ജീവസ്സുറ്റ എത്രയോ കഥാപാത്രങ്ങൾക്ക് ജന്മം നൽകാൻ സാധിക്കുമായിരുന്നു. പിന്നിട്ട നാളുകളിൽ പല പ്രതിഭാധനന്മാരും മലയാളസിനിമാലോകത്തേയ്ക്ക് കടന്നു വന്നിട്ടുണ്ട്. പക്ഷേ, അവർക്കാർക്കും ജഗതിക്ക് പകരക്കാരനാകാൻ സാധിച്ചില്ല. ഹാസ്യസാമ്രാട്ട് എന്നാണ് ജഗതിയെ വിശേഷിപ്പിക്കുന്നതെങ്കിലും ഹാസ്യത്തിന്റെ തട്ടകത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്ന കലാകാരൻ ആയിരുന്നില്ല അദ്ദേഹം. നായകനായും പ്രതിനായകനായും സ്വഭാവനടനായുമൊക്കെ പ്രേക്ഷകരെ വിസ്മയിപ്പിച്ച ജഗതി ശ്രീകുമാറിന്റെ അഭിനയസപര്യ കേവലം വാക്കുകളിൽ ഒതുക്കാവുന്ന ഒന്നല്ല.

വ്യക്തിപരമായ ദൗർബല്യങ്ങളും നിലപാടുകളും വെട്ടിത്തുറന്ന് പറയുന്നതിന് ഒരു മടിയും ജഗതി ശ്രീകുമാറിനുണ്ടായിരുന്നില്ല. ആർക്ക് എന്ത് മുഷിവ് തോന്നിയാലും തന്റെ നിലപാടുകൾ ജഗതി വളച്ചുകെട്ടാതെ കൃത്യമായി പറയുമായിരുന്നു. ഒരുപക്ഷേ, ഇതര നടന്മാരിൽ നിന്നും അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നതും അതുതന്നെയാകും. ഒരിക്കൽ ഒരു അഭിമുഖത്തിൽ അവതാരക ജഗതിയോട് ഇങ്ങനെ ചോദിച്ചു- താങ്കൾക്ക് മമ്മൂട്ടിയുടെ കൂടെ അഭിനയിക്കു ന്നതാണോ മോഹൻലാലിന്റെ കൂടെ അഭിനയിക്കുന്നതാണോ ഏറ്റവും കംഫർട്ടബിൾ? മറുപടി പറയാൻ അദ്ദേഹത്തിന് രണ്ടാമതൊന്ന് ആലോ ചിക്കേണ്ടതില്ലായിരുന്നു. ജഗതിയുടെ മറുപടി ഇങ്ങനെ- ഞാൻ ഏറ്റവും കൂടുതൽ കംഫർട്ടബിൾ ആകുന്നത് ലാലിനോടൊപ്പം അഭിനയിക്കുമ്പോഴാണ്.

നമ്മൾ ഒന്ന് ഡെലിവർ ചെയ്യുമ്പോൾ അത് അതേ ക്വാണ്ടിറ്റിയിൽ തിരിച്ചുലഭിച്ചാൽ മാത്രമേ നമുക്ക് എക്സൽ ചെയ്യാൻ സാധിക്കുകയുള്ളൂ. ലാലിന്റെ കൂടെ വർക്ക് ചെയ്യുമ്പോൾ ആ ഒരു കെമിസ്ട്രി എനിക്ക് നന്നായി വർക്ക് ചെയ്യും. ലാൽ ഒരു ബോൺ ആക്ടർ ആയതുകൊണ്ടാണ് അയാൾക്കങ്ങനെ അഭിനയിക്കാൻ സാധിക്കുന്നത്.

മമ്മൂട്ടിയേയും മോഹൻലാലിനേയും കമ്പയർ ചെയ്യാൻ പല സീനിയർ താരങ്ങൾ പോലും മടിക്കുമ്പോഴാണ് ജഗതി കാര്യങ്ങൾ പച്ചയ്ക്ക് വെട്ടിത്തുറന്ന് പറഞ്ഞത്.

അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം സീനിയർ ജൂനിയർ വ്യത്യാസങ്ങളൊന്നുമില്ല. അഭിനയത്തെ കലയായും ആ കലയോടുള്ള തന്റെ സമീപനം പ്രൊഫഷണലായും കൊണ്ടുനടക്കാൻ ജഗതിക്ക് സാധിച്ചു എന്ന് നിസ്സംശയം പറയാം. അതുകൊണ്ടാണല്ലോ യുവതാരം ആസിഫ് അലി ഉൾപ്പെടെയുള്ളവരുടെ അഭിനയത്തിലെ പാളിച്ചകളെക്കുറിച്ച് അദ്ദേഹം പച്ചയ്ക്ക് വെട്ടിത്തുറന്ന് പറഞ്ഞത്.

ജീവിതത്തെ ഫിലോസഫിക്കൽ ആയി സമീപിക്കുന്ന വ്യക്തി കൂടിയായിരുന്നു ജഗതി. അടുത്തിടെ നടൻ പ്രേംകുമാർ അതുമായി ബന്ധപ്പെട്ട ഒരുദാഹണം പറഞ്ഞത് ഓർക്കുന്നു. പ്രേംകുമാറിന്റെ വാക്കുകൾ ഇതായിരുന്നു. ജഗതി ശ്രീകുമാറിനായി പ്രൊഡ്യൂസർമാർ പിടിവലി കൂടിയിരുന്ന കാലം. ഒരു സെറ്റിൽ മൂന്നോ നാലോ പ്രൊഡ്യൂസർമാർ ഒരേസമയം കയറിവന്നു. എല്ലാവർക്കും ജഗതിയെ തങ്ങളുടെ സെറ്റിലെത്തിക്കണം. സംവിധായകൻ വേണു നാഗവള്ളി ജഗതിയെ വിട്ടുനൽകാൻ ഒരുക്കമല്ല. ഒടുവിൽ തർക്കം കയ്യാങ്കളിയുടെ വക്കോളമെത്തി. അവസാനം വന്ന പ്രൊഡ്യൂസർമാരെല്ലാം വെറും കയ്യോടെ മടങ്ങി. ജഗതി ഷൂട്ടിന്റെ തിരക്കുകളിലേക്കും.

പിറ്റേന്ന് രാവിലെ ഹോട്ടൽ മുറിയിൽ നിന്ന് വ്യായാമം ചെയ്യുന്ന അമ്പിളിച്ചേട്ടനോട് ഞാൻ ചോദിച്ചു- ചേട്ടാ ഇന്നലത്തെ കോലാഹലങ്ങളൊക്കെ കണ്ടിട്ടും ചേട്ടന് എങ്ങനെ ഇത്ര കൂളായിട്ട് ഇവിടെ നിൽക്കാൻ സാധിക്കുന്നു? അതിന് അദ്ദേഹം തന്ന മറുപടി ഇതായിരുന്നു- അനിയാ.. ഓരോരുത്തരും അനുഭവിക്കേണ്ട ടെൻഷനും പ്രയാസങ്ങളുമൊക്കെ ഓരോരുത്തരുടെ തലയിൽ എഴുതിവെച്ചിട്ടുണ്ട്. അതവർ അനുഭവിച്ചേ മതിയാകൂ. ആ ടെൻഷൻ നമ്മൾ അങ്ങോട്ട് ചെന്ന് ഏറ്റുവാങ്ങി നമ്മൾ കൂടി ടെൻഷൻ ആകേണ്ടതില്ല. നമ്മുടെ പണി നമ്മൾ ചെയ്യുക. അത്രമാത്രം.

ഒരു പ്രൊഡ്യൂസറുടെ കയ്യിൽ നിന്നും അഡ്വാൻസ് വാങ്ങി പോക്കറ്റിലിട്ടിട്ടല്ല അദ്ദേഹം ഷൂട്ടിന് പോകുന്നത്. ഇന്ന ഇന്ന ദിവസം തിരക്കാണ്. അതുകഴിഞ്ഞ് സാധിക്കുമെങ്കിൽ ഇന്നദിവസം നിങ്ങളുടെ പടത്തിൽ ജോയിൻ ചെയ്യാം എന്ന് മാത്രമേ ജഗതി പറയാറുള്ളൂ. ഒരുപക്ഷേ, ജഗതി മാത്രമേ അങ്ങനെ പറയൂ, എന്നുവേണമെങ്കിലും പറയാം. ഷൂട്ട് കഴിഞ്ഞ് മാത്രമേ പ്രതിഫലം വാങ്ങുകയുള്ളൂ. അതുകൊണ്ടുതന്നെ ജഗതിക്ക് ആരോടും വാക്കുമാറ്റി പറയേണ്ടിവരില്ല. തികച്ചും പ്രൊഫഷണലായ അപ്രോച്ച് ആണത്. അതേസമയം, ജഗതിയെ കിട്ടിയേ തീരൂ എന്ന് വാശിയുള്ളവർ കടിപിടികൂടുകയും ചെയ്യും. അതായിരുന്നു ജഗതി ശ്രീകുമാർ.

ഒരു മനുഷ്യജീവി എന്ന നിലയിൽ തന്റെ ദൗർബല്യങ്ങൾ ഒളിച്ചുവയ്ക്കാനോ മാന്യതയുടെ മൂടുപടം അണിയാനോ ജഗതി ഒരിക്കലും ശ്രമിച്ചിരുന്നില്ല. അതേസമയം, മാനവികത എന്ന വാക്കിന്റെ അർത്ഥം എന്താണെന്ന് അദ്ദേഹം ഇതര താരങ്ങൾക്ക് കാട്ടിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. കടകളുടേയും മറ്റും ഉദ്ഘാടനത്തിന് ക്ഷണിക്കാൻ എത്തുന്നവരോട് ജഗതി പറയുന്നത് ഇത്രമാത്രം- ഇന്നദിവസം ഞാൻ ഫ്രീയാണ്. അന്ന് നിങ്ങൾ ഓകെ ആണെങ്കിൽ ശ്രീചിത്ര പുവർഹോമിൽ(തിരുവനന്തപുരം) പതിനായിരം രൂപ അടച്ചിട്ട് രസീത് കൊണ്ടുകാണിക്കൂ.

പിന്നെ ഉദ്ഘാടനദിവസം എന്നെ പിക് ചെയ്യാൻ ഒരു വാഹനവും വേണം. ഇന്ന്, ഉദ്ഘാടനഡേറ്റ് നൽകാൻ തൽപരകക്ഷികളെ മാസങ്ങളോളം നടത്തിക്കുകയും മിനിട്ടിന് ലക്ഷങ്ങളും കോടികളും ചാർജ് ചെയ്യുകയും ചെയ്യുന്ന പുതുതലമുറയ്ക്ക് ഇത് ചിന്തിക്കാൻ പോലും സാധിക്കുന്ന ഒന്നല്ല. അതാണ് ജഗതി ശ്രീകുമാർ. അദ്ദേഹത്തിന് പകരക്കാരില്ല. ഒരു തരത്തിലും. ആ ജഗതി ശ്രീകുമാറിന്റെ മടങ്ങിവരവിനായി ഇനിയും കാത്തിരിക്കാം.

**അനീഷ് മോഹനചന്ദ്രൻ**










നർമ്മം മർമ്മം



രാജീവ് പണിക്കർ

# ചങ്ങമ്പുഴ കവിതകൾ പൊന്നൂഞ്ഞാലാടുന്ന പുണ്യഭൂമിയാണെന്റെ കേരളം

വാരാന്ത്യം

ഞങ്ങളുടെ കോളജിനെ പ്രതിനിധീകരിച്ച് ഞങ്ങൾ അഞ്ചുപേർ സംസ്ഥാനതലത്തിൽ സംഘഗാനത്തിന് പോകാൻ തയ്യാറെടുക്കുകയാണ്..

ക്ലിഞ്ഞോ പ്ലിഞ്ഞോ തത്ത ഒന്നും ഇറങ്ങിയിട്ടില്ലാത്ത കൊണ്ട് ഞങ്ങൾ സെലക്ട് ചെയ്ത പാട്ടായ ചങ്ങമ്പുഴ, വളരെ വികാരാധീനരായി പല മോഡുലേഷനുകളിൽ ഞങ്ങൾ അഞ്ചു പേർ ചേർന്ന് പാടും. പക്ഷേ, തുടക്കം ഒരേപോലെ ഒരുമിച്ച്

'വൺ ടൂ ത്രീ ഫോർ – ചങ്ങമ്പുഴ കവിതകൾ പൊന്നൂഞ്ഞാലാടുന്ന പുണ്യഭൂമിയാണെന്റെ കേരളം...' എന്നു തന്നെ!

പ്രാക്ടീസ് എല്ലാം കിടുക്കി. എല്ലാം പെർഫെക്ട്. പക്ഷേ, ഒരു കുഴപ്പം. സംസ്ഥാനതലത്തിൽ സംഘഗാനത്തിന് ഓർക്കസ്ട്ര ഉപയോഗിക്കാൻ അനുവദിക്കുന്നില്ല. ഞങ്ങൾക്കാണെങ്കിൽ തുടക്കം കിട്ടണം എങ്കിൽ ടും ടും ടും എന്ന മൂന്ന് ബീറ്റ് കിട്ടിയാലേ ശരിയാകൂ... രണ്ടും കൽപ്പിച്ച് പ്രാക്ടീസ് തുടങ്ങി. പക്ഷേ, എത്ര ശ്രമിച്ചിട്ടും സ്റ്റാർട്ട് ഒരുമിച്ച് ആകുന്നില്ല. അത് സാരമില്ല ശരിയാക്കാം എന്ന് പറഞ്ഞു പറഞ്ഞ് പ്രോഗ്രാമിന്റെ തലേന്ന് വരെയായി. എന്നിട്ടും സംഗതി ശരിയായിട്ടില്ല. ഞങ്ങൾ ആകെ ധർമ്മസങ്കടത്തിലായി.

അങ്ങനെയിരിക്കെ ഞങ്ങളുടെ കൂടെ വന്ന സാർ ഒരു ഐഡിയ പറഞ്ഞുതന്നു.



പാട്ട് തുടങ്ങും മുൻപ് മൈക്കിൽനിന്നും ഏറ്റവും അകന്നുനിൽക്കുന്ന ആൾ വൺ ടൂ ത്രീ ഫോർ പറഞ്ഞ് തുടങ്ങുക. ഞങ്ങൾ ട്രൈ ചെയ്തു നോക്കി. സക്സസ്! ഒടുക്കത്തെ ആത്മവിശ്വാസവുമായി സ്റ്റേജിനു പുറകിലെത്തി.

ആണ്ടെടാ... സ്റ്റേജിൽ അഞ്ചു മൈക്കുകൾ നിരത്തി വെച്ചിരിക്കുന്നു. അഞ്ചു ടീമംഗങ്ങൾക്കും തരാതരം മൈക്ക്! ഞങ്ങളുടെ ഗ്യാസ് പോയി. ആലോചിച്ചു നിക്കാൻ സമയമില്ലാത്ത കൊണ്ട് നടുക്ക് നിക്കുന്ന ഞാൻ ഒരു ഐഡിയ പറഞ്ഞു.

ഞാൻ തുടയിൽ താളം പിടിക്കും.

'വൺ ടൂ ത്രീ ഫോർ – ചങ്ങമ്പുഴ കവിതകൾ പൊന്നൂഞ്ഞാലാടുന്ന പുണ്യഭൂമിയാണെന്റെ കേരളം...'

സ്റ്റേജിൽ കയറി. എല്ലാവരും അവരവരുടെ പൊസിഷൻ പിടിച്ചു. കർട്ടൻ പൊങ്ങി.

ഞങ്ങൾ മുരടനക്കി. തൊണ്ട ശരിയാക്കി.

ഞാൻ എല്ലാവരെയും ഒരാവർത്തി നോക്കി. പിന്നെ എന്റെ വലത്തേ തുടയിൽ താളം പിടിച്ചു.

'വൺ, ടൂ, ത്രീ, ഫോർ ....'

പിന്നെ ഐശ്വര്യമായി തുടങ്ങി.

'ചങ്ങ്...'

ഞാൻ മാത്രം!

മറ്റാരും പാടിയില്ല. കാരണം എന്റെ വലത്തേ തുടയിൽ ഞാൻ താളം പിടിച്ചത് ആർക്കും കാണാൻ പറ്റുന്നുണ്ടായിരുന്നില്ല.

ഒരു തെറ്റ് ഏത് പോലീസുകാരനും പറ്റും എന്നാണല്ലോ..

ഞാൻ ആർത്തുകൂവുന്ന സദസ്സിനെ ഒന്നു നോക്കി വെളുക്കെ ഒന്നിളിച്ചു. പിന്നെ കുപിതനായി എന്നെ നോക്കുന്ന ടീമംഗങ്ങളെ നോക്കിയും ഇളിച്ചു. പിന്നെ കണ്ണു കൊണ്ട് 'ഒന്നുകൂടി' എന്ന് കാണിച്ചു.

ഒന്ന് കൂടി എല്ലാവരും മുരടനക്കി.

ഇത്തവണ ഞാൻ രണ്ടു തുടയിലും താളം പിടിച്ചു. 'വൺ, ടൂ, ത്രീ, ഫോർ....'

പിന്നെ വീണ്ടും ഐശ്വര്യമായി തുടങ്ങി.

'ചങ്ങ്.....'

'ച'

'ങ്ങ്'

'ചങ്ങ'

'മ്പു!'

കർട്ടൻ ഇടാൻപോലും നിക്കാതെ ഞങ്ങൾ സ്റ്റേജിൽനിന്നും ഇറങ്ങിപ്പോയി...

കാണികളാണത്രെ കാണികൾ!

ഇത്ര തല്ലിപ്പൊളി കാണികളെ മറ്റൊരിടത്തും ഞങ്ങൾ കണ്ടിട്ടില്ല. യാതൊരു ഗ്രൂപ്സോങ് സ്പിരിറ്റും ഇല്ലാത്ത അലവലാതികൾ...

ഞങ്ങക്കെങ്ങും ഇഷ്ടായില്ല.

ബ്ലേ..

പണിക്കത്തി അഥവാ പണിക്കരുടെ കത്തി!

സിനിമ കഥ

## വിജയ്ക്കൊപ്പം അഭിരാമി



എച്ച്. വിനോദ് സംവിധാനം ചെയ്യുന്ന തന്റെ 69–ാമത്തെ ചിത്രത്തിലാണ് വിജയ് ഇപ്പോൾ അഭിനയിച്ചു കൊണ്ടിരിക്കുന്നത്. ഇത് തന്റെ അവസാനത്തെ ചിത്രമാണെന്ന് പ്രഖ്യാപിച്ചു കൊണ്ടാണ് വിജയ് ഈ ചിത്രത്തിൽ അഭിനയിച്ചു വരുന്നത്. ഇതിൽ വിജയ്ക്കൊപ്പം ബോബി ഡിയോൾ, പൂജാ ഹെഗ്ഡെ, മമിതാ ബൈജു, ഗൗതം വാസുദേവ് മേനോൻ, പ്രകാശ് രാജ്, വരലക്ഷ്മി തുടങ്ങിയവരാണ് പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. ഈ സാഹചര്യത്തിൽ ഈ ചിത്രത്തിൽ മലയാളി നടിയായ അഭിരാമിയും ജോയിൻ ചെയ്തിരിക്കുന്നു എന്നുള്ള വാർത്തയാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. ഈയിടെ പുറത്തുവന്ന 'മഹാരാജ' എന്ന ചിത്രത്തിൽ വിജയ് സേതുപതിക്കൊപ്പവും, 'വേട്ടയ്യൻ' എന്ന ചിത്രത്തിൽ രാജിനിക്കൊപ്പവും അഭിനയിച്ചിട്ടുള്ള അഭിരാമി, മുൻപ് കമൽഹാസനൊപ്പം 'വിരുമാണ്ടി' എന്ന ചിത്രത്തിൽ അഭിനയിച്ചിരുന്നു. അടുത്ത് തന്നെ പുറത്തു വരാനിരിക്കുന്ന 'തഗ് ലൈഫ്' എന്ന ചിത്രത്തിലും അഭിരാമി കമൽഹാസനൊപ്പം അഭിനയിച്ചിട്ടുണ്ട്.

## ദിലീപിന്റെ സിനിമ ഭ...ഭ...ബ. (ഭയം... ഭക്തി... ബഹുമാനം.)

പുതുവർഷത്തിൽ ദിലീപ് എന്ന നടൻ പ്രേക്ഷകർക്കു മുന്നിലെത്തിയത് തികച്ചും വ്യത്യസ്തമായ ഗറ്റപ്പിലാണ്. കുറ്റിത്താടി, തിങ്ങിനിറഞ്ഞ മുടി, ജീൻസ്, ടോപ്പ്, ജാക്കറ്റ് കഴുത്തിൽ ചില അടയാളങ്ങളുടെ സാന്നിദ്ധ്യമുള്ള നീണ്ട ചെയിൻ. കൈയ്യിൽ സ്റ്റീൽ റിംഗ്. ഇരിക്കുന്നതാകട്ടെ പുത്തൻ തലമുറയുടെ ചോരത്തിളപ്പിന്റെ കൂടപ്പിറപ്പായ ഫോർ വീലർ വാഹനത്തിന്റെ ബോണറ്റിൽ. ദിലീപിൽ നിന്നും ഇങ്ങനെയൊരു ഗറ്റപ്പ് ഇതാദ്യം. പലപ്പോഴും ലാളിത്യ സ്വഭാവമുള്ള കഥാപാത്രങ്ങളും, ഫീൽ ഗുഡ് ചിത്രങ്ങളുടെ ശക്തനായ പോരാളിയുമാണ് ദിലീപ്. അതിൽ നിന്നെല്ലാം മാറി, മുൻവിധികളെ തകിടം മറിച്ചു കൊണ്ടാണ് പുതിയ രൂപത്തിലും ഭാവത്തിലും എത്തുന്നത്. ഏറെ കൗതുകവും, ഒപ്പം ഏറെ ദുരൂഹതകളുമായി എത്തുന്ന ഈ ഗറ്റപ്പ് ചിത്രീകരണം നടന്നുവരുന്നത് 'ഭ. ഭ. ബ..' (ഭയം ഭക്തി ബഹുമാനം) എന്ന ചിത്രത്തിണ്.



ശ്രീ ഗോകുലം മൂവീസിന്റെ ബാനറിൽ ശ്രീ ഗോകുലം ഗോപാലൻ നിർമ്മിക്കുന്ന ഈ ചിത്രം നവാഗതനായ ധനഞ്ജയ് ശങ്കറാണ് സംവിധാനം ചെയ്യുന്നത്. ധ്യാൻ ശ്രീനിവാസൻ ഈ ചിത്രത്തിലെ സുപ്രധാനമായ ഒരു കഥാപാത്രത്തെ അവതരിപ്പിക്കുന്നുണ്ട്.

സിദ്ധാർത്ഥ് ഭരതൻ, ബൈജു സന്തോഷ് , ബാലു വർഗീസ്, സലിം കുമാർ, അശോകൻ, ദേവൻ, ബിജു പപ്പൻ, ജി. സുരേഷ് കുമാർ നോബി, വിജയ് മേനോൻ, റിയാസ് ഖാൻ, സെന്തിൽ കൃഷ്ണാ, റെഡിൻ കിംഗ് സിലി (തമിഴ്), കോട്ടയം രമേഷ്, ഷമീർ ഖാൻ, (പ്രേമലു ഫെയിം) ഷിൻസ്, ശരണ്യ പൊൻ വണ്ണൻ , നൂറിൻ ഷെറീഫ്, ധനശ്രീ, ലങ്കാലക്ഷ്മി എന്നിവരും ഈ ചിത്രത്തിൽ പ്രധാന വേഷങ്ങളിലെത്തുന്നു.

# എക്കോ ഹ്യൂമാനിറ്റേറിയൻ അവാർഡ് സമ്മാനിച്ചു

മാത്യുക്കുട്ടി ഈശോ

ന്യൂയോർക്ക്: ഇന്നത്തെ നമ്മുടെ കുട്ടികളും യുവാക്കളുമാണ് നാളത്തെ നമ്മുടെ ഭാവി വാഗ്ദാനങ്ങൾ. മയക്കുമരുന്നിനും ദുഷിച്ച സുഹൃദ് വലയത്തിലുംപെട്ട് ഭാവിജീവിതം നാശത്തിലേക്ക് വഴിതെറ്റിപ്പോകുവാൻ വളരെ സാദ്ധ്യതയുള്ള കാലഘട്ടമാണ് ഇന്നുള്ളത്. പ്രത്യേകിച്ച് അമേരിക്ക പോലുള്ള രാജ്യത്തെ പാശ്ചാത്യ സംസ്കാരത്തിൽ ആകൃഷ്ടരായി നമ്മുടെ യുവാക്കൾ പോകുമ്പോൾ ജന്മം നല്കിയ മാതാപിതാക്കൾക്കുപോലും നിയന്ത്രിക്കാനാവാതെ അവർ കൈവിട്ടു പോയെന്നും വരാം. അത്തരം ഒരു സാഹചര്യത്തിലാണ് ഏതാനും മനുഷ്യസ്നേഹികൾ ഊർജ്ജസ്വലരായ യുവാക്കളെ കൈപിടിച്ചുയർത്തുവാൻ അവരെ ഏകോപിപ്പിച്ച് അവരുടെ സമയവും ശ്രദ്ധയും സ്പോർട്സ് മേഖലയിലേക്ക് തിരിച്ച് പരിശീലനം നല്കുവാൻ മുന്നിട്ടിറങ്ങിയത്. ഒരുപക്ഷേ നമ്മളാരും ഇത് അധികം ശ്രദ്ധിക്കാതെ പോയ സംഗതികളാകാം.

ഇത്തരുണത്തിലാണ് സാമൂഹിക സേവനത്തിനും ജീവകാരുണ്യ പ്രവർത്തനത്തിനും മുൻതൂക്കം നല്കി പ്രവർത്തിക്കുന്ന ലോങ് ഐലൻഡിലെ എക്കോ (ECHO-Enhance Community through Harmonious Outreach) എന്ന സാമൂഹിക സംഘടനയുവാക്കളുടെ ഉന്നമനത്തിന് ശ്രദ്ധ ചെലുത്തിയ ഏതാനും മനുഷ്യസ്നേഹികളെ കണ്ടുപിടിച്ച് എക്കോയുടെ നാലാമത് ഹ്യൂമാനിറ്റേറിയൻ അവാർഡ് നല്കി ആദരിച്ചത്. സ്പോർട്സ് ഉന്നമനത്തിനായി ലോങ് ഐലൻഡിൽ പ്രവർത്തിക്കുന്ന ന്യൂയോർക്ക് മലയാളി സ്പോർട്സ് ക്ലബ് (NYMSC) സാരഥികളായ സജി തോമസ് (പ്രസിഡണ്ട്), സക്കറിയാ മത്തായി (സെക്രട്ടറി), മാത്യു ചേരാവള്ളിൽ (ഷെറി-ട്രഷറർ), ചാക്കോ എം. ഈപ്പൻ (വൈസ് പ്രസിഡണ്ട്), ഡോ. മാത്യു ജേക്കബ് (ഫൗണ്ടർ മെംബർ), ജസ്റ്റിൻ ജോൺ (സോക്കർ കോ-ഓർഡിനേറ്റർ), വർഗീസ് ജോൺ സിപിഎ (ഫിനാൻസ് കോ-ഓർഡിനേറ്റർ), ബിജു കാവനാൽ (ടീം ലീഡർ), ബിജു ചാക്കോ (ഓഡിറ്റർ) എന്നീ നേതൃനിരയെ അണിനിരത്തി ഹ്യൂമാനിറ്റേറിയൻ അവാർഡ് നല്കി ആദരിച്ചത്.

രണ്ടായിരത്തി അഞ്ഞൂറ് ഡോളർ ക്യാഷ് അവാർഡും പ്രശംസാ ഫലകവുമാണ് ഹ്യൂമാനിറ്റേറിയൻ അവാർഡായി നല്കിയത്. ECHO ചെയർമാൻ ഡോ. തോമസ് മാത്യു, പ്രോഗ്രാം കോ-ഓർഡിനേറ്റർ സാബു ലൂക്കോസ്, സീനിയർ അസോസിയേറ്റ് ഡയറക്ടർ തോമസ് എം. ജോർജ്, ക്യാപിറ്റൽ റിസോഴ്സസ് ഡയറക്ടർ ടി.ആർ. ജോയി എന്നിവരും മറ്റു കമ്മിറ്റി അംഗങ്ങളും ചേർന്നാണ് പ്രശംസാഫലകം സമ്മാനിച്ചത്. പ്രോഗ്രാം ഡയറക്ടർ സാബു ലൂക്കോസും സഹധർമ്മിണി ജയാ സാബുവും ചേർന്നാണ് അവർ സ്പോൺസർ ചെയ്ത ക്യാഷ് അവാർഡ് സമ്മാനിച്ചത്.

പ്രൗഢഗംഭീരമായ എക്കോയുടെ പതിനൊന്നാമത് വാർഷിക ഡിന്നർ യോഗത്തിലാണ് അവാർഡ്ദാന ചടങ്ങും സംഘടിപ്പിച്ചത്. ഡിന്നർ യോഗത്തിൽ യുഎസ് സ്റ്റേറ്റ് കോൺഗ്രസ്മാൻ ആദരണീയനായ ടോം സ്വാസ്സിയായിരുന്നു മുഖ്യാതിഥി. നോർത്ത് ഹേംപ്സ്റ്റഡ് ടൗൺ സൂപ്പർവൈസർ ജെന്നിഫർ ഡിസേന, ടൗൺ ക്ലാർക്ക് രാഗിണി ശ്രീവാസ്തവ, മുൻ സ്റ്റേറ്റ് സെനറ്റർ കെവിൻ തോമസ്, എപ്പിസ്കോപ്പൽ ചർച്ച് അഭിവന്ദ്യ ബിഷപ് ജോൺസി ഇട്ടി തുടങ്ങിയ സാമൂഹിക രാഷ്ട്രീയ നേതാക്കൾ ചടങ്ങിൽ അതിഥികളായിരുന്നു. ECHO-യുടെ ചാരിറ്റി പ്രവർത്തനത്തിന്റെ കഴിഞ്ഞ പതിനൊന്ന് വർഷത്തിന്റെ നാൾവഴികൾ വീഡിയോ പ്രദർശനമായി ചടങ്ങിൽ അവതരിപ്പിച്ചു. ECHO-യുടെ താക്കോൽ പ്രോജക്ട് ആയ സീനിയർ വെൽനസ് അംഗങ്ങളുടെ മനോഹരമായ ക്രിസ്മസ് ഗാനങ്ങൾ യോഗത്തിനു കൊഴുപ്പേകി.

1984-ൽ ലോങ് ഐലൻഡ്-ക്വീൻസ് ഭാഗങ്ങളിലുള്ള സ്പോർട്സ് പ്രേമികൾ ഒത്തൊരുമിച്ച് കായിക വിനോദത്തിനും കളികളുടെ ഉന്നമനത്തിനുമായി രൂപീകരിച്ചതാണ് ന്യൂയോർക്ക് മലയാളി സ്പോർട്സ് ക്ലബ്. അതിലൂടെ ധാരാളം യുവാക്കളെ ഇതിനോടകം സോക്കർ കളിക്കാരും ക്രിക്കറ്റ് കളിക്കാരും ബാഡ്മിന്റൺ, വോളിബോൾ കളിക്കാരും മറ്റുമായി മാറ്റുകയും അവരെ ജീവിത വിജയത്തിലേക്ക് നയിക്കുകയും ചെയ്തിട്ടുണ്ട്. സ്പോർട്സ് മേഖലയിലേക്ക് യുവാക്കളുടെ ശ്രദ്ധ കേന്ദ്രീകരിച്ചാൽ അത് അവരുടെ ആരോഗ്യ വികസനത്തിനും വ്യക്തിത്വ വികസനത്തിനും ടീം പ്രവർത്തനത്തിനും അതിലൂടെ സമൂഹത്തിലെ അംഗീകാരത്തിനും അവസരം ഒരുക്കി അവർക്ക് ജീവിതവിജയം കൈവരിക്കുന്നതിന് സഹായകരമാകും. അതിന് നല്ല കഠിനാദ്ധ്വാനവും സാമ്പത്തികച്ചെലവും ആവശ്യമായി വരും. സ്പോർട്സ് കളിക്കുന്നതിനുള്ള നല്ല സ്റ്റേഡിയവും ഫീൽഡും സ്ഥിരമായി ലഭിക്കുന്നില്ല എന്നതാണ് അവർ നേരിടുന്ന ഒരു മുഖ്യപ്രശ്നം. അതോടൊപ്പം സാമ്പത്തിക ബുദ്ധിമുട്ടും അവരുടെ മുമ്പോട്ടുള്ള പ്രയാണത്തിന് തടസ്സമാകാറുണ്ട്.

സ്പോർട്സ് ക്ലബ്ബിന്റെ സാരഥികളും മാതാപിതാക്കളും നല്കുന്ന സഹായത്താലും (ശേഷം 30-ാം പേജിൽ)









# ഇന്ത്യയുടെ ഉഷ അമേരിക്കയുടെ സെക്കൻഡ് ലേഡി

വാഷിങ്ടൺ ഡിസി: ട്രംപിന്റെ രണ്ടാം വരവിൽ ഇന്ത്യൻ വംശജ ഉഷ ചിലുകുരി വാൻസും ചരിത്രം കുറിച്ചു. അമേരിക്കയുടെ സെക്കൻഡ് ലേഡി പദവിയിലെത്തുന്ന ആദ്യ ഇന്ത്യക്കാരിയെന്ന ചരിത്രമാണ് ഉഷ സ്വന്തമാക്കിയത്. സത്യപ്രതിജ്ഞാ ചടങ്ങിൽ പ്രസിഡണ്ട് ഡോണൾഡ് ട്രംപ് ഉഷയെ പുകഴ്ത്തിയിട്ടും പുകഴ്ത്തിയിട്ടും മതിയായില്ല.

പ്രസംഗത്തിൽ ഒരുവേള വൈസ് പ്രസിഡണ്ടായി ഉഷയെ തെരഞ്ഞെടുത്തേക്കുമായിരുന്നെന്നുവരെ ട്രംപ് പറഞ്ഞു. ചില കാരണങ്ങളാൽ അതു നടക്കാതെ പോയി. ഉഷയുടെ ഭർത്താവും വൈസ് പ്രസിഡണ്ടുമായ ജെ.ഡി. വാൻസിനെ നോക്കി ട്രംപ് പറഞ്ഞു. ഉഷ മിടുക്കിയാണെന്നും ട്രംപ് പുകഴ്ത്തി. പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ പ്രവർത്തിച്ച തന്റെ സംഘാംഗങ്ങളെ ട്രംപ് അഭിനന്ദിച്ചു.

ജെ.ഡി. വാൻസിനെ പ്രത്യേകം അഭിനന്ദിക്കുകയും ചെയ്തു. ജെ.ഡി. മികച്ച സെനറ്ററും മിടുക്കനുമാണ്. എന്നാൽ, അദ്ദേഹത്തിന്റെ ഭാര്യ ഉഷ അതിലും മിടുക്കിയാണ്-ട്രംപ് പറഞ്ഞു.



സത്യപ്രതിജ്ഞാ ചടങ്ങിൽ പ്രസിഡണ്ട് ഡോണൾഡ് ട്രംപ് പ്രസംഗിക്കുന്നു. മെലാനിയ ട്രംപ്, വൈസ് പ്രസിഡണ്ട് ജെ.ഡി. വാൻസ്, ഭാര്യ ഉഷ എന്നിവർ സമീപം.

ജെ.ഡി. വാൻസ് അമേരിക്കയുടെ 50-ാം വൈസ് പ്രസിഡണ്ടായി അധികാരമേറ്റതോടെ കമല ഹാരിസിന് പിന്നാലെ ഉഷ ഇന്ത്യയുടെ അഭിമാനമായി. പിങ്ക് കോട്ടിലായിരുന്നു ഉഷ ഭർത്താവിനൊപ്പം സത്യപ്രതിജ്ഞാ ചടങ്ങിനെത്തിയത്. മകൾ മിരാബെൽ റോസും കൂടെയുണ്ടായിരുന്നു. 39-ാം വയസിൽ യുഎസ് സെക്കൻഡ് ലേഡി പദവിയിലെത്തിയ ഉഷ ഈ സ്ഥാനം ഏറ്റെടുക്കുന്ന ഏറ്റവും പ്രായംകുറഞ്ഞ രണ്ടാമത്തെ വനിതയാണ്.

ആന്ധ്രയിലെ വെസ്റ്റ് ഗോദാവരി ജില്ലയിലെ വഡ്‌ലൂ സ്വദേശികളായ രാധാകൃഷ്ണ-ലക്ഷ്മി ദമ്പതികളുടെ മകളാണ് ഉഷ. 1980-കളിലാണ് രാധാകൃഷ്ണയും ലക്ഷ്മിയും യുഎസിലെത്തിയത്. യേൽ ലോ സ്കൂളിൽ വെച്ചാണ് ഉഷയും വാൻസും കണ്ടുമുട്ടിയത്. പ്രണയം 2014-ൽ ഇരുവരുടെയും വിവാഹത്തിലൂടെ ഒന്നാക്കി.

ദമ്പതികൾക്ക് മൂന്നു മക്കളാണുള്ളത്-ഇവാൻ,വിവേക്, മിരാബെൽ.

# ടോറന്റോ സോഷ്യൽ ക്ലബിന് പുതിയ നേതൃത്വം

സന്തോഷ് മേക്കര

ടോറന്റോ: മികവുറ്റ പ്രവർത്തനങ്ങൾ കൊണ്ട് ജനശ്രദ്ധ പിടിച്ചുപറ്റിയ ടോറന്റോ സോഷ്യൽ ക്ലബിന്റെ 2025 -2027 വർഷത്തേക്കുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയെ തെരഞ്ഞെടുത്തു. ഡിസംബർ 7-ന് മിസ്സിസ്സാഗ ടിഎംഎസ് ഹാളിൽ വെച്ച് നിലവിലെ പ്രസിഡണ്ട് മോൻസി തോമസ് കുന്നുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ജനറൽ ബോഡിയാണ് പുതിയ കമ്മിറ്റിയെ തെരഞ്ഞെടുത്തത്.

ദീപു മലയിൽ (പ്രസിഡണ്ട്), ജിക്കു ചരിവുപറമ്പിൽ (സെക്രട്ടറി), ബബ്‌ലു പുറത്തായിൽ (ട്രഷറർ), സോജിൻ കണ്ണാലിൽ (വൈസ് പ്രസിഡണ്ട്), പ്രിൻസി പടിയാനിക്കൽ (ജോ. സെക്രട്ടറി), ജിബിൻ തിരുനിലം (പ്രോഗ്രാം കോ-ഓർഡിനേറ്റർ), സന്ദീപ് കിഴക്കേപ്പുറത്ത് (പ്രോഗ്രാം കോ-ഓർഡിനേറ്റർ), മോൻസി തോമസ് കുന്നുംപുറത്ത് (എക്സ് ഒഫീഷ്യോ) എന്നിവരാണ് പുതിയ ഭാരവാഹികൾ.

മുൻ എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ എല്ലാ അംഗങ്ങൾക്കും നിലവിലെ പ്രസിഡണ്ട് മോൻസി തോമസ് ഫലകം നല്കി ആദരിക്കുകയും പുതിയ അംഗങ്ങൾക്ക് ഉപഹാരങ്ങൾ നല്കുകയും ചെയ്തു.







പുതിയ കമ്മിറ്റിക്ക് എല്ലാ അംഗങ്ങളുടെയും പിന്തുണയും ഭാവി പരിപാടികളിൽ മുഴുവൻ അംഗങ്ങളുടെയും സാന്നിദ്ധ്യം ഉണ്ടാകണമെന്നാണ് ആഗ്രഹമെന്നും പുതിയ പ്രസിഡണ്ട് ദീപു മലയിൽ അറിയിച്ചു. തുടർന്നു നടന്ന അത്താഴവിരുന്നിലും സംഗീത നിശയിലും അംഗങ്ങൾ പങ്കെടുത്തു.

# കെ.എച്ച്.എൻ.എ സതീഷ് കെ. മേനോനെ ആദരിച്ചു

ജയപ്രകാശ് നായർ

ന്യൂയോർക്ക്: മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ജനുവരി 11-ന് ശനിയാഴ്ച വൈകിട്ട് ന്യൂയോർക്കിലെ വൈഷ്ണവ ടെമ്പിൾ ഓഡിറ്റോറിയത്തിൽവെച്ച് ബ്രീത്ത് മ്യൂസിക് അക്കാഡമി ഡിട്രോയിറ്റിന്റെ ഭക്തിഗാനമേള, അയ്യപ്പ സേവാസംഘവും കൃഷ്ണകൃപാ മ്യൂസിക് ടീമും ചേർന്ന് അവതരിപ്പിച്ചു. ഈ അയ്യപ്പ ഗാനമേളയിലെ ശ്രദ്ധിക്കപ്പെട്ട നിരവധി ഗാനങ്ങൾ സതീഷ് കെ. മേനോൻ രചിച്ചതായിരുന്നു.

അനിത കൃഷ്ണയുടെ നേതൃത്വത്തിൽ ആരംഭിച്ച ഗാനമേള ഡിട്രോയിറ്റിൽ നിന്നെത്തിയ ബ്രീത്ത് മ്യൂസിക് അക്കാഡമി ടീമംഗങ്ങൾ മകരവിളക്ക് മഹോത്സവത്തിൽ ശബരിമല സന്നിധാനത്തിന്റെ മാതൃകയിൽ തീർത്ത മണ്ഡപത്തിലെ സംഗീതക്കച്ചേരി അവിസ്മരണീയമാക്കി. അയ്യപ്പ സേവാസംഘം പ്രസിഡണ്ട് കൂടിയായ ഗോപിനാഥ് കുറുപ്പും കൃഷ്ണകൃപാ മ്യൂസിക്കിന്റെ പ്രസിഡണ്ട് സതീഷ് കെ. മേനോനും എൻ.ബി.എ പ്രസിഡണ്ട് ജനാർദ്ദനൻ തോപ്പിലും ചേർന്ന് മണ്ഡപത്തിൽ ഭദ്രദീപം തെളിയിച്ചു.

രാധാമണി നായരുടെ ഭക്തിനിർഭരമായ ഈശ്വരപ്രാർത്ഥനക്ക് ശേഷം അയ്യപ്പ സേവാസംഘം സെക്രട്ടറിയും കെഎച്ച്എൻഎ ട്രഷററുമായ രഘുവരൻ നായർ ഡിട്രോയിറ്റ് ബ്രീത്ത് മ്യൂസിക് അക്കാഡമിയുടെ അംഗങ്ങളെ സദസ്സിന് പരിചയപ്പെടുത്തി. പ്രസിഡണ്ട് ഗോപിനാഥ് കുറുപ്പ് സ്വാഗതം ആശംസിച്ചു. മാസ്റ്റർ ഓഫ് സെറിമണിയായി ശോഭാ കറുവക്കാട്ട് പ്രശംസനീയമായി നിർവഹിച്ചു. സതീഷ് കെ. മേനോൻ നന്ദിപ്രകാശനം നടത്തിക്കൊണ്ട് ബ്രീത്ത് മ്യൂസിക് അക്കാഡമിയിലെ എല്ലാവരെയും പൊന്നാട അണിയിച്ച് ആദരിച്ചു.

പ്രശംസനീയമായി മകരവിളക്ക് മഹോത്സവം വിജയിപ്പിക്കുന്നതിന് എൻബിഎയുടെ മുൻ സെക്രട്ടറി സേതുമാധവന്റെ ആത്മാർത്ഥമായ പ്രവർത്തനം ശ്ലാഘനീയമായിരുന്നു. പതിവുപോലെ തന്നെ മണിമണ്ഡപം അലങ്കരിച്ച് ഒരുക്കിയ തികഞ്ഞ കലാകാരനായ സുധാകരൻ പിള്ള അത് വളരെ ഭംഗിയാക്കി.



കെ.എച്ച്.എൻ.എ പ്രസിഡണ്ട് ഡോ. നിഷാ പിള്ള തദവസരത്തിൽ വിരാട് 25 സിൽവർ ജൂബിലി കൺവൻഷൻ ഓഗസ്റ്റ് 17 മുതൽ 19 വരെ ന്യൂജേഴ്സിയിലെ അറ്റ്ലാന്റിക് സിറ്റിയിലുള്ള എം.ജി.എം റിസോർട്ട് ഇന്റർനാഷണലിൽ നടക്കുന്നതിനെക്കുറിച്ച് വിശദീകരിക്കുകയും കൺവൻഷനിലേക്ക് ഏവരെയും സ്വാഗതം ചെയ്യുകയും ചെയ്തു. ഡോ. നിഷാ പിള്ളയെ സദസ്സിന് പരിചയപ്പെടുത്തിക്കൊണ്ട് അയ്യപ്പ സേവാസംഘം പ്രസിഡണ്ടും കെ.എച്ച്.എൻ.എ ട്രസ്റ്റിബോർഡ് ചെയർമാനുമായ ഗോപിനാഥ് കുറുപ്പ് പറഞ്ഞത് ഇവിടെ ന്യൂയോർക്കിൽ ഒരു വിഭാഗീയതയുമില്ല, എല്ലാ ഹൈന്ദവ സഹോദരങ്ങളും ഒരുമയോടെ ഒറ്റക്കെട്ടായി സിൽവർ ജൂബിലി കൺവൻഷൻ വിജയിപ്പിച്ച് അവിസ്മരണീയമാക്കും എന്നാണ്. തുടർന്ന് കെ.എച്ച്.എൻ.എ ട്രഷറർ രഘുവരൻ നായരും ചെയർമാൻ ഗോപിനാഥ് കുറുപ്പും ചേർന്ന് രജിസ്ട്രേഷൻ പായ്ക്കറ്റ് അംഗങ്ങൾക്കിടയിൽ വിതരണം ചെയ്തു.



നൂറുകണക്കിനു ഭക്തിഗാനങ്ങൾ രചിച്ച സതീഷ് കെ. മേനോനെ കെ.എച്ച്.എൻ.എ പ്രസിഡണ്ട് ഡോ. നിഷാ പിള്ളയും ചെയർമാൻ ഗോപിനാഥ് കുറുപ്പും ചേർന്ന് പൊന്നാട അണിയിച്ച് ആദരിച്ചു.

ട്രഷറർ രഘുവരൻ നായർ, ട്രസ്റ്റി ബോർഡ് മെംബർ വനജ നായർ, ഡയറക്ടർ ബോർഡ് മെംബർ രാധാമണി നായർ, എൻഎസ്എസ് ഹഡ്സൺവാലി പ്രസിഡണ്ട് ജി.കെ. നായർ, എൻബിഎ പ്രസിഡണ്ട് ജനാർദ്ദനൻ തോപ്പിൽ, മഹിമ പ്രസിഡണ്ട് പുരുഷോത്തമ പണിക്കർ, എസ്എൻഎ ചെയർമാൻ സഹൃദയ പണിക്കർ, കെഎച്ച്എൻഎ ന്യൂയോർക്ക് കൺവൻഷൻ കോ-ഓർഡിനേറ്റർ ഡോ. ഉണ്ണികൃഷ്ണൻ തമ്പി എന്നിവർ സന്നിഹിതരായിരുന്നു.

# സഹകരണ സംഘങ്ങളുടെ അടച്ചുപൂട്ടലിൽ നടപടി വേണം: ഹൈക്കോടതി

കൊച്ചി: നിക്ഷേപങ്ങൾ തിരികെ നൽകാൻ കഴിയാത്ത സഹകരണ സംഘങ്ങൾ അടച്ചുപൂട്ടുന്നതു സംബന്ധിച്ചു വ്യക്തമായ നടപടികളുമായി സർക്കാർ മുന്നോട്ടുവരണമെന്നും അതിനുള്ള സമയം അതിക്രമിച്ചെന്നും ഹൈക്കോടതി. ഇക്കാര്യത്തിൽ കേരള സർക്കാരിനാണ് ഉത്തരവാദിത്വമെന്നും ജസ്റ്റിസ് അമിത് റാവൽ, ജസ്റ്റിസ് കെ.വി. ജയകുമാർ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി.

പത്തനംതിട്ട ജില്ലയിലെ മൈലപ്ര, കുമ്പളാംപൊയ്ക ഉൾപ്പെടെയുള്ള സഹകരണ സംഘങ്ങൾക്കെതിരെ നിക്ഷേപകർ നൽകിയ അപ്പീലുകളാണു ഡിവിഷൻ ബെഞ്ച് പരിഗണിച്ചത്. ബന്ധപ്പെട്ട സൊസൈറ്റികൾ സ്കീമിന്റെ പരിധിയിൽ വരില്ലെന്നാണു സൊസൈറ്റികളുടെ സത്യവാങ്മൂലത്തിൽനിന്നു വ്യക്തമാകുന്നതെന്ന് അമിക്കസ് ക്യൂറി അറിയിച്ചിരുന്നു. നടപടികളിൽ കാലതാമസമുണ്ടാകുമെന്നും വ്യക്തമാക്കി. പുനരുദ്ധാരണ സ്കീമിൽനിന്നു സഹായം തേടി നിലവിൽ 18 സഹകരണ സംഘങ്ങളാണ് അപേക്ഷ നൽകിയിരിക്കുന്നതെന്നു സഹകരണ ജോയിന്റ് രജിസ്ട്രാർ അറിയിച്ചു. ഇതിൽ ഏഴ് എണ്ണമാണു ശരിയായ നടപടിക്രമങ്ങൾ പാലിച്ചു നൽകിയത്. ഈ സഹകരണ സംഘങ്ങളുടെ വിവരങ്ങൾ ഒരാഴ്ചയ്ക്കുള്ളിൽ അറിയിക്കാനും കോടതി നിർദേശം നൽകി.

വിശദീകരണം തൃപ്തികരമല്ലെങ്കിൽ സഹകരണ സംഘങ്ങൾ അടച്ചുപൂട്ടുന്നതിനു സ്വമേധയാ ലിക്വിഡേറ്ററെ നിയമിക്കുമെന്നും കോടതി വ്യക്തമാക്കി. കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമപ്രകാരം 20 സഹകരണ സംഘങ്ങൾ നടപടി നേരിടുന്നുണ്ടെന്ന് ഇഡി അറിയിച്ചു.

# ഒരു പരിശോധന – പിൻവാതിലിലൂടെ

രാജു മൈലപ്ര

അൻപതു വയസു കഴിഞ്ഞാൽ പിന്നെ ആണുങ്ങളുടെ ആരോഗ്യം അവരോഹണാവസ്ഥയിലാണ്.

അറുപത്-എഴുപത് കാലഘട്ടത്തിൽ അലട്ടുന്ന ചില ചിന്തകൾ ഇടയ്ക്കിടെ കടന്നുവരും. ചിലർ 'സ്ഥാനമാനങ്ങൾ ചൊല്ലിക്കലഹിച്ചു നാണംകെട്ടു നടക്കുന്ന' ഒരു മാനസികാവസ്ഥയിൽ എത്തിച്ചേരും (ഉദാഹരണങ്ങൾ നമ്മുടെ കൺമുൻപിൽ തന്നെയുണ്ടല്ലോ.)

പ്രായം കൂടുംതോറും മറ്റ് എന്തിനേക്കാളും വലിയ സമ്പത്ത് ആരോഗ്യമാണെന്നുള്ള തിരിച്ചറിവ് ഉണ്ടാകും. കിടപ്പുമുറിയിൽ വെച്ചാണ് പലരും തങ്ങളുടെ ശാരീരിക ബലക്കുറവിനെക്കുറിച്ച് ബോധവാന്മാരാകുന്നത്.

നേരത്തെ തന്നെ പിടികൂടിയിട്ടുള്ള ജീവിതശൈലി രോഗങ്ങളായ പ്രഷർ, ഷുഗർ, കൊളസ്ട്രോൾ തുടങ്ങിയവ ഒന്നുകൂടി പിടിമുറുക്കും.

മരുന്നുകളുടെ ഒരു നീണ്ടനിര മെഡിസിൻ കാബിനറ്റിൽ ഇടംപിടിക്കും. ആഹാരത്തിനു മുൻപ്, ആഹാരത്തിനു ശേഷം, ആഹാരത്തോടൊപ്പം.

ഈ മരുന്നുകൾ കഴിക്കുന്നതു മൂലമുണ്ടാകുന്ന പാർശ്വഫലങ്ങൾ വായിച്ചാൽ ജീവനിൽ കൊതിയുള്ളവരാരും ഇവയൊന്നും കൈകൊണ്ടു തൊടില്ല.

ഒരു രോഗം മാറാൻ കഴിക്കുന്ന മരുന്നു മൂലം, മറ്റ് എത്രയെത്ര മാരക രോഗങ്ങളാണ് നമ്മൾ ക്ഷണിച്ചുവരുത്തുന്നത്.


ഈയിടെയായി എന്റെ വയറിന്റെ വലതുഭാഗത്ത് ഒരു ചെറിയ വേദന.

"വൈദ്യരേ, വൈദ്യരേ വയ്യുമ്പം വയ്യുമ്പം

വയറിനകത്തൊരു ഉരുണ്ടുകയറ്റം..."

ഇക്കാര്യം ഞാൻ ഭാര്യയോടൊന്നു സൂചിപ്പിച്ചു.

"ഇങ്ങേരുടെ ഈ നശിച്ച കുടിയാണ് ഇതിനെല്ലാം കാരണം." പെട്ടെന്നു തന്നെ അവൾ വേദനയുടെ കാരണം കണ്ടുപിടിച്ചു.



ലേഖകൻ

"അതെങ്ങനാ? കള്ളുകുടിയന്മാരുമായിട്ടല്ലേയോ കമ്പനി.."

സമൂഹത്തിൽ നിലയും വിലയുമുള്ള സൽസ്വഭാവികളായ എന്റെ സുഹൃത്തുക്കളെയൊക്കെ അവൾ മദ്യപാനികളുടെ ലിസ്റ്റിൽ കൂട്ടി.

സത്യത്തിൽ കള്ളുകുടിയുടെ കാര്യത്തിൽ അവർ എന്നെ ഗുരുസ്ഥാനിയായാണ് കാണുന്നത്.

പണ്ടൊക്കെ ഒരു ഡോക്ടറെ കണ്ടാൽ നമ്മുടെ ഒരുമാതിരിപ്പെട്ട രോഗങ്ങളെല്ലാം അദ്ദേഹം തന്നെ ചികിത്സിച്ചു സുഖപ്പെടുത്തുമായിരുന്നു. ഇപ്പോൾ മുടി മുതൽ കാലിന്റെ നഖത്തിനു വരെ വെവ്വേറെ സ്പെഷലിസ്റ്റുകളാണ്. ഇവരെല്ലാം കൂടി ചേർന്ന 'മെഡിക്കൽ ഗ്രൂപ്പുകളാണ്' എല്ലായിടത്തും.

ഇപ്പോൾ ഒരു എമർജൻസി റൂമിൽ ചെന്നാൽ ആദ്യമൊരു നേഴ്സിനെ കാണുന്നു, പിന്നീടൊരു നേഴ്സ് പ്രാക്ടീഷണറെ കാണുന്നു, അതുകഴിഞ്ഞ് ഫിസിഷ്യൻ അസിസ്റ്റന്റ്. അങ്ങനെ പല കടമ്പകൾ കടന്നാണ് യഥാർത്ഥ മെഡിക്കൽ ഡോക്ടറുടെ അടുത്ത് എത്തുന്നത്. ഇവർക്കെല്ലാം വെള്ള ഓവർ കോട്ടും പേരിനു മുന്നിൽ 'ഡോക്ടർ' എന്ന വിശേഷണവുമുണ്ട്.

പത്തു പതിനഞ്ചു കൊല്ലം കഷ്ടപ്പെട്ടു മെഡിക്കൽ കോളജിൽ പഠിച്ചു ബിരുദം നേടിയവരും അൻപതു ഡോളർ മുടക്കി തപാൽമാർഗ്ഗം ഡിഗ്രിയെടുത്തവരും നമ്മുടെ സമൂഹത്തിൽ ഡോക്ടർ എന്ന ലേബലിൽ ചുറ്റിത്തിരിയുന്നുണ്ട്-ജാഗ്രതൈ!

"ഉപ്പിനോളം വരുമോ, ഉപ്പിലിട്ടത്?" എന്നു പറയുംപോലെ സാക്ഷാൽ മെഡിക്കൽ ഡോക്ടറെ കണ്ടു കഴിയുമ്പോഴേ നമുക്കൊരു satisfaction കിട്ടുകയുള്ളൂ.

എന്റെ വയറുവേദനയുടെ കാര്യം പറഞ്ഞുവന്നപ്പോൾ അറിയാതെ കാടു കയറിപ്പോയി.

പിടിച്ചപിടിയാലെ പ്രിയതമ എന്നെ വയറുവൈദ്യന്റെ പക്കലെത്തിച്ചു.

വയറിനുള്ളിലാണ് വേദന. അതിന്റെ ഉറവിടം കണ്ടുപിടിക്കണമെങ്കിൽ colonoscopy നടത്തണം. അന്നനാളത്തിന്റെ അങ്ങേയറ്റത്തു കൂടി fiber optic camera കടത്തി വയറിനകമെല്ലാം പരിശോധിക്കുന്ന ഒരു പ്രക്രിയ. ഇതൊക്കെ ഗവേഷണം നടത്തി കണ്ടുപിടിച്ചവരെ നമിക്കണം.

വയറിനുള്ളിലാണല്ലോ പരിശോധന നടക്കുന്നത്. അതിനാൽ ആദ്യപടിയായി വയർ ഒന്നു clean-up ചെയ്യണം. procedure ന്റെ തലേദിവസം പരിപൂർണ്ണ liquid diet ആണ്. നിറമുള്ള പാനീയങ്ങളൊന്നും പാടില്ല.

Dulcolax tablet, Miralax powder, Gatorade powder എന്നിവയാണ് വയറുശുദ്ധീകരണ സഹായികൾ.

ഉച്ചയോടു കൂടി മൂന്നോ നാലോ Dulcolax tablets ഒറ്റയടിക്കു വിഴുങ്ങുക, ഒരു മണിക്കൂറിനു ശേഷം Miralax powder, Gatorade-ൽ കലക്കി ഇടവിട്ടു കുടിക്കുക. രണ്ടുമൂന്നു മണിക്കൂറിനുശേഷം അണക്കെട്ടു തുറന്നുവിടും. പിന്നെ വയറൊരു പടക്കശാലയായി മാറും. രാത്രി മുഴുവൻ Bedroom-bathroom non-stop shuttle service. അങ്ങനെ ഒരു കണക്കിനു നേരം വെളുപ്പിക്കുന്നു. ഇങ്ങനെയൊരു പരീക്ഷണഘട്ടം ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടി വരുമെന്നു ഒരിക്കലും കരുതിയില്ല.

അല്ലെങ്കിലും നമ്മൾ ആഗ്രഹിക്കുന്നതു പോലെയല്ലല്ലോ വിധിയുടെ വിളയാട്ടം. വിധി ദിവസം രാവിലെ ആശുപത്രിയിലേക്കു യാത്രയായി.

ഭാര്യയാണ് ആംബുലൻസ് ഡ്രൈവറുടെ റോളിൽ. എത്ര കുത്തുവാക്കുകൾ പറഞ്ഞാലും അവസാനകാലത്ത് ആപത്ത് കാലത്ത് ഭാര്യക്ക് ഭർത്താവും ഭർത്താവിന് ഭാര്യയും മാത്രമേ കാണുകയുള്ളൂ.

എന്നെക്കൂടാതെ വെയ്റ്റിംഗ് റൂമിൽ നാലഞ്ചു പേർ കൂടിയുണ്ട്. എല്ലാവരുടെയും മുഖത്ത് ഒരു വൈക്ലബ്യം.

കുറച്ചു കഴിഞ്ഞപ്പോൾ സുന്ദരിയായ ഒരു നേഴ്സ് വന്ന് എന്റെ പേര് നീട്ടി വിളിച്ചു. (ശേഷം 24-ാം പേജിൽ)

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 86.41 |
| യൂറോ | 90.40 |
| സ്റ്റെർലിംഗ്പൗണ്ട് | 107.61 |
| സ്വിസ് ഫ്രാങ്ക് | 95.51 |
| സിംഗപ്പൂർ ഡോളർ | 63.99 |
| കനേഡിയൻ ഡോളർ | 60.06 |
| ഒമാൻ റിയാൽ | 223.78 |
| ബഹ്റൈൻ ദിനാർ | 228.73 |
| സൗദി റിയാൽ | 23.04 |
| യു.എ.ഇ. ദിർഹം | 23.52 |
| കുവൈത്ത് ദിനാർ | 280.49 |

# പത്തു വർഷത്ത ദുരിതജീവിതത്തിനുശേഷം യെമനിൽനിന്ന് തിരിച്ചെത്തി

ഇരിങ്ങാലക്കുട: അച്ഛനെ 10 വർഷത്തിനുശേഷം കണ്ടപ്പോൾ ഏതു മക്കളും ചെയ്യുന്നതുപോലെ സായ് കൃഷ്ണ ഓടിച്ചെന്നു കെട്ടിപ്പിടിച്ചു. പക്ഷേ, ഏറെനേരം അവൻ പിടിവിടാൻ കൂട്ടാക്കിയില്ല. പിടിവിട്ടാൽ, അച്ഛൻ കയ്യെത്താ ദൂരത്ത് വീണ്ടും മാഞ്ഞെങ്കിലോ?

കണ്ണുനിറഞ്ഞ് അച്ഛൻ എടക്കുളം കുണ്ടൂർ വീട്ടിൽ ദിനേഷ് (49) മകനെ വാരിപ്പുണർന്നു. അവർക്കിടയിൽ 10 വർഷത്തിന്റെ സങ്കടദൂരം അലിഞ്ഞില്ലാതായി.

ഓർമവെക്കുന്നതിനുമുൻപേ, മകന് ആറ് മാസം പ്രായമുള്ളപ്പോഴാണ് ദിനേഷ് യെമനിൽ ടൈൽസ് പണിക്കു പോയത്. യുദ്ധവും സംഘർഷവും തുടങ്ങിയതോടെ അവിടെ കുടുങ്ങി. തലസ്ഥാനമായ സനയിലെ സാഫിയ എന്ന സ്ഥലത്ത് ഒറ്റമുറിയിൽ ആയിരുന്നു ജീവിതം. യാത്രാ സൗകര്യമില്ല. പണിക്കു പോകാനാകില്ല. ഭക്ഷണമില്ല. ഏതു നേരവും മിസൈലുകൾ വന്നു വീഴാവുന്നിടത്ത് ഏകാന്തതടവിലെന്നപോലെ കഴിഞ്ഞു. ഏറെ നാൾ വീട്ടുകാരുമായി ബന്ധമില്ലാതായി. കോവിഡ് കാലമായപ്പോൾ ദുരിതമേറി. ഇതിനിടെ പാസ്പോർട്ട് നഷ്ടമായി. പലതവണ പോലീസിന്റെ പിടിയിലായി.

നാട്ടിലേക്ക് എത്തിക്കാൻ ചിലർ ശ്രമം നടത്തുന്നതായി അറിഞ്ഞപ്പോഴും പ്രതീക്ഷ ഇല്ലായിരുന്നു. രണ്ടരമാസം മുൻപ് നടപടികൾ പൂർത്തിയായി.



പിന്നീട്, ഫോൺ ചെയ്യുമെങ്കിലും ദുരിതജീവിതം അറിയിക്കാതിരിക്കാൻ വീഡിയോ കോൾ വിളിച്ചില്ല. മൊബൈലിൽ അയയ്ക്കുന്ന ചിത്രങ്ങളിലൂടെ അച്ഛനും മകനും കണ്ടു. ഭാര്യ അനിതയും മൂത്തമകൾ കൃഷ്ണവേണിയും അങ്ങനെത്തന്നെ.

നെടുമ്പാശേരിയിൽ വിമാനമിറങ്ങിയ ദിനേഷ് ആദ്യം ജന്മനാടായ എടക്കുളത്തേക്കാണു പോയത്. ജപ്തിഭീഷണിയിലായ, തകർന്ന വീട്ടിൽ കയറിയ ശേഷമാണ് കുടുംബത്തെ കാണാൻ നെടുമ്പാൾ ഉള്ള ഭാര്യവീട്ടിലേക്ക് എത്തിയത്.



# നോർത്ത് അമേരിക്കയിലെ മലയാളി മാധ്യമ പ്രവർത്തകരുടെ ഡയറക്ടറി തയ്യാറാക്കുന്നു

കൊച്ചി: ലോകമെമ്പാടുമുള്ള മലയാളി മാധ്യമ പ്രവർത്തകരുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കേരള സർക്കാർ ഒരു ഡയറക്ടറി തയ്യാറാക്കുന്നു. കേരള മീഡിയ അക്കാഡമിയാണ് ഡയറക്ടറിയുടെ തയ്യാറാക്കലിന് നേതൃത്വം നല്കുന്നത്.

ഇതിൽ നോർത്ത് അമേരിക്കയിൽ നിന്നുള്ള മാധ്യമ പ്രവർത്തകരുടെ വിവരശേഖരണത്തിന് ഇന്ത്യ പ്രസ്ക്ലബിനെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ഇതിനായി കൊച്ചിയിലെ മീഡിയ അക്കാഡമി ഹാളിൽ നടന്ന ചടങ്ങിൽ ഇന്ത്യ പ്രസ്ക്ലബിനെ പ്രതിനിധീകരിച്ച് പങ്കെടുത്ത നാഷണൽ ജോയിന്റ് സെക്രട്ടറി ആശ മാത്യു പ്രസ്ക്ലബിന്റെ സഹായവും സഹകരണവും വാഗ്ദാനം ചെയ്തു.

കേരള മീഡിയ അക്കാഡമി ചെയർമാൻ ആർ.എസ്. ബാബു അദ്ധ്യക്ഷപ്രസംഗം നടത്തിയ ചടങ്ങിൽ പ്രശസ്ത സംവിധായകൻ സിബി മലയിൽ, മീഡിയ അക്കാഡമി പുതുതായി ആരംഭിക്കുന്ന ഫിലിം വീഡിയോ കോഴ്സിന്റെ ഉദ്ഘാടനം നിർവഹിച്ചു.

യുവസംവിധായകൻ ഫാസിൽ മുഹമ്മദ് ഓഡിയോ കോഴ്സ് ഉദ്ഘാടനം ചെയ്തു. മാധ്യമപ്രവർത്തകനും പ്രസ്ക്ലബിന്റെ ഇന്ത്യ റീജിയണൽ കോ-ഓർഡിനേറ്ററുമായ പ്രതാപ്, അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സി. എൽ. തോമസ്, സെക്രട്ടറി അനിൽ ഭാസ്കർ, വിനീത, ബിജു തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.






# ഓൺലൈനായി കരമടച്ചു; 18 സെന്റ് അര സെന്റായി

തിരുവനന്തപുരം: അര നൂറ്റാണ്ടിലേറെ ഭൂനികുതി അടച്ചുവന്ന 18 സെന്റ് ഭൂമി ഓൺലൈനായി കരം അടച്ചപ്പോൾ ഒറ്റയടിക്ക് നികുതി രേഖകളിൽ അര സെന്റായി കുറഞ്ഞു. ബാക്കി ഭൂമിയെല്ലാം ഒരുകൂട്ടം ആളുകളുടെ പേരിലുമായി.

കാട്ടാക്കട താലൂക്കിലെ വിളവൂർക്കൽ വില്ലേജിൽ പരേതയായ എം. സുഭദ്രാമ്മയുടെ പേരിലുള്ള ഭൂമിയിലാണ് ഈ മറിമായം. ഭാഗപത്ര പ്രകാരം സുഭദ്രാമ്മയ്ക്കു 52 വർഷം മുൻപ് ലഭിച്ച ഭൂമിയിൽ നിന്ന് 17.5 സെന്റ് രേഖകളിൽ നിന്ന് എങ്ങനെ ചോർന്നുപോയെന്ന് അറിയാതെ കുഴങ്ങിയിരിക്കുകയാണ് അവരുടെ മക്കളും ഭൂമിയുടെ അവകാശികളുമായ പി. ജയധരനും പി. രാമചന്ദ്രൻ നായരും. ഭൂമി ആരും കയ്യേറിയിട്ടില്ലെന്നതാണ് ഏക ആശ്വാസം.

2014 വരെയുള്ള ഭൂനികുതി രസീതിൽ ഭൂമിയുടെ വിസ്തീർണം 7.02 ആർ (ഏകദേശം 18 സെന്റ്) എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. മാതാവിന്റെ മരണശേഷം ഇരുവരും കഴിഞ്ഞ വർഷമാണ് വീണ്ടും ഭൂനികുതി അടയ്ക്കാൻ പോയത്.

ഓൺലൈനിൽ അടച്ചപ്പോൾ ഇത് 26 ചതുരശ്രമീറ്റർ (ഏകദേശം 0.6 സെന്റ്) ആയി കുറഞ്ഞു. ഭൂമിയിൽ നല്ലൊരു പങ്കും മറ്റാരുടെയൊക്കെയോ പേരിലേക്കു മാറിയെന്നാണ് വില്ലേജിലെ ഓൺലൈൻ രേഖകളിൽ വ്യക്തമാകുന്നത്.

ജയധരനും രാമചന്ദ്രനും ചേർന്നു വിളവൂർക്കൽ വില്ലേജ് ഓഫീസിൽ എത്തി കഴിഞ്ഞവർഷം ഓഗസ്റ്റിൽ അന്വേഷിച്ചെങ്കിലും വ്യക്തമായ മറുപടി നല്കിയില്ല. തുടർന്ന് വില്ലേജ് ഓഫീസർക്ക് പരാതി നല്കി.

നടപടിയില്ലാതെ വന്നതോടെ ഒക്ടോബറിൽ പരാതി കാട്ടാക്കട തഹസിൽദാർക്കു നല്കി. തുടർന്ന് താലൂക്ക് ഓഫീസിൽ നിന്ന് ആവശ്യപ്പെട്ടപ്പോൾ അവ്യക്തമായ റിപ്പോർട്ടാണ് വില്ലേജ് ഓഫീസിൽ നിന്നു നല്കിയത്. ഒടുവിൽ കളക്ടർക്കും റവന്യൂ വിജിലൻസ് ഡപ്യൂട്ടി കളക്ടർക്കും നല്കിയ പരാതിയിൽ അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

# ഹേമ കമ്മിറ്റി റിപ്പോർട്ട്: കേരള സർക്കാരിന് സുപ്രീം കോടതിയുടെ വിമർശനം


കൊച്ചി: ഹേമ കമ്മിറ്റി റിപ്പോർട്ടിൽ കേരള സർക്കാരിനെതിരെ വിമർശനവുമായി സുപ്രീം കോടതി. തെളിവില്ലാതെ എന്തിനാണു കേസെടുക്കുന്നതെന്നും കോടതി ചോദിച്ചു. റിപ്പോർട്ടു ലഭിച്ചിട്ടും അഞ്ചു വർഷം സർക്കാർ ഒന്നും ചെയ്തില്ലല്ലോയെന്നു വിമർശിച്ച സുപ്രീം കോടതി പ്രാഥമിക അന്വേഷണം നടത്താതെയാണോ കേസെടുത്തതെന്ന ചോദ്യവും ഉന്നയിച്ചു.

മൊഴിനൽകാൻ ആരെയും നിർബന്ധിക്കരുതെന്നാണു ഹൈക്കോടതിയുടെ നിർദ്ദേശമെന്ന് സുപ്രീംകോടതി സർക്കാരിനെ ഓർമ്മിപ്പിച്ചു. മൊഴിനൽകാൻ നിർബന്ധിക്കുന്നെന്ന നടിയുടെ ഹർജിയിലാണു സർക്കാരിനെതിരായ വിമർശനം. എന്നാൽ മൊഴിനൽകാൻ എസ്ഐടി ആരെയും നിർബന്ധിക്കുന്നില്ലെന്നു കേരള സർക്കാർ വിശദീകരിച്ചു.

ഹേമ കമ്മിറ്റി റിപ്പോർട്ടിൽ കേസെടുക്കാനുള്ള ഹൈക്കോടതി ഉത്തരവിനെതിരെ നൽകിയ അപ്പീലിൽ സജിമോൻ പാറയിലിനെയും സുപ്രീം കോടതി രൂക്ഷമായി വിമർശിച്ചു. ഹർജി നൽകാൻ എന്താണവകാശമെന്ന് അദ്ദേഹത്തോട് കോടതി ആരാഞ്ഞു. താങ്കൾക്കെതിരെ ഹൈക്കോടതിയുടെ എന്ത് ഉത്തരവാണുള്ളതെന്നും താങ്കളെ എന്തിനു കേൾക്കണമെന്നുമായിരുന്നു ചോദ്യം. എസ്ഐടി, എഫ്ഐആർ രജിസ്റ്റർ ചെയ്യുന്നതു നടപടിക്രമങ്ങളുടെ ഭാഗമാണ്. അതിനെ എങ്ങനെ തടയാനാകും? കുറ്റകൃത്യം സംബന്ധിച്ച വിവരം ലഭിച്ചാൽ കേസ് രജിസ്റ്റർ ചെയ്യണമെന്നാണു ഹൈക്കോടതി ഉത്തരവെന്നും സുപ്രീം കോടതി ചൂണ്ടിക്കാട്ടി.

സജിമോൻ പാറയിലിനെ മുന്നിൽ നിർത്തുന്നത് വലിയ വ്യക്തികളാകാമെന്ന് ഡബ്ല്യൂസിസി സുപ്രീം കോടതിയെ അറിയിച്ചു. സജിമോൻ പാറയിലിനും മേക്കപ്പ് ആർട്ടിസ്റ്റിനും അപ്പീൽ നൽകാനുള്ള അവകാശമില്ലെന്നായിരുന്നു വനിതാ കമ്മീഷന്റെ വാദം.

നിരവധി പേർ ഇനിയും പരാതി നൽകാൻ തയാറാണെന്നും സിനിമയിലെ സ്ത്രീകൾക്കു സുരക്ഷിതത്വമില്ലെന്നും കമ്മീഷൻ സുപ്രീംകോടതിയെ അറിയിച്ചു.



# ലജ്ജയായതിൽ മാനം

എൽസി ബേബി

'Shame' എന്ന വാക്കിന് ലജ്ജാകരം, നാണക്കേട്, മാനഹാനി, ദുരഭിമാനം എന്നൊക്കെയാണല്ലോ അർത്ഥം. ആദിയിൽ ദൈവം മനുഷ്യനെ സൃഷ്ടിച്ച് തനിക്കു ഇണയായി പുരുഷനിൽനിന്നും എടുത്ത വാരിയെല്ലിനെ സ്ത്രീരൂപമാക്കി പുരുഷന്റെ സമീപത്തു കൊണ്ടുവന്നപ്പോൾ ആദാമിനുണ്ടായ സന്തോഷം വിവരിക്കാവതല്ലായിരുന്നു. അവർ ഇരുവരും നഗ്നരായിരുന്നു. പക്ഷേ, നാണം തോന്നിയില്ല എന്നാണ് വേദപ്പെടുത്തിയിരിക്കുന്നത്. പക്ഷേ, ദൈവകല്പന ലംഘിച്ച് പാപം ചെയ്തപ്പോൾ അവർക്ക് ആദ്യം അനുഭവപ്പെട്ടത് 'അവർ നഗ്നരാകുന്നു' എന്നതായിരുന്നു. തങ്ങളുടെ നാണം മറയ്ക്കുവാൻ അത്തിയില കൂട്ടി തുന്നി അരയാടയുണ്ടാക്കി ഉടുത്തു. പിന്നീട് ദൈവത്തെ ഭയന്ന് ഓടി ഒളിച്ചവരെ ദൈവം വിളിച്ചു ചോദിച്ചപ്പോൾ അവർ പറഞ്ഞ മറുപടി "ഞാൻ നഗ്നനാകകൊണ്ട് ഭയപ്പെട്ട് ഒളിച്ചു" എന്നായിരുന്നു. ഇതിൽനിന്നും നാം മനസ്സിലാക്കേണ്ടത് മനുഷ്യന്റെ ഭയവും നഗ്നനാകുന്നു എന്ന തിരിച്ചറിവും പാപത്തിന്റെ ഫലം അതായത് ദൈവകല്പന ലംഘിച്ച് ദൈവത്താൽ വിലക്കപ്പെട്ട 'കനി' ഭക്ഷിച്ചതിന്റെ ഫലം എന്നല്ലെ? കരുണാമയനായ ദൈവം താൻ സൃഷ്ടിച്ച മനുഷ്യനെ സ്നേഹിക്കയാൽ അവർ തുന്നിയുണ്ടാക്കിയ അത്തി ഇല കൊണ്ടുള്ള അരയാട മാറ്റി മൃഗത്തിന്റെ തോൽകൊണ്ട് ഉടുപ്പുണ്ടാക്കി ധരിപ്പിച്ച് അവരുടെ നഗ്നത മറച്ചു. കേവല അരയാടയല്ല, ഉടുപ്പാണ് ദൈവം അവരെ ധരിപ്പിച്ചത്. ഇംഗ്ലീഷിൽ "God made garments of skin and clothed them" എന്നാകുന്നു. തുടർന്ന് മനുഷ്യർ പെരുകി ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കു ചിന്നിചിതറി പോയപ്പോൾ ഓരോ ദേശത്തിന്റേയും കാലാവസ്ഥയനുസരിച്ചും ദൈവം കാണിച്ച മാതൃകയനുസരിച്ചും വസ്ത്രം ധരിക്കുന്ന രീതിയുണ്ടായി. ഇത്രയും വിവരിച്ചത് നമ്മുടെ 'വസ്ത്രധാരണ'ത്തിന്റെ പ്രധാന ഉദ്ദേശ്യം നഗ്നത മറയ്ക്കുക എന്നതാകുന്നു. കേരളത്തിലെ സ്ത്രീപുരുഷന്മാരുടെ വസ്ത്രധാരണം ശരിക്കും മാതൃകാപരമായ ഒന്നുതന്നെയാകുന്നു എന്നത് പ്രശംസനീയംതന്നെ. പ്രത്യേകിച്ച് "സ്ത്രീകൾ യോഗ്യമായ വസ്ത്രംധരിച്ച് ലജ്ജാശീലത്തോടും സുബോധത്തോടുംകൂടെ തങ്ങളെ അലങ്കരിക്കേണം" എന്ന് തിരുവചനം നമ്മെ ഉപദേശിക്കുന്നു.



ലേഖിക

സ്ത്രീകൾ പൊതുവേ അലങ്കാരപ്രിയരാകുന്നുവല്ലോ? അതിൽ വലിയ തെറ്റൊന്നുമില്ല. ആരുകണ്ടാലും മറയ്ക്കേണ്ട ശരീരഭാഗങ്ങൾ മറച്ച് യോഗ്യമായും ലജ്ജാശീലത്തോടുംകൂടെ വസ്ത്രം ധരിക്കുക എന്നുവെച്ചാൽ, പുരുഷന്മാരെ പ്രലോഭിപ്പിക്കത്തക്ക അലങ്കാരങ്ങളോ വസ്ത്രധാരണങ്ങളോ തികച്ചും ഒഴിവാക്കുക എന്നത് സ്ത്രീകളുടെ അഭിമാനത്തിന്റേയും മാന്യതയുടേയും ലജ്ജാശീലത്തിന്റേയും യോഗ്യതയുടെ തെളിവാകുന്നു. യോഗ്യമായി വസ്ത്രം ധരിച്ച് ലജ്ജാശീലത്തോടെ നടക്കുന്ന സ്ത്രീകളെ നോക്കി പ്രശംസിക്കാറുണ്ടല്ലൊ? മാനാമര്യാദയ്ക്കു ജീവിക്കുന്ന ഭവനങ്ങളിൽ പ്രായപൂർത്തിയായ പെൺകുട്ടികളുടെ വസ്ത്രധാരണവും അലങ്കാരങ്ങളും മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കുകയും അങ്ങനെ അഭ്യസിപ്പിക്കുകയും ചെയ്യും. പക്ഷേ, ഇന്നു നമ്മുടെ സമൂഹത്തിൽ കടന്നുകൂടിയിരിക്കുന്ന ഏറ്റവും ലജ്ജാകരം എന്നു പറയത്തക്ക വസ്ത്രധാരണം കാണുമ്പോൾ ദുഃഖം തോന്നാറുണ്ട്. സിനിമയിലും മറ്റും അഭിനയിക്കുന്ന സ്ത്രീകളുടെ ചില വേഷങ്ങൾ സാധാരണ സ്ത്രീകൾ അനുകരിക്കുന്നത് ബുദ്ധികേടും ലജ്ജാകരവും ആകുന്നു. അതുമൂലം പ്രലോഭിപ്പിക്കപ്പെടുന്ന പുരുഷന്മാരിൽനിന്നും ലൈംഗികചൂഷണം അനുഭവിക്കേണ്ടിവന്നാൽ ആരെയാണ് കുറ്റം വിധിക്കേണ്ടത്. ഈയിടെ വാർത്താമാധ്യമത്തിൽ ചർച്ചചെയ്യപ്പെട്ട ഒരു സിനിമാനടിയുടെയും മാന്യനായ ഒരു പുരുഷന്റേയും വാർത്ത കാണാനും കേൾക്കാനും ഇടയായി. അതിന്റെ വിശദാംശത്തിലേക്കൊന്നും കടക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. അയോഗ്യമായി വസ്ത്രധാരണം ചെയ്തു മക്കൾ വീടിനു പുറത്തേക്കിറങ്ങുമ്പോൾ മാന്യമായി ജീവിക്കുന്ന മാതാപിതാക്കൾ പ്രത്യേകിച്ച് അമ്മമാർ പെൺമക്കളെ ഉപദേശിച്ചും മാതൃക കാണിച്ചും യോഗ്യമായി വസ്ത്രധാരണം ചെയ്യുവാൻ അഭ്യസിപ്പിക്കേണ്ടതാകുന്നു. ഇന്നു നമ്മുടെ സമൂഹത്തിൽ നടമാടുന്ന സ്ത്രീസ്വാതന്ത്ര്യത്തിന്റെ തിക്തഫലങ്ങൾ നാം കണ്ടും കേട്ടും കൊണ്ടിരിക്കുകയല്ലെ? വലിയ സദസ്സുകളിലും പൊതുസ്ഥലങ്ങളിലും പുരുഷന്മാർ യോഗ്യമായ വസ്ത്രം ധരിച്ചും സ്ത്രീകൾ അയോഗ്യമായും നഗ്നത വെളിപ്പെടുത്തിക്കൊണ്ടുമുള്ള വസ്ത്രധാരണം കാണുമ്പോൾ അതിശയത്തിലേറെ ദുഃഖവും ലജ്ജയും തോന്നാറുണ്ട്. "ലജ്ജയായതിൽ മാനം തോന്നുന്ന പ്രവണത! നാടകങ്ങളിലും സിനിമകളിലും അഭിനയിക്കുന്ന സ്ത്രീകൾ തങ്ങളുടെ 'അഭിനയകല' ഉപജീവനമാർഗ്ഗത്തിനായി ചില അയോഗ്യമായ വസ്ത്രധാരണവും അഭിനയവുമൊക്കെ ചെയ്തെന്നു വരും. പക്ഷേ, പുറത്തിറങ്ങി സാധാരണ ജീവിതത്തിലേക്കു വരുമ്പോൾ മാന്യമായിട്ടായിരിക്കും നടക്കുന്നത്. അപ്പോൾതന്നെ പല അഭിനയതാരങ്ങളും അല്ലാത്തവരും അശ്ലീലമായും അയോഗ്യമായും വസ്ത്രധാരണം ചെയ്തും ലജ്ജിക്കത്തക്ക മേയ്ക്കപ്പുകളും അലങ്കാരങ്ങളും കാട്ടി യാതൊരു സങ്കോചമോ ലജ്ജയോ ഇല്ലാതെ തങ്ങളേത്തന്നെ കാഴ്ചവസ്തുക്കളായി പ്രദർശിപ്പിക്കുന്നതുമൂലം കോളജുകളിലും പരസ്യ സ്ഥലങ്ങളിലും മറ്റും പുരുഷന്മാർ പ്രലോഭിക്കപ്പെടും. "ലജ്ജയായതിൽ മാനം!" അതുമൂലമുണ്ടാകുന്ന സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ പുരുഷന്മാരിൽനിന്നും ലഭിക്കുന്ന മാനഹാനികളെല്ലാം നമ്മുടെ സമൂഹത്തിന്റെ കളങ്കത്തെ വികടമാക്കി അലങ്കോലപ്പെടുത്തുകയാണല്ലെ? എത്ര ലജ്ജാകരം!

പ്രിയമാതാപിതാക്കൾ തങ്ങളുടെ മക്കളെ വളർത്തുമ്പോൾ അവർക്കു പൂർണ്ണ സ്വാതന്ത്ര്യം നല്കി അവരുടെ ഇഷ്ടത്തിനു വിടുന്നത് അപകടവും ലജ്ജാകരവുമാകുന്നു എന്നോർക്കുക. യോഗ്യമായ വസ്ത്രധാരണം, ലജ്ജാശീലം, മാനംമര്യാദയായുള്ള നടപ്പ് ഇവയെല്ലാം കുടുംബപശ്ചാത്തലത്തിൽ അഭ്യസിപ്പിക്കേണ്ട ചുമതല മാതാപിതാക്കൾക്കുണ്ട് എന്നോർക്കുക. ലജ്ജാശീലം, (ശേഷം 29-ാം പേജിൽ)

## ഒരു പരിശോധന – പിൻവാതിലിലൂടെ

(22-ാം പേജിൽനിന്നും)

തല ഉയർത്തി നോക്കിയപ്പോൾ എന്റെ സപ്ത നാഡികളും തളർന്നു പോയി. എവിടെയോ കണ്ടു പരിചയമുള്ള ഒരു മലയാളി പെങ്കൊച്ച്.

"അറിയത്തില്ലയോ, അതു നമ്മുടെ കുഞ്ഞപ്പന്റെ മകളാ." എന്റെ ഭാര്യയുടെ മുഖത്തു ഒരു സന്തോഷം.

"ഒന്നു മിണ്ടാതിരിയെടി." സങ്കടവും ദേഷ്യവും കലർന്ന സ്വരത്തിൽ ഞാൻ പറഞ്ഞു.

"ഓ, അങ്കിളാരുന്നോ?" പെൺകുട്ടി എന്നെ തിരിച്ചറിഞ്ഞു. കർത്താവേ, കഷ്ടകാലം കാറും പിടിച്ച്, ന്യൂയോർക്കിൽ നിന്നും എന്റെ പിന്നാലെ ഫ്ളോറിഡാക്കും വന്നോ?

"ആന്റി ഇവിടെത്തന്നെ ഇരുന്നോ. അങ്കിളിന്റെ കാര്യം ഞങ്ങളേറ്റു."

"മോളേ, അങ്കിളിനെ ശരിക്കൊന്നു നോക്കിക്കോണേ!" എന്തോ കുത്തിപ്പറയുന്നതു പോലെ!

അറവുശാലയിലേക്കു ആനയിക്കപ്പെടുന്ന കുഞ്ഞാടിനേപ്പോലെ ഞാൻ ആ പെൺകുട്ടിയെ പിൻതുടർന്നു.

പരിശോധനാമുറിയിൽ ഡോക്ടറെ കൂടാതെ anesthesiologist, കാഴ്ചക്കാരായി ആ പെൺകുട്ടിയുൾപ്പെടെ രണ്ടു മൂന്നുപേർ. വസ്ത്രങ്ങളെല്ലാം അഴിച്ചു മാറ്റുവാൻ ഉത്തരവായി. അണ്ടർവെയർ ഊരുവാൻ ഞാനൊന്നു മടിച്ചപ്പോൾ, "ഓ, അതൊന്നും വലിയ കാര്യമല്ല, ഞങ്ങളിതെത്ര കണ്ടിരിക്കുന്നു... എന്ന ഭാവത്തിലാണ് ചുറ്റും കൂടിയിരിക്കുന്നവരുടെ നിൽപ്പ്."

ശുഷ്കിച്ച ശരീരഭാഗങ്ങളും പ്രദർശിപ്പിച്ചുകൊണ്ട് പിറന്നപടി നിൽക്കുന്ന എനിക്ക് ധരിക്കുവാൻ ഒരു 'ബാക്ക് ഓപ്പൺ' ഗൗൺ തന്നു. ഞാൻ കരച്ചിലിന്റെ വക്കോളമെത്തി.

ഇടതുവശം ചരിഞ്ഞ്, കാൽ നീട്ടി വെച്ച്, വലത് കാലിന്റെ മുട്ട് വയറിനു മുകളിലേക്കു കയറ്റിവെക്കുവാൻ പറഞ്ഞു. എന്റെ കുടവയറിനു മുകളിലേക്കു, എന്റെ ഉണങ്ങിയ കാൽ കയറ്റി വെക്കുവാൻ കുറച്ചു പണിപ്പെട്ടു. വലതുകൈയിൽ കുത്തിക്കയറ്റിയ സൂചിയിലൂടെ എന്തോ എന്റെ സിരകളിലേക്കു കയന്നുകയറി. പിന്നീട് അവിടെ നടന്നതൊന്നും ഞാൻ അറിഞ്ഞില്ല.

കണ്ണു തുറന്നപ്പോൾ ഡോക്ടർ മുന്നിലുണ്ട്. X-ray monitor സ്ക്രീനിൽ എന്റെ ആന്തരാവയവങ്ങളുടെ ചില പടങ്ങൾ കാണിച്ച് എന്തൊക്കെയോ വിശദീകരിച്ചു. അതു കണ്ടിട്ട് ചില മോഡേൺ ആർട്ട് പെയിന്റിംഗ് പോലെ തോന്നി. എനിക്കൊന്നും മനസ്സിലായില്ല.

"കാര്യമായ കുഴപ്പമൊന്നുമില്ല. See you after five years" എന്നു പറഞ്ഞിട്ട് ഡോക്ടറും പരിവാരങ്ങളും സ്ഥലം വിട്ടു.

"ഇനി എന്റെ പട്ടി വരും." ആരോടെന്നില്ലാതെ ഞാൻ മനസ്സിൽ പറഞ്ഞു.

വസ്ത്രധാരണത്തിനുശേഷം ആർക്കും മുഖം കൊടുക്കാതെ ഞാൻ അവിടെനിന്നും മുങ്ങി.

കാറിൽ കയറിയപ്പോൾ, അവിടെ നടന്ന സംഭവമെല്ലാം എന്റെ ഭാര്യക്ക് വിശദമായി അറിയണം.

മലയാളികൾക്കിടയിൽ പോപ്പുലറായ ഒന്നു രണ്ടു തമിഴ് വാക്കുകൾ ഉച്ചത്തിൽ ഉരുവിട്ട് ഞാനവളുടെ വായടപ്പിച്ചു.

എല്ലാവർക്കും ആരോഗ്യപ്രദമായ ഒരു നവവത്സരം നേരുന്നു.

## ക്രൈസ്തവ എഴുത്തുപുര ഒന്റാരിയോ ചാപ്റ്ററിന് പുതിയ നേതൃത്വം

കാനഡ: ക്രൈസ്തവ എഴുത്തുപുര ഒന്റാരിയോ ചാപ്റ്ററിന്റെ 2025-2027 വർഷത്തെ പുതിയ നേതൃത്വത്തെ തെരഞ്ഞെടുത്തു. ക്രൈസ്തവ എഴുത്തുപുര ജനറൽ കൗൺസിൽ അംഗം ഡോ. ബെൻസി ജി. ബാബുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിലാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത്. ക്രൈസ്തവ എഴുത്തുപുര ആക്ടിംഗ് പ്രസിഡണ്ട് ആഷേർ മാത്യു, പബ്ലിക്കേഷൻ ഡയറക്ടർ ഷെബു തരകൻ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

നിബു വെള്ളവന്താനം

**പുതിയ ഭാരവാഹികൾ:** പ്രസിഡണ്ട്-ബിജു പി.സാം, വൈസ് പ്രസിഡണ്ട് (മീഡിയ)-ഇവാ. ഗ്രേയ്സൺ സണ്ണി, വൈസ് പ്രസിഡണ്ട് (പ്രോജക്ട്സ്)-സെനോ ബെൻ സണ്ണി, സെക്രട്ടറി-ദീപാ ജോൺസൺ, ജോ. സെക്രട്ടറി-സോണിയ ലെനി, ട്രഷറർ-പാസ്റ്റർ സിജോ ജോസഫ്, ജോ. ട്രഷറർ-ഡെന്നിസ് വർഗീസ്, അപ്പർ റൂം കോ-ഓർഡിനേറ്റർ-ആൻ സൂസൻ വിപിൻ, യൂത്ത് കോ-ഓർഡിനേറ്റർ-റൂഫ്സ് ഡാനിയൽ, മിഷൻ ആൻഡ് ഇവാഞ്ചലിസം കോ-ഓർഡിനേറ്റർ - ബിനോയ് കെ. ബാബു, പബ്ലിക്കേഷൻ-ജെസ്റ്റി ജെയിംസ്, മീഡിയ കോ-ഓർഡിനേറ്റർ-രോഹൻ റോയ്, ശ്രദ്ധ കോ-ഓർഡിനേറ്റർ-നെൽസൺ ജോസ്, ന്യൂസ് കോ-ഓർഡിനേറ്റേഴ്സ്-ആശിഷ് ജോർജ്, ടെസ്ലിൻ കോശി എന്നിവരെ ഭാരവാഹികളായി തെരഞ്ഞെടുത്തു.



# SEEKING BRIDEGROOM

*Pentecostal parents invite proposals for their daughter (29 yrs, 5'4") with a Masters of Engineering degree and working as a licensed professional engineer in New York City. She was born and brought up in the US. She attends a non-denominational Christian church in NYC and is very active in fitness and sports. We are seeking suitable alliances from similarly qualified professionals. If interested, please send recent photo and details to **mathew.eng12@gmail.com.**

*Pentecostal Girl in Dallas, TX, USA: MBA/Seeking Groom Pentecostal parents looking for suitable proposals for their daughter, 25 years old and 5ft 2in, MBA and working as manager for insurance agency. Seeking proposals from professional and qualified Pentecostal boys, preferably from USA. Contact: **469-233-4309** Please leave a message if your call is now answered.

*Malayalaee Christian business man settled in Kuwait, inviting proposal for their daughter. Born again Christian, 27 years old, 5'5" with fair complexion, born and raised in Kuwait. MBBS doctor with Master's Degree in Public Health from Boston, Massachusetts. Currently preparing for USMLE. Interested parties in US or Canada please contact us at **630-808–6165** or **rajanthomas125@gmail.com**

*Single marthomite girl (40yrs, 55kg 5.5ft) MSc. Big Data Analytics (UK) currently working in the UK, seeking Christian professional groom from USA/UK/CA/Euro. Interests to contact: **+91 9745678243, +44 7767957273**

Parents invite proposal for their daughter (24 years, raised in USA, baptized Christian who attends a local community church that follow Pentecostal beliefs, 5.1', did B.S in engineering) from one with similar background & professional qualifications. If interested, please respond to email: **Helistens@outlook.com** with picture & details.

*Knanaya Catholic woman 50 years old, widow, well settled in USA seeking proposals from widower age between 50-60, who is honest in nature, responsible, willing to make compromise. Intrested parties. please respond to **813-816 5339**

*USA settled Christian family seeking proposal for their 38-year-old daughter who was born in Sultanate of Oman and moved to US at the age of 10 in 1997. She is 5'3", born again, baptized and in fellowship with a Pentecostal Church in Florida. She has Law degree and currently working with State of Florida government since several years. We are looking for a born again, educated boy from US or Canada. Those who are interested please text, whatsapp at **863-709-6031** or email to: **mathewg1956@gmail.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite marriage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/ PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented. If interested, please email: **medqis@gmail.com** or contact **(908) 764-0342.**

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email: **mallugurl81@gmail.com.**

*Pentecostal Parents invite proposals for their daughter, who is an MBBS Doctor and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5'4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East who are Professionally qualified Doctors, CPAs, IT Professionals, Engineers with Masters. If interested please contact **+91 8592955555 / +91 8943677777** or **mathewkws@gmail.com** with recent pictures and details.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5'6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

*Roman Catholic parents invite proposals for their daughter, who is a chemical engineering Ph.D. student at a reputed college. She is 26 years old and is 5'3" with a fair complexion. She is born and brought up in the USA. We are seeking suitable alliances from professionally

# SEEKING BRIDE

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to: **inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com**.

*Aunt seeking alliance for nephew, 27 years old (April 2nd 1997), born and raised in Mumbai, India. He is currently completing grad school at Columbia University, majoring in Management Science and Engineering. Before pursuing his Masters, he worked as Senior Consultant at Ernst & Young - Parthenon. Seeking wife who is settled in the US, with medical or software based job, Pentecostal denomination. Please call **678 431 8651** Preela Varghese.

*Pentecostal parents from Kerala, now settled in the US, are seeking marriage proposals for their 26-year-old son, who was born and raised in the US. He is baptized, has strong family values, and attends church regularly. He is 5.8", works as a computer engineer, and is currently pursuing graduate studies. Seeking God-fearing Pentecostal girls born or raised in the US, are professionals under 26 yrs., and 5.4" or taller. Please respond with a photo to **dm1235@gmail.com**

*Parents from US are inviting proposals for their born again son working as a doctor (MD, 33 years, fair and slim). If interested, please email at **Questhdan@gmail.com**

*Syrian Christian Pentecostal family settled in the USA prayerfully seeking a proposal for their son (1995/182cm / 80kg), born again, baptized US citizen, working as an engineer. He has completed his BTech from India and MS from USA. Seeking suitable alliance from the parents of God fearing, baptized girls (non-ornamental) professionally qualified in engineering / BSN/ other healthcare fields. A minimum height of 160 cm is preferred. Contact WhatsApp **4704033704**

*Syrian Pentecostal parents in the US are prayerfully seeking proposals for their God-fearing son (32 year-old, 5'6" MD physician), from parents of God-fearing girls with a similar educational background from Texas. If interested, please respond with complete details via email at **tonyvince29@gmail.com."**

*Pentecostal parents settled in USA prayerfully invite proposal for their son born and brought up in USA. He is 31 (August 03-1993) year old 5'5", architect, employed as project manager in an architectural firm in the northeast, born again, baptized, spirit filled and very active with church and gospel work. Seeking suitable alliance from parents of qualified born-again, baptized, spirit filled girl with good moral and spiritual values and professionally qualified, preferably born in the US. Please respond to **jehovahnissi2024@yahoo.com** with recent pictures and details.

*Pentecostal parents seeking proposals for their born again, baptized son (US born, 31/ 5' 7") He is now working as a Doctor in California. Inviting proposals from born again and profession qualified girls preferably born in the US. Please call/ send info with picture. **253 332 0868**. email: **molyvt@yahoo.com.**

*Pentecostal parents settled in USA invite proposal for their son born and brought up in US. He is 28 year old with 5'11", engineer with masters degree, born again, spiritual and very active with church. We are seeking qualified, family oriented, born-again and God fearing girl with good moral and spiritual values. Interested please respond to **hiswillforme01@gmail.com** with recent pictures and details.

# SEEKING BRIDEGROOM CONTD.....

qualified Doctors, CPAs, IT professionals, and Engineers with masters, born and raised in the USA, who are Catholics, family-oriented, and God fearing. Interested please respond with details including a recent picture to: **chry7851@gmail.com**

*Pentecostal parents settled in US inviting proposal for their daughter born and brought up in USA, 34yrs, 5'8", Doctor of Pharmacy working as a clinical pharmacist. We are seeking a professionally qualified spiritual boy from the same faith. If interested please contact **206 234 5555**, Email: **wmathew1@comcast.net**

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

Visit Our Website:
www.keralaexpress.com
for Matrimonial Advt.

## മത്തായി തോമസ്

**ഞീഴൂർ:** പൊട്ടംകുഴിയിൽ മത്തായി തോമസ് (97) അന്തരിച്ചു. ഭാര്യ ഉഴവൂർ പച്ചിലാംമാക്കിൽ പരേതയായ ഏലിയാമ്മ. മക്കൾ: സിസ്റ്റർ തോംസിൻ, സിസ്റ്റർ ഗ്രാസിയ (ഇറ്റലി), ആൻസി (യുഎസ്), മാത്യു, പരേതയായ ലിൻസി. മരുമക്കൾ: റോയി കട്ടപ്പുറത്ത് (ഞീഴൂർ), ജെസ്സി കൂവപ്ലാക്കൽ (കരിങ്കുന്നം), സജീവ് നടുപ്പറമ്പിൽ (കരിങ്കുന്നം).

**നീലിമംഗലം:** കൊല്ലൻ കിഴക്കേതിലായ പഴൂർ കണിയാട്ടുകാലായിൽ കെഎസ്ആർടിസി റിട്ട. ഉദ്യോഗസ്ഥൻ പി.സി. കുരുവിള (ഷാജൻ-64) അന്തരിച്ചു.

**മണർകാട്:** ഈരേച്ചേരിയിൽ റിട്ട. റെയിൽവേ ചീഫ് ട്രാഫിക് കൺട്രോളർ (എസ്ഇ) ഇ.സി. ചെറിയാൻ (86) അന്തരിച്ചു.

## ഡോ. കെ.കെ. ഏബ്രഹാം



**കൊച്ചി:** കാഞ്ഞിരപ്പള്ളി ആനത്താനത്ത് കെ.കെ. കുരുവിളയുടെയും കൊച്ചിൻ ലൂസി വെള്ളാനിക്കാരന്റെയും മകൻ ഡോ. കെ.കെ. ഏബ്രഹാം (80) യുകെയിൽ അന്തരിച്ചു. വെയിൽസിലെ ലാൻഡൂഡ്നോ ജനറൽ ഹോസ്പിറ്റലിൽ മെഡിസിൻ പ്രാക്ടീസ് ചെയ്ത ശേഷം 1990-കളിൽ ബെയ്ൽഡണിലേക്ക് മാറി അവിടെ ജിപിയായി സേവനമനുഷ്ഠിച്ചു. ഭാര്യ മേരി ഏബ്രഹാം. മക്കൾ: ജോർജ്, ലൂസി (ലൂലു), തെരേസ.

**പാമ്പാടി-വെള്ളൂർ:** തോട്ടപ്പള്ളി കോട്ടയിറമ്പിൽ പരേതനായ കെ.പി. ജോണിന്റെ ഭാര്യ ഏലിയാമ്മ ജോൺ (കുഞ്ഞമ്മ -75) അന്തരിച്ചു.

## എം.സി. കുര്യൻ

**മാൻവെട്ടം:** മുകളേൽ എം.സി. കുര്യൻ (75) അന്തരിച്ചു. ഭാര്യ കല്ലറ ചെറുതുരുത്തേൽ ലീലാമ്മ. മക്കൾ: ലിസി, ജയൻ (അയർലൻഡ്), ജിത്ത് (യുഎസ്). മരുമക്കൾ: രാജു നന്നാകുഴിയിൽ (കടുത്തുരുത്തി), സിന്ധു പൂതത്തുംകാലായിൽ കുറുമുള്ളൂർ (അയർലൻഡ്), ബോബിന പുത്തൂർ ചെങ്കല്ലേൽ (യുഎസ്).

**മണർകാട്:** വലിയപറമ്പിൽ ഷേർലി തോമസ് (73) അന്തരിച്ചു.

**തൊടുപുഴ:** ആരാധനാ മഠാംഗം കോതമംഗലം പ്രോവിൻസ് സിസ്റ്റർ എലിസബത്ത് ചക്കുങ്കൽ (77) അന്തരിച്ചു.

## അന്നമ്മ ഏബ്രഹാം ഒരപ്പാങ്കൽ



**രാജപുരം:** വണ്ണാത്തിക്കാനത്തെ ഒരപ്പാങ്കൽ അന്നമ്മ ഏബ്രഹാം (86) അന്തരിച്ചു. പരേത വാർണാകുഴി കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ ഏബ്രഹാം. മക്കൾ: ജാൻസി ജെയിംസ് കുശക്കുഴി (ചിക്കാഗോ), ഒ.എ. സണ്ണി, ഒ.എ. ജേക്കബ് (ഇരുവരും കംബോഡിയ), ഒ.എ രാജു, ബെന്നി ഏബ്രഹാം. മരുമക്കൾ: ജെയിംസ് കുശക്കുഴി (ചിക്കാഗോ), പുഷ്പ സണ്ണി (പ്രധാനാദ്ധ്യാപിക ഗവ. എൽപിഎസ് അടോട്ടുകയ), ഷാന്റി ജേക്കബ്, ലീന രാജു, സ്റ്റിനി ബെന്നി.

**കിളിയന്തറ:** വിശുദ്ധ കുർബാനയുടെ ആരാധനാ സന്യാസിനീ സമൂഹത്തിന്റെ തലശ്ശേരി സെ. ജോസഫ് അഡോറേഷൻ പ്രോവിൻസ് അംഗമായ സിസ്റ്റർ ഫെലിക്സ് വടക്കേചിറയാത്ത് (88) അന്തരിച്ചു.

## എ.സി. വരദാദേവി

**തിരുവല്ല:** കുറ്റപ്പുഴ അശ്വതി ഭവനിൽ എ.സി. വരദാദേവി (73) അന്തരിച്ചു. ഭർത്താവ് പരേതനായ കെ.ജി. പിള്ള. മക്കൾ: എ.ജി. ജയദേവൻ, സുരഭി മധു, എ.ജി. ദിലീപ്കുമാർ (യുഎസ്). മരുമക്കൾ: മധുസൂദനൻ നായർ, മോണിക്ക ഗോവിന്ദ് (യുഎസ്).

## മേരി തോമസ്

**കുടയത്തൂർ:** വെട്ടിക്കുഴിച്ചാലിൽ മേരി തോമസ് (88) അന്തരിച്ചു. വാഴക്കുളം കൂവേലി കളപ്പുരയ്ക്കൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ വി.എം. തോമസ്. മക്കൾ: ഷേർളി (യുഎസ്), ജെറി, കരോളിൻ, റെജീസ്, ടോണിയോ (കുവൈറ്റ്). മരുമക്കൾ: വടക്കേക്കുഴികൊമ്പിൽ ബോബി, ഐക്കരകുന്നേൽ ജിജിമോൾ, വാഴക്കുളം ചെറുപറമ്പിൽ സണ്ണി, തൊടുപുഴ പുതുമന ലിൻസി, കാഞ്ഞിരപ്പള്ളി പനക്കമറ്റം ബിന്ദു.

**മറയൂർ:** മറയൂരിലെ ആദ്യകാല കുടിയേറ്റ കർഷകനും മുതിർന്ന കോൺഗ്രസ് നേതാവുമായ വട്ടവയൽ വി.ജി. തോമസ് (83) അന്തരിച്ചു.

**കോട്ടയം:** റിട്ട. എസ്ഐ തോരണപ്ലാക്കൽ ടി.എ. ജോസഫ് (64) അന്തരിച്ചു.

**അടൂർ:** ലയൺസ് ക്ലബ് ഡിസ്ട്രിക്ട് ചെയർമാൻ മണ്ണടി കല്ലുവിളയിൽ പ്രശാന്തിൽ കോശി ജോൺ (82) അന്തരിച്ചു.

## മറിയാമ്മ മാത്യു

**അമനകര-താമരക്കാട്:** തടത്തിൽ പരേതനായ ടി.കെ. മാത്യുവിന്റെ ഭാര്യ മറിയാമ്മ മാത്യു (85) അന്തരിച്ചു. മ്രാല മുല്ലപ്പള്ളിൽ കുടുംബാംഗമാണ്. മക്കൾ: ലിസി, മേഴ്സി, എൽസി, സോളി, ബെന്നി, ബിജു, ബിനോയി. മരുമക്കൾ: ജോയി മലയിൽ ഞീഴൂർ, ഏബ്രഹാം മണ്ണിൽ ചെറുകര, പരേതനായ ജോസ് ഓലിക്കുന്നേൽ ചുങ്കം, ബിനോയി മഴുവഞ്ചേരിൽ മള്ളുശേരി, ഷേർലി മുളവനാൽ വാരപ്പെട്ടി, ഷിജി മുടക്കാലിൽ ചെറുകര, ഷീബ ആകശാലയിൽ പിറവം (എല്ലാവരും യുഎസ്).

## മേരി ജോസഫ്

**മണർകാട്:** പരേതനായ പ്രഫ. സി.ജെ. മണ്ണുമൂട്ടിലിന്റെ മകൾ കുഴിയിൽ മേരി ജോസഫ് (70) അന്തരിച്ചു. ഭർത്താവ് കുഴിയിൽ വർഗീസ് കോശി (റിട്ട. സീനിയർ സൂപ്രണ്ട് കോളജ് വിദ്യാഭ്യാസ വകുപ്പ് കോട്ടയം). മക്കൾ: വരുൺ കോശി വർഗീസ് (ഹൂസ്റ്റൺ), വിനീറ്റ മറിയം വർഗീസ് (കൊൽക്കത്ത). മരുമക്കൾ: തൊടുപുഴ മഞ്ചിക്കൽ തോലാനിക്കൽ നിഷ തോമസ് (ഹൂസ്റ്റൺ), പൂത്തോട്ട അശ്വതിയിൽ സന്ദീപ് ശശിധരൻ (കൊൽക്കത്ത).

## പി.എൽ. പാപ്പച്ചൻ

**മൈലപ്ര:** റിട്ട. അസി. രജിസ്ട്രാർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി കൈരളീപുരം സന്തോഷ്ഭവൻ പി.എൽ. പാപ്പച്ചൻ (82) അന്തരിച്ചു. ഭാര്യ പി.സി. അമ്മുക്കുട്ടി (റിട്ട. ഡെപ്യൂട്ടി മാനേജർ എസ്ബിഐ). മക്കൾ: പ്രദീപ് പാപ്പച്ചൻ (കാനഡ), പ്രീത സാമുവൽ (യുഎസ്), പ്രിയ സുനിൽ (കാനഡ). മരുമക്കൾ: സന്തോഷ് സാമുവൽ, സുനിൽ സുന്ദർ, രജനി പ്രദീപ്.

**കളമശേരി:** കുളത്തുപ്പുഴ അമ്പാട്ട് ചെറിയാൻ നൈനാന്റെയും സരോജയുടെയും മകൻ ഷെറി നൈനാൻ (55) അന്തരിച്ചു.


## അന്നമ്മ മാത്യു

**തൊടുപുഴ:** ഒളമറ്റം കോഴിമണ്ണിൽ അന്നമ്മ മാത്യു (അമ്മിണി-88) അന്തരിച്ചു. കോട്ടയം ഒഴത്തിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ കെ.എം. വർഗീസ്. മക്കൾ: ബോബി എം. വർഗീസ് (ചെന്നൈ), സൂസൻ അലക്സാണ്ടർ (ബെംഗളൂരു), റേച്ചൽ മാത്യു ഐപ് (യുഎസ്), ബെച്ചു ഇട്ടൂപ്പ് മാത്യു. മരുമക്കൾ: വടക്കേത്തലയ്ക്കൽ സൂസൻ, കാട്ടുഭാഗം അലക്സാണ്ടർ, പാലയ്ക്കൽ ഷിബു ഐപ്, കുടുങ്ങാട്ട് അനു.

**പരിയാരം:** സെ. പീറ്റേഴ്സ് ട്യൂട്ടോറിയൽ കോളജ് പ്രിൻസിപ്പലും പ്ലാന്ററുമായിരുന്ന ആലഞ്ചേരിൽ ടി.സി. ഐപ് (കൊച്ചനിയൻ-72) അന്തരിച്ചു.

**അടൂർ:** ലയൺസ് ക്ലബ് ഡിസ്ട്രിക്ട് ചെയർമാൻ മണ്ണടി കല്ലുവിളയിൽ പ്രശാന്തിൽ കോശി ജോൺ (82) അന്തരിച്ചു.

## പരുത്തപ്പാറ പി.എം. സ്കറിയ



**ഫിലാഡൽഫിയ:** ഫിലാഡൽഫിയായിലെ സാമൂഹിക, സാംസ്കാരിക മേഖലകളിലും സീറോമലബാർ ദേവാലയ പ്രവർത്തനങ്ങളിലും സജീവമായിരുന്ന പാലാ ചേർപ്പുങ്കൽ പരുത്തപ്പാറ മത്തായി സ്കറിയ (പി.എം. സ്കറിയ-സ്കറിയാച്ചൻ-78) ഡാളസിൽ അന്തരിച്ചു. ഭാര്യ അമ്മിണി. മക്കൾ: ജാസ്മിൻ, ജെന്നിഫർ. മരുമക്കൾ: ടിനോ മാത്യു, നവ്ദീപ് സിംഗ്. സഹോദരങ്ങൾ: പി.എം. ആഗസ്തി, പി.എം. മൈക്കിൾ, ചിന്നമ്മ ജെയിംസ് വട്ടമറ്റത്തിൽ, ആലീസ് ജോണി ചാച്ചാഭവൻ (യുഎസ്), സെലിൻ ജോർജ് ഓലിക്കൽ (യുഎസ്എ), സോഫിയാമ്മ. അർദ്ധസഹോദരങ്ങൾ: പരേതരായ തൊമ്മച്ചൻ മത്തായി, മാമ്മി മഠത്തിക്കുന്നേൽ, പി.എം. ജോയി, പി.എം. ജോസ്.

**റാന്നി:** മലങ്കര ഓർത്തഡോക്സ് സഭയിലെ മുതിർന്ന വൈദികൻ കൊറ്റനാട് കളമ്പാല ചെറുകര പുലിക്കുന്നിൽ ഫാ. പി.എം. ഫിലിപ്പോസ് (92) അന്തരിച്ചു.

## ശോശാമ്മ ജോൺ

**എടത്വാ:** ഇല്ലമ്പള്ളിൽ പരേതനായ ജോൺ ചെറിയാന്റെ (ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡണ്ട്) ഭാര്യ ശോശാമ്മ ജോൺ (കുഞ്ഞൂഞ്ഞമ്മ-98) അന്തരിച്ചു. വള്ളംകുളം ശങ്കരമംഗലത്ത് മെഴുവേലിൽ കുടുംബാംഗമാണ്. മക്കൾ: ശാന്ത, ഗീത (യുഎസ്), ജയ, ചെറിയാൻ (യുഎസ്), കോശി. മരുമക്കൾ: സാലി തുണ്ടിയിൽ, സ്റ്റെല്ലാ അമയിൽ, പരേതരായ വിന്നി അക്കര, സണ്ണി മംഗലത്ത്, ജീ പോത്തിരിക്കൽ.

## പി.സി. ലൂക്കോസ്

**തിരുവഞ്ചൂർ:** നീറിക്കാട് തറത്തട്ടേൽ പി.സി. ലൂക്കോസ് (ലൂക്കാച്ചൻ-90) അന്തരിച്ചു. ഭാര്യ നീണ്ടൂർ പറയംകാലായിൽ ചിന്നമ്മ. മക്കൾ: ആൻസി, ചാക്കോച്ചൻ, അവറാച്ചൻ, സാബു, ടോമി. മരുമക്കൾ: ജോസ് വട്ടാടികുന്നേൽ (മോനിപ്പള്ളി), ഷേർളി ചാക്കച്ചേരിൽ (വാകത്താനം), ലിസി അമ്പാട്ട് (മാഞ്ഞൂർ), ഷൈനി കക്കാട്ടിൽ (പുന്നത്തുറ), സുജ ആറുപറയിൽ പേരൂർ (എല്ലാവരും യുഎസ്).

**എസ്.എച്ച്.മൗണ്ട്:** രശ്മി ഭവനിൽ (കാരപ്പറമ്പിൽ കല്ലറ) കെഎസ്ഇബി റിട്ട. അസി. അക്കൗണ്ട്സ് ഓഫീസർ കെ.കെ. ചെല്ലപ്പൻ (88) അന്തരിച്ചു.

## കെ.എം. ജോസഫ്

**മൂവാറ്റുപുഴ:** നിർമല കോളജ് റിട്ട. ജീവനക്കാരൻ കപ്യാരട്ടേൽ കെ.എം. ജോസഫ് (80) അന്തരിച്ചു. ഭാര്യ കലൂർ പാണനാൽ ചിന്നമ്മ (റിട്ട. അദ്ധ്യാപിക). മക്കൾ: ജയ്സൺ (യുഎസ്), ജോസ്മി (ബംഗളൂരു). മരുമക്കൾ: അബിൾ ജെയ്സൺ പാലാട്ടി കൂനത്താൻചുള്ളി, മനോജ് മാത്യൂസ് കടവിൽ ചങ്ങനാശേരി.

**ളായിക്കാട്:** ചെമ്പുത്തുരുത്തി പരുത്തിപ്പറമ്പിൽ പരേതനായ കെ.ജെ. ജോണിന്റെയും (റിട്ട. കെഎസ്ആർടിസി) സാറാമ്മ ജോണിന്റെയും മകൾ മിനി ജോൺ (46) അന്തരിച്ചു.

**വടശേരിക്കര:** റിട്ട. അദ്ധ്യാപകൻ മാടമൺ താന്നിക്കപ്പുഴത്തൂട്ട് ടി.എം. തോമസ് (മാച്ചൻ -89) അന്തരിച്ചു.

## മറിയാമ്മ തോമസ്



**ഡാളസ്:** എടത്വ വടശ്ശേരിക്കര തകിടിയിൽ പരേതനായ ടി.ജെ. തോമസിന്റെ ഭാര്യ മറിയാമ്മ തോമസ് (കൊച്ചുമാരിയമ്മ-95) അന്തരിച്ചു. ചിറ്റാർ ഗവ. എൽപിഎസ് റിട്ട അദ്ധ്യാപികയായിരുന്ന പരേത എടത്വ മണപ്പുറമ്പിൽ കുടുംബാംഗമാണ്. മക്കൾ: മേരി ലാൽ വർഗീസ് (കൊച്ചുമോൾ-ഡാളസ്), മോളി ഈപ്പൻ (മഞ്ഞാടി), സൂസൻ മാമ്മൻ (ജോളി-തിരുവനന്തപുരം), ഷേർളി വർഗീസ് (ഡാളസ്). മരുമക്കൾ: അറ്റോർണി ലാൽ വർഗീസ് (ഡാളസ്), നെടുമ്പ്രം ചിറയിൽ കണ്ടത്തിൽ പരേതനായ സി.ഇ. ഈപ്പൻ, തിരുവനന്തപുരം തയ്യിൽ പുത്തൻവീട് മാമ്മൻ ജോസഫ് (ടോബി തിരുവനന്തപുരം), ആബൽ വർഗീസ് (ഡാളസ്).

**കാവാലം വടക്ക്:** ഇറ്റാലിയൻ സിസ്റ്റേഴ്സ് ഓഫ് ദ ഇമ്മാക്കുലേറ്റ് സഭാംഗം സിസ്റ്റർ ജസ്റ്റിന (80) ഹൈദരാബാദിൽ അന്തരിച്ചു.

**ഒളശ്ശ:** പള്ളിക്കവല പ്ലാമ്മൂട്ടിൽ പരേതനായ ഏബ്രഹാം കുര്യന്റെ (റെയിൽവേ സീനിയർ സെക്ഷണൽ എൻജിനീയർ) ഭാര്യ സൂസമ്മ കുര്യൻ (78) അന്തരിച്ചു.

**തൊടുപുഴ:** ഏഴല്ലൂർ നെടുങ്കല്ലേൽ എൻ.സി. ജോണിന്റെ മകൻ ജോർജ് അൽഫോൻസ് ജോൺ (38) അന്തരിച്ചു.

**കാളകെട്ടി:** പുത്തൻപുരക്കൽ ത്രേസ്യാമ്മ തോമസ് (88) അന്തരിച്ചു.

## കെ.വി. കുരുവിള

**ചെങ്ങന്നൂർ:** അങ്ങാടിക്കൽ തെക്ക് ചക്കാലയിൽ കെ.വി. കുരുവിള (96) യുഎസിൽ അന്തരിച്ചു. നിരണം കൊമ്പങ്കേരിൽ വാഴപ്പള്ളി കുടുംബാംഗമാണ്. ഭാര്യ പരേതയായ ഏലിയാമ്മ കുരുവിള. മക്കൾ: ഷെലിൻ, സതീഷ്, സുരേഷ്. മരുമക്കൾ: മാത്യൂസ്, ജിസ്, മിനി (എല്ലാവരും യുഎസ്).

**വാടാനപ്പള്ളി:** ഇൻകംടാക്സ് റിട്ട. ഓഫീസറും ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ കേരളാ സ്റ്റേറ്റ് ജോ. സെക്രട്ടറിയുമായിരുന്ന പള്ളിക്കുന്നത്ത് പി.ജി. ഡൊമിനിക് (60) അന്തരിച്ചു.

## ടി.ടി. അന്നമ്മ

**കൊച്ചി:** ഐസിഎആർ സിഫ്റ്റ് റിട്ട സീനിയർ ടെക്നിക്കൽ ഓഫീസർ പനമ്പള്ളി നഗർ വള്ളാപ്പള്ളി വീട്ടിൽ ടി.ടി. അന്നമ്മ (82) യുഎസിൽ അന്തരിച്ചു. ഭർത്താവ് പരേതനായ ബേബി ബ്രഹ്മപുരം (മുൻ അധ്യാപകൻ). മക്കൾ: പ്രീതി, പ്രിയ. മരുമക്കൾ: പ്രകാശ് ശങ്കരത്തിൽ, അരുൺമോൻ കൂട്ടിയാനിൽ (എല്ലാവരും യുഎസ്).

**അയർക്കുന്നം:** മാവേലിക്കര ബിഷപ് മൂർ കോളജ് റിട്ട. ഓഫീസ് സ്റ്റാഫ് പുതുപ്പള്ളി മുണ്ടാക്കൽ വട്ടവേലി എം.സി. ചാക്കോ (ബേബി-70) അന്തരിച്ചു.

## എം.ജെ. ഏബ്രഹാം

**നീറിക്കാട്:** മഠത്തിൽ എം.ജെ. ഏബ്രഹാം (അവറാച്ചൻ-84) അന്തരിച്ചു. ഭാര്യ ഓതറ ഇളകുറ്റൂർ നടുക്കേതിൽ മറിയാമ്മ ഏബ്രഹാം (റിട്ട. ഹിന്ദി അദ്ധ്യാപിക). മക്കൾ: റോബി ഏബ്രഹാം (യുഎസ്), ടോബി ഏബ്രഹാം (യുകെ). മരുമക്കൾ: സുനിത റോബി പുതുപ്പള്ളിൽ (പാണത്തൂർ), ജോസി ടോബി കിഴക്കേക്കര (ഉഴവൂർ).

## പി.വി. ദേവസ്യ

**തിരുവാതുക്കൽ:** പാറയിൽ പി.വി. ദേവസ്യ (78) അന്തരിച്ചു. ഭാര്യ ലില്ലി. മക്കൾ: ബിനു പോളക്കാട്ടിൽ (യുഎസ്), ബിജു പി. സെബാസ്റ്റ്യൻ (ബംഗളൂരു). മരുമക്കൾ: മോനപ്പൻ പോളക്കാട്ടിൽ (യുഎസ്), ജിനു ബിജു കടന്തോട് ചങ്ങനാശേരി (ബെംഗളൂരു).

**ആലപ്പുഴ:** മെഡിക്കൽ കോളജ് റിട്ട. ലാബ് ടെക്നീഷ്യൻ തത്തംപള്ളി തോട്ടത്തിൽ ടി.എൽ. തോമസ് (78) അന്തരിച്ചു.

**പള്ളം:** ശ്രീരാഗത്തിൽ പി.ആർ. നന്ദകുമാറിന്റെ ഭാര്യ കുറിച്ചി സെന്റ് മേരീസ് മദ്ഗലന മറിയം ഗേൾസ് ഹൈസ്കൂൾ റിട്ട. സംഗീതാദ്ധ്യാപിക കെ.എൻ. സുഭദ്രാഭായ് (77) അന്തരിച്ചു.

**പാമ്പാടി:** ചേന്നംപള്ളി പുല്ലഴം പെരുമ്പ്രാകുന്ന് ഭാഗത്ത് വലിയപാറക്കൽ ഷൈജു പി. തങ്കപ്പന്റെയും സിന്ധുവിന്റെയും മകൾ ശ്രീപ്രിയ (19) അന്തരിച്ചു.

## COMMERCIAL BUILDING FOR SALE AT KURAVILANGAD, KOTTAYAM

കുറവിലങ്ങാട് ജംഗ്ഷനിൽ M.C Road സൈഡിൽ 30 സെന്റ് സ്ഥലത്തോട് കൂടി 3 നിലയിലുള്ള commercial building (Aprx. 10,000 ചതുരശ്ര അടി) വില്പനയ്ക്ക്. NRI-കാർക്ക് മുൻഗണന. Owners retiring! Great investment opportunity! Mostly rented by banks!

**Serious buyers please contact**

**(USA) 1 (407) 312 9926 OR 1908 764 0342 OR**

**E-mail: medqis@gmail.com**

## LAND FOR SALE

**ARUNOOTTIMANGALAM, 5KM NORTH OF KADUTHURUTHY, KOTTAYAM DISTRICT**

1.8 acres near st. joseph's church, facing main rd. ( 270ft), back borders old paddy field so well water available.

**Contact:** **USA- 630-209-5535,**
**KERALA- 9447572102**

## LOOKING FOR LIVE-IN CAREGIVER IN DETROIT

Looking for a female caregiver for an 84 year old woman. (Preferably Malayalam speaking) in Detroit to assist with her daily activities. If you are interested,

**please contact**

**Joji Varughese 586-610-9932**

**for more information.**

## HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

### *Favors Received*



*Inserted by: Firm Believer, Virginia*

### *Favors Received*



*Inserted by: Firm Believer, Virginia*

### *Favors Received*



*Inserted by: Firm Believer, Atlanta*

### *Favors Received*



*Inserted by: Firm Believer, Atlanta*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Dallas*

### *Favors Received*




"In trial or difficulty
I have recourse to
Mother Mary, whose glance
alone is enough to
dissipate every fear."

**Ajitha Kurien,**
**Ellicott city, Md**

### ഉപകാരസ്മരണ

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
കൃപയുണ്ടായി ഞങ്ങളോട്
കരുണ ചെയ്യണമെ
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയുള്ളവനും
നിന്റെ തിരുനാമം
വാഴ്ത്തപ്പെട്ടതും ആകുന്നു
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ ശരണമേ!
എന്നേയ്ക്കും നിനക്കു സ്തുതി
ബാറെക്മോർ

*Inserted by: Firm Believer, New York*

### *Favors Received*



*Inserted by: Firm Believer, New York*

**Visit Our Website: www.keralaexpress.com for Classified Advt.**

# ഫൊക്കാന ന്യൂയോർക്ക് മെട്രോ റീജിയൻ വിമൻസ് ഫോറം ഉദ്ഘാടനവും ഹോളിഡേ സെലിബ്രേഷനും വർണാഭമായി

ഉഷാ ജോർജ്








ന്യൂയോർക്ക്: വലിയ പങ്കാളിത്തവും ശ്രദ്ധേയരായ വിശിഷ്ടാതിഥികളുടെ പ്രസംഗങ്ങളും മികച്ച കലാപരിപാടികളും കൊണ്ട് ഫൊക്കാന ന്യൂയോർക്ക് റീജിയൻ വിമൻസ് ഫോറം ഉദ്ഘാടനവും ഹോളിഡേ സെലിബ്രേഷനും വർണാഭമായി. ന്യൂയോർക്ക് റീജിയന്റെ ചരിത്രത്തിൽ വിമൻസ് ഫോറത്തിന്റെ പുതിയ ഒരു അദ്ധ്യായത്തിനു തുടക്കം കുറിക്കുന്നതിന് ന്യൂയോർക്ക് റീജിയൻ വിമൻസ് ഫോറം ചെയർ ഉഷാ ജോർജിനും സഹപ്രവർത്തകർക്കും കഴിഞ്ഞു.

ജനുവരി 18-ന് ശനിയാഴ്ച രാവിലെ പത്തര മണി മുതൽ ഉച്ചയ്ക്ക് രണ്ട് മണി വരെ ന്യൂയോർക്ക് കേരളാ സെന്ററിലെ മനോഹരമായ ഓഡിറ്റോറിയത്തിലായിരുന്നു ഹൃദ്യമായ ഈ പരിപാടികൾ അരങ്ങേറിയത്. നൂറിലധികം പേർ പങ്കെടുത്ത ഈ പരിപാടിയിൽ റോക്‌ലാൻഡ് കൗണ്ടി ലെജിസ്ലേറ്ററും വൈസ് ചെയറുമായ ഡോ. ആനി പോൾ, ടൗൺ ഓഫ് നോർത്ത് ഹെംപ്സ്റ്റഡ് ക്ലാർക്ക് രാഗിണി ശ്രീവാസ്തവ, പ്രശസ്ത സിനിമാനടി ഗീത എന്നിവർ മുഖ്യാതിഥികളായിരുന്നു.

ഫൊക്കാന ന്യൂയോർക്ക് മെട്രോ റീജിയൻ വൈസ് പ്രസിഡണ്ട് ലാജി തോമസിന്റെ അഭാവത്തിൽ വിമൻസ് ഫോറം ചെയർ ഉഷാ ജോർജ് മീറ്റിംഗിന് നേതൃത്വം നല്കി. വിമൻസ് ഫോറം കോ-ഓർഡിനേറ്റർ മിൽഫി സിജുവിന്റെ സ്വാഗതപ്രസംഗത്തോടെ മീറ്റിംഗ് ആരംഭിച്ചു. വിമൻസ് ഫോറം കമ്മിറ്റി മെമ്പർ കൂടിയായ റിയ അലക്സാണ്ടർ പ്രാർത്ഥനാ ഗീതവും ഇന്ത്യൻ ദേശീയഗാനവും സാറാ പുതുശ്ശേരി അമേരിക്കൻ ദേശീയഗാനവും ആലപിച്ചു.പ്രോഗ്രാമിന്റെ എംസിമാരായി ആനി സാബു (വിമൻസ് ഫോറം കോ-ചെയർ), സിജി തോമസ് (വിമൻസ് ഫോറം സെക്രട്ടറി) എന്നിവർ ആയിരുന്നു. വിമൻസ് ഫോറം ചെയർ ഉഷാ ജോർജ് സദസ്സിനെ അഭിസംബോധന ചെയ്തു സംസാരിച്ചു. അടുത്ത രണ്ടുവർഷത്തെ വിമൻസ് ഫോറം പ്രവർത്തനങ്ങൾ വിവരിക്കുകയും സ്ത്രീശാക്തീകരണം കൊണ്ട് ഉദ്ദേശിക്കുന്നത് ശക്തമായ നേതൃത്വപരിശീലനത്തിൽക്കൂടി സ്ത്രീകളെ പ്രതികരിക്കാൻ കഴിവുള്ള ശക്തയും ധീരതയും ഉള്ള വനിതകളാക്കിത്തീർക്കുക എന്നതാണ്. അതുപോലെതന്നെ സ്ത്രീകൾക്ക് ഇന്ന് സമൂഹത്തിലും രാജ്യത്തിന്റെ ഭരണ സിരാകേന്ദ്രങ്ങളിൽ വേണ്ട വിധത്തിലുള്ള അംഗീകാരങ്ങൾ നല്കുന്നില്ല എന്നും ചൂണ്ടിക്കാട്ടി.

വരുംദിവസങ്ങളിൽ വിമൻസ് ഫോറം സ്ത്രീകൾക്ക് പ്രയോജനപ്പെടുന്ന വിവിധ മേഖലകളിൽ പരിശീലനം ചെയ്യുന്നതിനായി സൂമിലും വെബിനാർ വഴിയും എഡ്യൂക്കേഷണൽ സെമിനാർ സംഘടിപ്പിക്കുകയും നാട്ടിൽ നിർദ്ധനരായ കുടുംബങ്ങൾക്ക് ധനസഹായവും അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനത്തിനായി സ്കോളർഷിപ്പ് തുടങ്ങിയ സേവനങ്ങൾക്ക് മുൻതൂക്കം നല്കുന്നതായിരിക്കും.

ഡോ. ആനി പോളിന്റെ പ്രസംഗത്തോടു കൂടി ന്യൂയോർക്ക് മെട്രോ റീജിയണൽ വിമൻസ് ഫോറം ഉദ്ഘാടനം ചെയ്തു. പ്രശസ്ത സിനിമാനടി ഗീത വിമൻസ് ഫോറത്തിന്റെ പ്രവർത്തനങ്ങളെ വളരെയധികം പ്രശംസിക്കുകയും അഭിനന്ദനങ്ങൾ അർപ്പിക്കുകയും ചെയ്തു. രാഗിണി ശ്രീവാസ്തവ ഫൊക്കാനാ വിമൻസ് ഫോറത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ആശംസകൾ അർപ്പിക്കുകയും വിമൻസ് ഫോറം എക്സിക്യൂട്ടീവ്, വിമൻസ് ഫോറം ചെയർ ഉഷാ ജോർജ്, കോ-ചെയർ ആനി സാബു, സെക്രട്ടറി സിജി തോമസ്, ട്രഷറർ ഡെയ്സി തോമസ്, യുവജനക്കമ്മിറ്റി മെമ്പറും നല്ല ഗായികയുമായ റിയ അലക്സാണ്ടർ, ഫൊക്കാനാ നാഷണൽ വിമൻസ് ഫോറം മെമ്പർ ശോശാമ്മ ആൻഡ്രൂസിനെയും കമ്യൂണിറ്റി സർവീസ് അവാർഡുകൾ നല്കി ആദരിച്ചു. തുടർന്ന് ഭദ്രദീപം കൊളുത്തുന്ന ചടങ്ങിന് ഫൊക്കാനാ നാഷണൽ കമ്മിറ്റി അംഗം മേരി ഫിലിപ്പ് നേതൃത്വം നല്കി. ചടങ്ങിൽ എല്ലാ ഫൊക്കാനാ ഭാരവാഹികളും സംബന്ധിക്കുകയുണ്ടായി.

ഫൊക്കാനാ നാഷണൽ വിമൻസ് ഫോറം ചെയർ രേവതി പിള്ളയുടെ അഭാവത്തിൽ വിമൻസ് ഫോറം നാഷണൽ കമ്മിറ്റി അംഗമായ ശോശാമ്മ ആൻഡ്രൂസ് നാഷണൽ വിമൻസ് ഫോറത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു. വിമൻസ് ഫോറം നാഷണൽ കമ്മിറ്റി മെമ്പർ ഉഷാ ചാക്കോ, ന്യൂയോർക്ക് മെട്രോ റീജിയൻ സെക്രട്ടറി ഡോൺ തോമസ് എന്നിവർ മെട്രോ റീജിയണിനെ പ്രതിനിധീകരിച്ച് ആശംസകൾ അർപ്പിച്ചു. മെട്രോ റീജിയൺ ട്രഷറർ മാത്യു തോമസ്, റീജണൽ കോ-ഓർഡിനേറ്റർ ജിൻസ് ജോസഫ് എന്നിവരും ആശംസകൾ അറിയിക്കുകയും പരിപാടിയുടെ വിജയത്തിനു വേണ്ടിയുള്ള എല്ലാവിധ സഹായസഹകരണങ്ങൾ നല്കുകയും ചെയ്തു.

ഫൊക്കാനാ ബോർഡ് ഓഫ് ട്രസ്റ്റി സെക്രട്ടറി ബിജു ജോൺ കൊട്ടാരക്കര, ന്യൂയോർക്ക് അപ് സ്റ്റേറ്റ് റീജിയൻ വൈസ് പ്രസിഡണ്ട് ആന്റോ വർക്കി, ഫൊക്കാനാ നാഷണൽ കമ്മിറ്റി മെമ്പർമാരായ മത്തായി ചാക്കോ, സിജു സെബാസ്റ്റ്യൻ, ഫൊക്കാനാ ഒഫീഷ്യൽ ഷാജു സാം, കേരള സെന്റർ സെക്രട്ടറി രാജു തോമസ്, കേരളാ സമാജം സെക്രട്ടറി മാത്തുക്കുട്ടി ഈശോ, നാഷണൽ ഇന്ത്യൻ നേഴ്സ് പ്രാക്ടീഷണേഴ്സ് അസോസിയേഷൻ പ്രസിഡണ്ട് സാറാ അമ്പാട്ട്, ക്യൂൻസ് അസംബ്ലിമാൻ എഡ്‌വേർഡ് ബ്രൗൺസ്റ്റെയ്‌നെ പ്രതിനിധീകരിച്ച് കോശി ഒ. തോമസ്, പയനിയർ ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്ക പ്രസിഡണ്ട് ജോണി സക്കറിയാ തുടങ്ങിയ പ്രമുഖ വ്യക്തികൾ പങ്കെടുക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു.

ഫൊക്കാനയുടെ പ്രവർത്തനങ്ങളുമായി കേരളത്തിലായിരുന്ന പ്രസിഡണ്ട് സജിമോൻ ആന്റണി, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ, അഡീഷണൽ അസോസിയേറ്റ് സെക്രട്ടറി അപ്പുക്കുട്ടൻപിള്ള, ട്രസ്റ്റി ബോർഡ് മെംബേഴ്സ് ആയ ലീല മാരേട്ട്, തോമസ് തോമസ് പാലത്ര, കേരളാ കൺവൻഷൻ കോ-ഓർഡിനേറ്റർ ജോയ് ഇട്ടൻ എന്നിവർ വിമൻസ് ഫോറത്തിനുള്ള എല്ലാ സഹകരണങ്ങളും ആശംസയും അറിയിച്ചു.

ഫൊക്കാനാ നാഷണൽ കമ്മിറ്റി മെമ്പറും മികച്ച ഗായികയും അവതാരകയുമായ മേരിക്കുട്ടി മൈക്കിളിന്റെയും വിമൻസ്ഫോറം യൂത്ത് കോ-ഓർഡിനേറ്റർ റിയ അലക്സാണ്ടറുടെയും മനോഹര ഗാനങ്ങൾ മീറ്റിങ്ങിനു മാറ്റുകൂട്ടി. വിമൻസ് ഫോറം ട്രഷറർ ഡെയ്സി തോമസ് എല്ലാവർക്കും നന്ദി അറിയിച്ചു. പ്രോഗ്രാമിന്റെ വിജയത്തിനായി സ്പോൺസർഷിപ്പ് തന്നു സഹായിച്ച മഹാരാജാ ഗ്രൂപ്പ് ഓഫ് ഫുഡ് ആൻഡ് സൂപ്പർ മാർക്കറ്റ്, മാത്യു തോമസ് (ക്രോസ് ഐലന്റ് റിയാലിറ്റി), റ്റി.ആർ. ജോയി (ടി.ആർ. ജോയി ആൻഡ് അസോസിയേറ്റ്സ് ഐഎൻസി), സാബു ലൂക്കോസ് (ബ്ലൂ ഓഷ്യൻ വെൽത്ത് സൊലൂഷൻസ്), റോയി സി. തോമസ് (ഫാർമേഴ്സ് ഇൻഷുറൻസ്), ഷാജു സാം (പ്രഫഷണൽ അക്കൗണ്ടിംഗ് ആൻഡ് ടാക്സ് കൺസൾട്ടിങ് ഐഎൻസി), ഡെയ്സി തോമസ് (ഡെയ്സി ട്രോഫീസ്), ഏലിയാമ്മ മാത്യു, ലില്ലിക്കുട്ടി തോട്ടത്തിൽ എന്നിവരോടുള്ള നന്ദി അറിയിച്ചു. ഉച്ചഭക്ഷണത്തോടു കൂടി പരിപാടികൾ അവസാനിച്ചു.

# പാലാ കെ.എം. മാത്യു പുരസ്കാരം കൊടുമൺ ഗോപാലകൃഷ്ണന് ശശി തരൂർ സമ്മാനിച്ചു

**ജോർജ് ഏബ്രഹാം**

കോട്ടയം: ജീവിതത്തിന്റെ വിവിധ മേഖലകളിൽ സ്വാധീനം ചെലുത്തിയ വ്യക്തിയായിരുന്നു പാലാ കെ.എം. മാത്യു എന്ന് ഡോ. ശശി തരൂർ എംപി പറഞ്ഞു. രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക പ്രവർത്തനങ്ങൾക്കിടയിൽ വായിക്കുകയും പഠിക്കുകയും കുട്ടികൾക്കായി എഴുതുകയും ചെയ്തത് തന്നെ അതിശയിപ്പിച്ച കാര്യമാണെന്നും അദ്ദേഹം പറഞ്ഞു. മൂല്യങ്ങളിൽ ഉറച്ചുവിശ്വസിക്കുകയും ഒരു തലമുറയെ അതിൽ വിശ്വസിപ്പിക്കുകയും ചെയ്ത വ്യക്തിത്വമായിരുന്നു പാലാ കെ.എം. മാത്യുവിന്റേതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കേരളത്തിലെ ഏറ്റവും നല്ല ബാലസാഹിത്യത്തിനുള്ള പാലാ കെ.എം. മാത്യു അവാർഡ് സമ്മാനിച്ചു കൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു തലമുറയ്ക്ക് അനുകരിക്കാവുന്ന വ്യക്തിത്വങ്ങൾ ഇല്ലാതായിരിക്കുന്നുവെന്നും മാതൃകയാക്കാവുന്ന ഒരു വ്യക്തിത്വമായിരുന്നു പാലാ കെ.എം. മാത്യുവെന്നും ശശി തരൂർ പറഞ്ഞു.

തന്റെ ദീർഘകാല സുഹൃത്തും യുഎന്നിലെ സഹപ്രവർത്തകനുമായിരുന്നു പാലാ കെ.എം. മാത്യു ഫൗണ്ടേഷൻ ചെയർമാൻ ജോർജ് ഏബ്രഹാം. പാലാ കെ.എം. മാത്യു പഠിപ്പിച്ച മൂല്യങ്ങളിൽ ഉറച്ചുനിന്നതു കൊണ്ടാണ് ഉന്നത പദവികളിൽ എത്തിയതെന്ന് ഉറപ്പുണ്ടെന്നും തരൂർ പറഞ്ഞു. ഇന്നത്തെ അദ്ധ്യാപകർ കുട്ടികളെ എന്താണ് ചിന്തിക്കേണ്ടതെന്നല്ല മറിച്ച്, എങ്ങനെയാണ് ചിന്തിക്കേണ്ടതെന്ന് പഠിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു.

കൊടുമൺ ഗോപാലകൃഷ്ണന്റെ 'ചിൽഡ്രൻസ് തീയേറ്റർ' എന്ന കൃതിക്കാണ് പ്രശസ്തിപത്രവും ഫലകവും ക്യാഷ് അവാർഡും ലഭിച്ചത്.

എന്റെ ജീവിതത്തെ ഏറ്റവും സ്വാധീനിച്ച വ്യക്തിയായിരുന്നു പാലാ കെ.എം. മാത്യുവെന്ന് സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച ഫൗണ്ടേഷൻ ചെയർമാൻ ജോർജ് ഏബ്രഹാം പറഞ്ഞു. ആദർശപരമായ ജീവിതം നയിക്കുവാൻ തന്നെ പഠിപ്പിച്ചതും യാഥാർത്ഥ്യത്തിന്റെ പരിവർത്തനത്തിനുള്ള വാതിൽ തുറന്നുതന്നതും മാത്യു സാർ ആയിരുന്നു എന്നും ജോർജ് ഏബ്രഹാം പറഞ്ഞു.





അവാർഡ്ദാന ചടങ്ങിൽ സംബന്ധിച്ചവർ- ഇടത്തുനിന്ന് വലത്തോട്ട്: തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഡോ. ബസ്സി വർക്കി, കുര്യൻ ജോയി, സോമു മാത്യു (എക്സിക്യൂട്ടീവ് ഡയറക്ടർ), വി.ബി. ബിനു, കെ.സി. ജോസഫ്, ശശി തരൂർ, കൊടുമൺ ഗോപാലകൃഷ്ണൻ, ജോർജ് ഏബ്രഹാം (ചെയർമാൻ), സുകുമാരൻ മൂലേക്കാട് (ജനറൽ സെക്രട്ടറി), ഡോ. ഇന്ദിര രാജൻ.

ഒരു തലമുറയുടെ സ്വഭാവ രൂപീകരണത്തിനും വ്യക്തമായ ദിശാബോധം നല്കുന്നതിനും പാലാ കെ.എം. മാത്യു വഹിച്ച പങ്ക് എടുത്തുപറയേണ്ടതാണെന്നും എല്ലാ കാലത്തും അനുസ്മരിക്കപ്പെടേണ്ട വ്യക്തിയാണ് അദ്ദേഹമെന്നും ആശംസകളർപ്പിച്ചുകൊണ്ട് മുൻ കേരള സാംസ്കാരിക മന്ത്രി കെ.സി. ജോസഫ് പറഞ്ഞു.

സമാധാനത്തിനുള്ള നൊബേൽ സമ്മാനം ലഭിച്ച ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയായ മലാല യൂസഫ് സായിയെ പോലെ പുതുതലമുറ ചിന്തിക്കണമെന്നും പ്രവർത്തിക്കണമെന്നും കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയുടെ സമുന്നത നേതാവായ അഡ്വ. വി.ബി. ബിനു ആശംസകൾ അർപ്പിച്ചുകൊണ്ട് പറഞ്ഞു.

എല്ലാ പ്രവർത്തനമണ്ഡലങ്ങളിലും ആദർശശുദ്ധിയോടെ നിൽക്കുവാൻ പഠിപ്പിച്ച പാലാ കെ.എം. മാത്യുവിനെ തന്റെ ജീവിതം അവസാനിക്കുന്നതുവരെ മറക്കാൻ സാധിക്കില്ലെന്ന് മുൻ കേരള ആഭ്യന്തര മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ പറഞ്ഞു.

വിവിധ സ്കൂളുകളിലെ കുട്ടികളുമായി ശശി തരൂർ എംപി തുടർന്ന് സംവാദം നടത്തി.

സമ്മേളനത്തിൽ ഇന്ദിര രാജൻ, ഫൗണ്ടേഷൻ ജനറൽ സെക്രട്ടറി സുകുമാരൻ മൂലേക്കാട് എന്നിവർ സംസാരിച്ചു. ബേക്കർ വിദ്യാപീഠം സീനിയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ ഡോ. ബസ്സി വർക്കി അവാർഡ് കൃതി പരിചയപ്പെടുത്തി. അവാർഡ് ജേതാവ് കൊടുമൺ ഗോപാലകൃഷ്ണൻ മറുപടി പ്രസംഗം നടത്തി. പാലാ കെ.എം. മാത്യു ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സോമു മാത്യു സ്വാഗതവും ഡയറക്ടർ കുര്യൻ ജോയി നന്ദിയും പറഞ്ഞു. വിവിധ സ്കൂളുകളിലെ കുട്ടികൾ, അദ്ധ്യാപകർ, മാതാപിതാക്കൾ, സുഹൃത്തുക്കൾ എന്നിവരുടെ ഒരു വലിയ സൗഹൃദ സദസ്സ് യോഗത്തിൽ പങ്കെടുത്തു.

# പിസിനാക്ക് പ്രയർ ലൈൻ ഉദ്ഘാടനം ചെയ്തു

ചിക്കാഗോ: 2026-ൽ ചിക്കാഗോയിൽ വെച്ച് നടക്കുന്ന നാല്പതാമത്തെ പിസിനാക്കിന്റെ ഒന്നരവർഷം നീണ്ടു നിൽക്കുന്ന ആഗോള വ്യാപകമായ പ്രാർത്ഥനയ്ക്കു തുടക്കം കുറിച്ചു.

**കുര്യൻ ഫിലിപ്പ്**

ജനുവരി 18-ന് ശനിയാഴ്ച ഐപിസി ഹെബ്രോൺ ഗോസ്പൽ സെന്ററിൽ നടന്ന സമ്മേളനത്തിൽ പാസ്റ്റർ പി.സി. മാമ്മനാണ് പ്രയർ ലൈൻ ഔപചാരികമായി ഉദ്ഘാടനം നിർവഹിച്ചത്. എഫ്പിസിസി കൺവീനർ ഡോ. വില്ലി ഏബ്രഹാം അദ്ധ്യക്ഷനായിരുന്നു. നാഷണൽ പ്രയർ കോ-ഓർഡിനേറ്റർ പാസ്റ്റർ പി.വി. മാമ്മൻ ആമുഖ പ്രസ്താവന നടത്തി. ലോക്കൽ പ്രയർ കോ-ഓർഡിനേറ്റർമാരായ പാസ്റ്റർ ആൻഡ്രൂസ് കെ. ജോർജ്, പാസ്റ്റർ ബാബു കുമ്പഴ, ചാക്കോ തോമസ്, സിസ്റ്റർ ജോയ്സ് സ്റ്റീഫൻസൺ, സിസ്റ്റർ മിനി ജോൺസൻ എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു.

നാഷണൽ കൺവീനർ പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൻ തീം അവതരിപ്പിച്ചു.







ലോഗോയുടെ പ്രകാശനവും വെബ്സൈറ്റിന്റെ ഉദ്ഘാടനവും പാസ്റ്റർ ജോസഫ് കെ. ജോസഫ്, പാസ്റ്റർ എം.ജി. ജോൺസൺ എന്നിവർ നിർവഹിച്ചു. വിവിധ സബ് കമ്മിറ്റികളുടെ സമർപ്പണ പ്രാർത്ഥന പാസ്റ്റർ ജോൺ ടി. കുര്യൻ നടത്തി.

റവ. ജോർജ് മാത്യു പുതുപ്പള്ളി മുഖ്യാതിഥിയായിരുന്നു. നാഷണൽ ഭാരവാഹികളായ സെക്രട്ടറി സാം മാത്യു, ട്രഷറർ പ്രസാദ് ജോർജ്, ഇംഗ്ലീഷ് വിഭാഗം കൺവീനർ ഡോ. ജോനാഥൻ ജോർജ്, ലേഡീസ് കോ-ഓർഡിനേറ്റർ ജീന വിൽസൺ എന്നിവർ ഉൾപ്പെടെ നിരവധി സംസ്ഥാന പ്രതിനിധികൾ ഓൺലൈനിലൂടെ മീറ്റിംഗിൽ പങ്കെടുത്തു. നാഷണൽ കമ്മിറ്റിയംഗം ഷെറി ജോർജിന്റെ സാന്നിദ്ധ്യവും ഉണ്ടായിരുന്നു.

ലോക്കൽ കൺവീനർമാരായ ഡോ. ടൈറ്റസ് ഈപ്പൻ, പാസ്റ്റർ ജിജു ഉമ്മൻ, സെക്രട്ടറിമാരായ ഡോ. ബിജു ചെറിയാൻ, ജോൺ മത്തായി, ട്രഷറർമാരായ കെ.ഒ. ജോസ് സിപിഎ, വർഗീസ് സാമുവേൽ എന്നിവർ പ്രാദേശിക ക്രമീകരണങ്ങൾ ചെയ്തു.



## ലജ്ജയായതിൽ മാനം

(24-ാം പേജിൽനിന്നും)

സൽസ്വഭാവം, മാന്യമായ നടപ്പ് ഇവയെല്ലാം അടിസ്ഥാനമിട്ടു വളർത്തേണ്ട സ്ഥലം കുടുംബങ്ങൾ മാത്രമാകുന്നു. ഇന്ന് പൂർവ്വാധികം പെൺകുട്ടികൾ ഭവനത്തിനു പുറത്ത് സ്വാതന്ത്ര്യമായി ജീവിക്കാനുള്ള പ്രവണത വർദ്ധിച്ചിരിക്കയാണല്ലോ. പക്ഷേ, ഭവനത്തിന്നകത്തും ഭവനത്തിനു പുറത്തും അഭിമാനത്തോടെ ജീവിക്കാനുള്ള പരിജ്ഞാനവും ഉപദേശങ്ങളും മാതൃകകളും കാണിച്ചു മക്കളെ വളർത്തി വലുതാക്കി സമൂഹത്തിലേക്കയച്ചാൽ ലജ്ജിക്കേണ്ടി വരികയില്ല; ദുഃഖിക്കേണ്ടിവരികയില്ല എന്നു മാത്രമല്ല, അവരുടെ നല്ല ഭാവി കണ്ടു സന്തോഷിച്ചു സംതൃപ്തരാകാനും സാധിക്കും എന്നോർക്കുക. ഈ ലേഖനം അതിനു സഹായകമായി തീരട്ടെ! തിയതിനെ വെറുത്ത് നല്ലതു തെരഞ്ഞെടുക്കുക. ലോകത്തിന്റെ പുറകെ ഓടി, അന്യായവും ലജ്ജാകരവുമായ വിഷയങ്ങളെ അനുകരിച്ച് ദുഃഖത്തിലും നിരാശയിലും വഴുതി വീഴാതിരിപ്പാൻ ശ്രദ്ധിക്കുക. അതിനുള്ള ബുദ്ധി ദൈവം നല്കിയിട്ടുണ്ടല്ലോ?

# നേതാജിയുടെ മരണത്തീയതി പരാമർശിച്ചു; രാഹുലിനെതിരെ കേസെടുത്തു

കൊൽക്കത്ത: സുഭാഷ് ചന്ദ്ര ബോസിന്റെ ജന്മദിനം ആഘോഷിക്കുന്ന വേളയിൽ മരണ തീയതി പരാമർശിച്ചതിൽ ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിക്കെതിരെ കേസെടുത്ത് കൊൽക്കത്ത പോലീസ്. ഹിന്ദുത്വ ഗ്രൂപ്പായ അഖില ഭാരതീയ ഹിന്ദു മഹാസഭയുടെ പരാതിയിലാണ് തെക്കൻ കൊൽക്കത്തയിലെ ഭവാനിപുർ പോലീസ് രാഹുലിനെതിരെ എഫ്ഐആർ രജിസ്റ്റർ ചെയ്തത്.

ജനുവരി 23-നായിരുന്നു സുഭാഷ് ചന്ദ്ര ബോസിന്റെ ജന്മദിനം. അന്നേ ദിവസം രാഹുൽ ഗാന്ധി സമൂഹ മാധ്യമമായ എക്സിൽ പങ്കുവെച്ച കുറിപ്പിൽ നേതാജിയുടെ മരണ തീയതിയായി 1945 ഓഗസ്റ്റ് 18 എന്ന് കുറിച്ചിരുന്നു. രാഹുൽ മാപ്പ് പറയണമെന്ന് ആവശ്യപ്പെട്ട് തൃണമൂൽ കോൺഗ്രസ് നേതാക്കളും രംഗത്തെത്തിയിരുന്നു.



സുഭാഷ് ചന്ദ്ര ബോസിന്റെ ജനന തീയതി അറിയാമെങ്കിലും മരണ തീയതി ആർക്കും അറിയില്ലെന്നും അദ്ദേഹത്തിന്റെ തിരോധാനവുമായി ബന്ധപ്പെട്ട സങ്കടം എക്കാലവും നിലനിൽക്കുമെന്നും ആയിരുന്നു ബംഗാൾ മുഖ്യമന്ത്രി മമത ബാനർജിയുടെ പ്രതികരണം.

നേതാജിയുടെ തിരോധാനവുമായി ബന്ധപ്പെട്ട ദുരൂഹമായ കാര്യങ്ങൾ കോൺഗ്രസ് മറച്ചുവെക്കുകയാണെന്നും നേതാജി എവിടെയായിരുന്നുവെന്നോ ഇപ്പോൾ എവിടെയാണെന്നോ ഉള്ള കാര്യം കോൺഗ്രസ് മറച്ചുവെച്ചെന്നും തൃണമൂൽ കോൺഗ്രസ് നേതാവ് കുനാൽ ഘോഷും ആരോപിച്ചു.

രാഹുൽ ഗാന്ധി സുഭാഷ് ചന്ദ്ര ബോസിന്റെ മരണത്തീയതിയായി പങ്കുവെച്ച ഓഗസ്റ്റ് 18-നാണ് നേതാജിയുമായി വിയറ്റ്നാമിലെ ടൂറെയ്നിൽനിന്നു പുറപ്പെട്ട വിമാനം തായ്പേയിലെ തയ്ഹോക്കു വിമാനത്താവളത്തിൽനിന്ന് ഇന്ധനം നിറച്ച് പറന്നുയരവേ തകർന്നുവീണതായി പറയപ്പെടുന്നത്.

## ആദിവാസി സ്ത്രീയെ കൊന്ന

# നരഭോജി കടുവയെ ചത്ത നിലയിൽ കണ്ടെത്തി

മാനന്തവാടി: കടുവയുടെ ആക്രമണത്തിൽ ആദിവാസി സ്ത്രീക്കു ദാരുണാന്ത്യം. മാനന്തവാടി പിലാക്കാവ് പഞ്ചാരക്കൊല്ലി തറാട്ട് രാധ (47) ആണ് കൃഷിയിടത്തിൽ കൊല്ലപ്പെട്ടത്. ജനുവരി 24-ന് രാവിലെയാണു സംഭവം.

കുടുംബസുഹൃത്തിന്റെ തോട്ടത്തിൽ കാപ്പിക്കുരു പറിക്കാൻ പോകുന്നതിനിടെ പഞ്ചാരക്കൊല്ലി പ്രിയദർശിനി രണ്ടാം ബ്ലോക്കിലെ സ്വകാര്യ തോട്ടത്തിലാണു കടുവയുടെ ആക്രമണമുണ്ടായത്. വനത്തിൽ പതിവു പരിശോധന നടത്തുന്നതിനിടെ 24-ന് രാവിലെ പതിനൊന്നോടെ തണ്ടർബോൾട്ട് സംഘമാണു മൃതദേഹം കണ്ടത്.

കടുവ ആക്രമണത്തിൽ വൻ പ്രതിഷേധവുമായി നാട്ടുകാർ രംഗത്തെത്തി. വന്യമൃഗശല്യത്തിനു ശാശ്വത പരിഹാരം കാണണമെന്നും രാധയുടെ ബന്ധുക്കൾക്കു ന്യായമായ നഷ്ടപരിഹാരം നൽകണമെന്നും ആവശ്യപ്പെട്ട നാട്ടുകാർ മൃതദേഹം വനപ്രദേശത്തുനിന്നു മാറ്റുന്നതു തടഞ്ഞു. സ്ഥലത്തെത്തിയ മന്ത്രി ഒ.ആർ. കേളു പ്രദേശവാസികളുമായി സംസാരിച്ചതിനെത്തുടർന്ന് മൃതദേഹം വനത്തിൽനിന്നു മാറ്റി പ്രിയദർശിനി എസ്റ്റേറ്റ് ഓഫീസിലെത്തിച്ചു.

മൃതദേഹം പിന്നീട് വയനാട് ഗവ. മെഡിക്കൽ കോളജിലേക്കു മാറ്റി. മൃതദേഹം പോസ്റ്റ്മോർട്ടം നടത്തി 25-ന് സ്വവസതിയിൽ എത്തിച്ചു. രാവിലെ പത്തിനു പഞ്ചാരംകൊല്ലി പൊതുശ്മശാനത്തിൽ സംസ്കരിച്ചു. തലപ്പുഴ ഫോറസ്റ്റ് സ്റ്റേഷനിലെ താത്കാലിക വാച്ചർ അപ്പച്ചന്റെ ഭാര്യയാണു രാധ. അനിൽ, അനീഷ എന്നിവർ മക്കളാണ്.

അതിനിടെ, പഞ്ചാരക്കൊല്ലിയിലെ നരഭോജിക്കടുവയെ ചത്ത നിലയിൽ കണ്ടെത്തി. പിലാക്കാവ് ഭാഗത്താണ് കടുവയെ ചത്ത നിലയിൽ കണ്ടെത്തിയത്. കടുവയുടെ ശരീരത്തിൽ പരുക്കുകളുണ്ട്. കഴുത്തിൽ ആഴത്തിലുള്ള രണ്ട് മുറിവുകളുണ്ട്. കടുവയുടെ കാൽപ്പാടുകൾ പരിശോധിച്ചു പോയപ്പോഴാണ് ചത്ത നിലയിൽ കണ്ടെത്തിയത്. ജനുവരി 27-ന് പുലർച്ചെ രണ്ടരയോടെയാണ് കടുവയെ ചത്ത നിലയിൽ കണ്ടതെന്ന് വനംവകുപ്പ് മന്ത്രിയുടെ ഓഫീസ് അറിയിച്ചു. കടുവയുടെ ജഡം ബേസ് ക്യാംപിലേക്ക് എത്തിച്ചു. കാടിനുള്ളിൽ മാലിന്യങ്ങൾ നിക്ഷേപിക്കപ്പെട്ട സ്ഥലത്താണ് കടുവയെ ചത്ത നിലയിൽ കണ്ടെത്തിയത്. കടുവ മറ്റൊരു കടുവയുമായി ഏറ്റുമുട്ടിയാണ് ചത്തതെന്നാണ് സംശയം.

വനംവകുപ്പ് ഉദ്യോഗസ്ഥർ കണ്ടപ്പോൾ കടുവ അവശനിലയിലായിരുന്നു. ഇതോടെ മയക്കുവെടി വെക്കാനുള്ള ഉദ്യോഗസ്ഥരെ വരുത്തി. എന്നാൽ അവരെത്തി മയക്കുവെടിയ്ക്ക് തയാറെടുക്കുമ്പോഴേക്കും കടുവ ചത്തിരുന്നു. കടുവയുടെ ശരീരത്തിൽ മുറിപ്പാട് എങ്ങനെയുണ്ടായി എന്ന് സ്ഥിരീകരിക്കേണ്ടതുണ്ട്. പോസ്റ്റ്മോർട്ടം നടപടികൾ നടത്തും. കടുവയെ വെടിവെച്ചു കൊല്ലാൻ ചീഫ് വൈൽഡ് ലൈഫ് വാർഡൻ പ്രമോദ് ജി. കൃഷ്ണൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഡോ. അരുൺ സക്കറിയയുടെ നേതൃത്വത്തിലുള്ള ദൗത്യ സംഘം കടുവയ്ക്കായി കാടു കയറിയുള്ള പരിശോധന നടത്തുകയായിരുന്നു. ഇതിനിടെയാണ് കടുവ ചത്തത്.

# ഉത്തരാഖണ്ഡിൽ ഏകീകൃത സിവിൽ കോഡ്

റാഞ്ചി: ഉത്തരാഖണ്ഡിൽ ഏകീകൃത സിവിൽ കോഡ് (യുസിസി) ജനുവരി 27 മുതൽ നടപ്പാക്കും. ഇന്ത്യയിൽ ഏകീകൃത സിവിൽ കോഡ് നടപ്പാക്കുന്ന ആദ്യ സംസ്ഥാനമാകുകയാണ് ഉത്തരാഖണ്ഡ്.

കഴിഞ്ഞ വർഷമാണ് ഉത്തരാഖണ്ഡ് നിയമസഭ യുസിസി ബിൽ പാസാക്കിയത്. കഴിഞ്ഞ വർഷം തന്നെ രാഷ്ട്രപതി ബില്ലിന് അനുമതി നൽകി. കഴിഞ്ഞ ബുധനാഴ്ച സർക്കാർ ഇതുസംബന്ധിച്ച വിജ്ഞാപനമിറക്കി. ഏകീകൃത സിവിൽ കോഡ് നിലവിൽ വരുന്നതോടെ വിവാഹം, വിവാഹമോചനം, സ്വത്തവകാശം, പിൻതുടർച്ചാവകാശം മുതലായവയിൽ സംസ്ഥാനത്തെ എല്ലാവർക്കും ഒറ്റ നിയമമാകും. സംസ്ഥാനത്തിന് പുറത്ത് താമസിക്കുന്ന ഉത്തരാഖണ്ഡുകാരും നിയമത്തിന്റെ പരിധിയിൽ വരും. എന്നാൽ, ആദിവാസികളെയും ചില പ്രത്യേക സമുദായത്തെയും നിയമത്തിന്റെ പരിധിയിൽനിന്നു നിലവിൽ ഒഴിവാക്കിയിട്ടുണ്ട്.

# അവാർഡ് സമ്മാനിച്ചു

(20-ാം പേജിൽനിന്നും)

ചില സ്പോർട്സ് പ്രേമികളുടെ സ്പോൺസർഷിപ് മൂലവുമാണ് ക്ലബിന്റെ പ്രവർത്തനം മുമ്പോട്ടു പോകുന്നത്. ഓരോ വിഭാഗത്തിലുമുള്ള സ്പോർട്സ് ടീം അംഗങ്ങളിൽ കൂടുതൽ പേരും വിദ്യാർത്ഥികൾ ആയതിനാൽ അവരെ മറ്റു സംസ്ഥാനങ്ങളിൽ നടക്കുന്ന മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് കൊണ്ടുപോകുക എന്നത് ചെലവേറിയ സംഗതികളാണ്. എന്നാലും ഈ സ്പോർട്സ് ക്ലബ് സാരഥികൾ ഏതെങ്കിലും വിധേന പണം സ്വരൂപിച്ച് മിക്കവാറും എല്ലാ മത്സരങ്ങളിലേക്കും ടീമുകളെ എത്തിക്കുവാൻ ശ്രമിക്കാറുണ്ട്. കഴിഞ്ഞ നാല് വർഷമായി ന്യൂയോർക്ക് മലയാളി സ്പോർട്സ് ക്ലബിന്റെ പ്രസിഡണ്ടായി പ്രവർത്തിക്കുന്ന സജി തോമസ് അവാർഡ് സ്വീകരിച്ചതിനു ശേഷം പറഞ്ഞു. ഇത്തരം പ്രോത്സാഹന അവാർഡുകൾ അവർക്ക് എപ്പോഴും പ്രചോദനമാകട്ടെ. യുവജനങ്ങളെ നല്ല രീതിയിലേക്ക് നയിക്കുവാനുള്ള അവരുടെ ശ്രമങ്ങൾ ഇനിയും കൂടുതൽ ഫലപ്രാപ്തിയിലേക്ക് എത്തട്ടെയെന്ന് ആശംസിക്കാം. ഈ രീതിയിൽ നല്ലൊരു പുതുതലമുറയെ വാർത്തെടുക്കുവാൻ ഇതുപോലുള്ള സ്പോർട്സ് ക്ലബുകൾക്ക് സാധിക്കട്ടെ. ECHO പോലുള്ള സാമൂഹിക ചാരിറ്റി സംഘടനകൾക്ക് ഇത്തരം പ്രവൃത്തി ചെയ്യുന്നവരെ ഇനിയും പ്രോത്സാഹിപ്പിക്കുവാൻ അവസരങ്ങൾ ഉണ്ടാകട്ടെ യെന്നും ആശിക്കാം.

# റാണയെ ഇന്ത്യക്ക് കൈമാറും

(ഒന്നാം പേജിൽ നിന്നും)

കീഴ്ക്കോടതി ഉത്തരവിനെതിരെ റാണ യുഎസ് സുപ്രീം കോടതിയെ സമീപിച്ചിരുന്നു. യുഎസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപ് അധികാരത്തിൽ വന്ന് തൊട്ടടുത്തദിവസം തന്നെയായിരുന്നു നിർണായകമായ വിധി. റാണയെ വിട്ടു കിട്ടണമെന്ന ആവശ്യം കഴിഞ്ഞവർഷം യുഎസ് സർക്കാർ അംഗീകരിച്ചിരുന്നു. കീഴ്ക്കോടതി ഉത്തരവ് പ്രതികൂലമായതോടെയാണ് റാണ യുഎസ് സുപ്രീംകോടതിയിൽ പുനഃപരിശോധനാ ഹർജി നല്കിയത്. ഒരു കുറ്റത്തിന് ഒരാളെ രണ്ടുതവണ വിചാരണ ചെയ്യുന്നത് നിയമവിരുദ്ധമാണെന്നായിരുന്നു വാദം. എന്നാൽ ഇന്ത്യക്ക് കൈമാറുന്നതിൽനിന്ന് ഇളവ് ലഭിക്കാൻ റാണയ്ക്ക് അർഹതയില്ലെന്ന യുഎസ് സോളിസിറ്റർ ജനറലിന്റെ നിലപാടാണ് സുപ്രീംകോടതിയിൽ നിർണായകമായത്. മുമ്പ് പാക് സൈന്യത്തിൽ ഡോക്ടറായി റാണ സേവനമനുഷ്ഠിച്ചിരുന്നു. മുംബൈ ആക്രമണത്തെക്കുറിച്ച് ഇയാൾക്ക് മുൻകൂട്ടി വിവരം ലഭിച്ചിരുന്നുവെന്നാണ് അന്വേഷണ ഉദ്യോഗസ്ഥർ പറയുന്നത്.

# ഡോ. ബാബു സ്റ്റീഫൻ ചെയർമാൻ

(ഒന്നാം പേജിൽ നിന്നും)

എക്സിക്യൂട്ടീവ് യോഗത്തിൽ പ്രസിഡണ്ട് തോമസ് മൊട്ടക്കൽ, സെക്രട്ടറി ജനറൽ ദിനേശ് നായർ, ട്രഷറർ ഷാജി എം. മാത്യു, വൈസ് പ്രസിഡണ്ട് (അഡ്മിൻ) ജെയിംസ് കൂടൽ (യുഎസ്എ), സെക്രട്ടറിമാരായ സണ്ണി വെളിയത്ത്, കെ. വിജയചന്ദ്രൻ, ഡോ. തങ്കം അരവിന്ദ്, ഡോ. ഷിബു സാമുവേൽ, ബ്ലെസ്സൻ മണ്ണിൽ തുടങ്ങി വിവിധ രാജ്യങ്ങളിൽ നിന്നുള്ള ഭരണസമിതി അംഗങ്ങൾ ചേർന്ന് ഭാരവാഹികളെ തെരഞ്ഞെടുത്തു. മുപ്പതാം വർഷത്തിലേക്ക് കടക്കുന്ന സംഘടനയുടെ ആഗോള സമ്മേളനം വിപുലമായ രീതിയിൽ നടത്താനുള്ള ഒരുക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്.


SUBSCRIPTION FORM

I.D. # ________ Date ________ Expiration Date ________

Name ________

Address ________

City ________ State ________ Zip ________

Phone: ________ Email: ________

Signature: ________

- ❑ Enclosing $ 200.00 for five years.
- ❑ Enclosing my subscription of $ 54.00 for one year.
- ❑ Enclosing my subscription of $99.00 for two years.
- ❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ________

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ________

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

Subscription fee non-refundable



# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by, All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com

# ARACKAL VACATION HOME

**UZHAVOOR, KOTTAYAM, KERALA**



5 BEDROOMS (3 BR A/C), 6 BATHROOMS
LIVING, DINING & KITCHEN
READY TO OCCUPY FOR WEEKLY OR MONTHLY RENT
UZHAVOOR CHURCH & PARTY HALL NEARBY

FOR BOOKING:
USA: RAJU ARACKAL
@ 404 567 9189
INDIA: JOBIN MATHEW
@ 9961605244
EMAIL: JOBIONMATHEW@YAHOO.COM

# Grace CONVENTION CENTER

Punnamoodu, Mavelikara




DESTINATION Wedding Package in KERALA

**Rate : $ 25,000 /- (Dollars Only)**

(This package Includes 500 pax - guest)

| SERVICES | EVENTS |
|---|---|
| PHOTOGRAPHY | WEDDING PLANNING, |
| STAGE DECORATION | ENGAGEMENT |
| CATERING SERVICE: (Kerala sadhya, Christian Meals, Dum Biriyani, North Indian Food) | FUNERAL SERVICE, |
| FUSION, TALLMAN SECURITY, | BETROTHAL, BAPTISM, |
| PREMIUM CARS, ENTERTAINMENT | BIRTHDAY PARTIES, |
| CHURCH CHOIR, ANCHORING | HOUSE WARMING, |
| LED WALL, LIVE STREAMING | BUSINESS CONFERENCE |
| | GET TOGETHER Etc; |



TOLL FREE 1800-572-5667
FOLLOW US NOW
+91 9188751000
+91 9633949676,+91 8547805929
info@graceconventioncenter.com
www.graceconventioncenter.com
For Location And Feedback
Kindly scan the QR

GRACE CONVENTION CENTER
Celebrate your Dreams with Us

# Kerala's Best Senior Living options from Travancore Foundation

Since 2009, Travancore Foundation has been providing quality Senior Care in the state of Kerala.

We are proud to offer you choicest locations where the finest Quality Senior Living space with unmatched Senior care services in Kerala.

15 Years of Serving Seniors

## Experience the difference

SENIOR CARE AT ITS BEST




OTHER PROJECTS


Mission Valley, Karukachal, Kottayam


Rahel Homes, Kolencherry, Erakulam


Persidency Homes, Erakulam

TRAVANCORE FOUNDATION®
Senior Care at its Best

Gramika Initiatives LLP

FOR DETAILS PLEASE CONTACT


Mr. Jiji Philip
CEO
+91 95447 17070


Mr. Joy Kuttiyani
Vice Chairman
954-708-6614

E-mail: info@travancorefoundation.com • www.travancorefoundation.com


Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**